# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊണ്ടോട്ടി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in
ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം-25/196/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 28/02/2024
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊണ്ടോട്ടി മുനിസിപ്പാലിറ്റി

സർ,

**വിഷയം : കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (AIMS മുഖേന)
2) ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഇ.മെയിൽ )
3) റീജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട് (ഇ.മെയിൽ )
4) കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.എം.പി.എം-25/196/2024 തീയ്യതി: 28/02/2024

## മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-03-2023 മുതൽ 31-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-01-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സതീഷ് മാവേലി പുത്തൻവീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 15-01-2024 | 25-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-01-2024 | 25-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1)ശ്രീ. ദിനേശൻ. എം,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
2)ശ്രീമതി.അസീന.എ.പി, അസി.ഓഡിറ്റ് ഓഫീസർ
3)ശ്രീമതി. ശംസിയ.കെ,സീനിയർ ഗ്രേഡ് ഓഡിറ്റർ.
4)ശ്രീ. മുഹമ്മദ് നൗഷാദ് എ.കെ, ഓഡിറ്റർ.
5)ശ്രീമതി. ഹസീന.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.സി.ടി.ഫാത്തിമത്ത് സുഹറാബി | ചെയർപേഴ്സൺ | 01-04-2022 | 31-03-2023 |
| ശ്രീമതി.അനുപമ.ടി | സെക്രട്ടറി | 01-04-2022 | 12-09-2022 |
| ശ്രീമതി.സീന.എച്ച് | സെക്രട്ടറി | 13-09-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.അനീസ്.സി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീ.ശിവൻ.പി | ഹെൽത്ത് ഓഫീസർ ഗ്രേഡ്1 | 01-04-2022 | 19-11-2022 |
| ശ്രീ.അശോകൻ.ടി.കെ | ഹെൽത്ത് ഓഫീസർ ഗ്രേഡ് 1 | 20-11-2022 | 30-11-2022 |
| ശ്രീ.വേലായുധൻ.കെ | ഹെൽത്ത് ഓഫീസർ ഗ്രേഡ്1 | 01-12-2022 | 31-03-2023 |
| ശ്രീ.ബാബു സക്കീർ.പി | കൃഷി ഓഫീസർ | 01-04-2022 | 07-10-2022 |
| ശ്രീ.മൃദുൽ വിനോദ് | കൃഷി ഓഫീസർ | 08-10-2022 | 03-01-2023 |
| ശ്രീമതി .ഹസീന ഹസ്സൻ കുഞ്ഞി | കൃഷി ഓഫീസർ | 04-01-2023 | 09-02-2023 |
| ശ്രീമതി.ഇസ്ന കരിമ്പൻ | കൃഷി ഓഫീസർ | 10-02-2023 | 31-03-2023 |
| ശ്രീമതി.സിന്ധു.സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ഷെബിൻ.പി.എ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2022 | 22-06-2022 |
| ഡോ.നൗഫൽ പനക്കൽ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 23-06-2022 | 23-08-2022 |
| ഡോ.ഷീജ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 23-08-2022 | 31-03-2023 |
| ഡോ.സോണി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.സുജാത.കെ | മെഡിക്കൽ ഓഫീസർ(താലൂക്ക് ഹോസ്പിറ്റൽ) | 01-04-2022 | 31-03-2023 |
| ഡോ.ലേഖ ചാക്കോ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.റോയിച്ചൻ ഡൊമിനിക് | പ്രിൻസിപ്പാൾ | 01-04-2022 | 31-03-2023 |
| ശ്രീ.നൗഷാദ് ജലീൽ | ഡയറി ഓഫീസർ | 01-04-2022 | 23-09-2022 |
| ശ്രീ.ബിബു സുധാകർ | ഡയറി ഓഫീസർ | 24-09-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | വാർഷിക കണക്കിൽ തുകകൾ പൂർണ്ണ രൂപയിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-1-2 |
| 4 | ബാങ്ക് അക്കൗണ്ടുകൾ എല്ലാ മാസവും റീകൺസലിയേഷൻ നടത്തുന്നില്ല | 1-1-3 |
| 5 | ബാങ്ക് റീ കൺസീലിയേഷൻ പത്രികകൾ ഹാജരാക്കിയില്ല. | 1-1-4 |
| 6 | റീകണസീലിയേഷനു ശേഷവും ബാങ്ക് പാസ്സ്ബുക്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | Directly Debited By Bank -തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു. | 1-1-6 |
| 8 | Directly Credited By Bank തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു. | 1-1-7 |
| 9 | ബാങ്ക് ബുക്കുകൾ ഹാജരാക്കിയില്ല. | 1-1-8 |
| 10 | അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-9 |
| 11 | ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-10 |
| 12 | ACR, AFS എന്നിവയിൽ ചെലവ് തുകയിൽ വ്യത്യാസം | 1-1-11 |
| 13 | ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-1-12 |
| 14 | ആസ്തി രജിസ്റ്റർ -കാലികമാക്കിയിട്ടില്ല. | 1-1-13 |
| 15 | രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-14 |
| 16 | ക്ഷേമപെൻഷൻ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-15 |
| 17 | നിക്ഷേപങ്ങളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. | 1-1-16 |
| 18 | Excess Of Income Over Expenditure തുകയിൽ വ്യത്യാസം | 1-1-17 |
| 19 | ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം എഴുതി തയ്യാറാക്കിയിട്ടില്ല | 1-1-18 |
| 20 | റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-19 |
| 21 | തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ് ബുക്ക് ചെയ്തത് ക്രമപ്രകാരമല്ല | 1-1-20 |
| 22 | ബജറ്റ് | 1-2 |
| 23 | സാമ്പത്തിക വിശകലനം | 1-3 |
| 24 | ഫണ്ട് വിനിയോഗം - എ.സി.ആർ പ്രകാരം | 1-4 |
| 25 | പദ്ധതി അവലോകനം | 1-5 |
| 26 | തൊഴിലുറപ്പ് (AUEGS) | 1-6 |
| 27 | ക്ഷേമപദ്ധതികൾ | 1-7 |
| 28 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 30 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 31 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ -അവലോകനം | 1-11 |
| 32 | തനത് വരുമാനം -അവലോകനം | 1-12 |
| 33 | അക്കൗണ്ട് ചെയ്യാതെ പണം പിൻവലിച്ചു. | 1-13 |
| 34 | തൊഴിൽ നികുതി -അപാകതകൾ | 1-14 |
| 35 | വിനോദനികുതി പിരിവിലെ അപാകതകൾ. | 1-15 |
| 36 | പെട്രോൾ പമ്പ്- ലൈസൻസ് ഫീസ് അപാകതകൾ | 1-16 |
| 37 | വാർത്താ വിനിമയ ഗോപുരങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, നികുതി നിർണ്ണയം-അപാകതകൾ | 1-17 |
| 38 | രജിസ്റ്റർ ചെയ്യാതെ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-18 |
| 39 | നഗരസഭ ലൈസൻസില്ലാതെയും വിനോദ നികുതി അടവാക്കാതെയും സിനിമ തിയേറ്റർ പ്രവർത്തിച്ചത്- തുടർനടപടികൾ സ്വീകരിക്കുന്നില്ല | 1-19 |
| 40 | വാടക വരവ് രജിസ്റ്ററുകളും രേഖകളും പൂർണ്ണ വിവരങ്ങൾ ചേർത്ത് സൂക്ഷിക്കുന്നില്ല- | 1-20 |

| | | |
|---|---|---|
| | അപാകതകൾ | |
| 41 | ബസ് സ്റ്റാന്റ് ഫീസ് പിരിവ് രേഖകൾ സൂക്ഷിപ്പ് - അപാകതകൾ | 1-21 |
| 42 | മാർക്കറ്റ് ഫീസ് കളക്ഷൻ -അപാകതകൾ | 1-22 |
| 43 | കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ്-അപാകതകൾ | 1-23 |
| 44 | പാഴ് വസ്തുക്കളുടെ വിൽപ്പന-രേഖകൾ ലഭ്യമാക്കിയില്ല. | 1-24 |
| 45 | കെട്ടിട പെർമിറ്റ്/ക്രമവൽക്കരണം സംബന്ധിച്ച രജിസ്റ്റർ–അപാകതകൾ | 1-25 |
| 46 | ബസ് സ്റ്റാൻഡ് ടി.വി പരസ്യം, ബസ് സ്റ്റോപ്പ് പരസ്യം, തെങ്ങുകളുൽ നിന്നുള്ള മേലാദായം, മറ്റ് ലേലം അപാകതകൾ | 1-26 |
| 47 | UA നമ്പർ അനുവദിച്ച കെട്ടിടത്തിൽ വ്യാപാര സ്ഥാപനം പ്രവർത്തിക്കുന്നത് സംബന്ധിച്ച് | 1-27 |
| 48 | മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല | 1-28 |
| 49 | വിവിധ രജിസ്റ്ററുകളുടെ പരിപാലനം - ന്യൂനതകൾ | 1-29 |
| 50 | സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയത്- ഗ്രാമലക്ഷ്മി മുദ്രാലയത്തിന് കുടിശ്ശിക അടവാക്കുന്നു | 1-30 |
| 51 | താൽക്കാലിക ജീവനക്കാരുടെ ഇ.പി.എഫ് സബ്സ്ക്രിപ്ഷൻ - യഥാസമയം അടവാക്കിയില്ല - വലിയ പിഴ അടവാക്കി. | 1-31 |
| 52 | വാഹന പരിപാലനം - VEELS സോഫ്റ്റ് വെയറിൽ വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നില്ല | 1-32 |
| 53 | വാഹനങ്ങളുടെ ലോഗ് ബുക്ക് പരിപാലനം - അപാകതകൾ | 1-32-1 |
| 54 | വിവിധ ഏജൻസികൾക്ക് വിഹിതം നൽകിയത്- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-33 |
| 55 | ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല | 1-34 |
| 56 | PMAY(നഗരം)/ ലൈഫ് ഭവന പദ്ധതി- ധനസഹായം കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-35 |
| 57 | അമൃത് കുടിവെള്ള പദ്ധതി – തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്. | 1-36 |
| 58 | വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല | 1-37 |
| 59 | കുടുംബശ്രീ വനിതകൾക്ക് കുറ്റിക്കുരുമുളക്- അപാകതകൾ | 1-38 |
| 60 | കോക്ലിയാർ ഇംപ്ലാന്റ് - വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ് | 1-39 |
| 61 | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള മുഴുവൻ മരുന്നുകളും ലഭ്യമായില്ല. | 1-40 |
| 62 | മെൻസ്ട്രൽ കപ്പ് വാങ്ങൽ - അപാകതകൾ | 1-41 |
| 63 | ഡയാലിസിസ് മെഷീൻ,അനുബന്ധ ഉപകരണങ്ങൾ–ഉപയോഗപ്രദമാക്കുന്നത് സംബന്ധിച്ച് | 1-42 |
| 64 | അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കേണ്ടതാണ്. | 1-43 |
| 65 | മൃഗാശുപത്രികൾക്ക് ഇൻവെർട്ടർ വാങ്ങൽ – സ്റ്റോക്ക് അപാകതകൾ | 1-44 |
| 66 | SC വിദ്യാർത്ഥികളായ ആൺ കുട്ടികൾക്ക് ലാപ്ടോപ്പ്-അപാകത | 1-45 |
| 67 | മരണ ശേഷവും പെൻഷൻ അനുവദിച്ചു. | 1-46 |
| 68 | വട്ടപ്പറമ്പ് കുടിവെള്ള പദ്ധതി - പഴയ മോട്ടോറിന്റെ വിനിയോഗം വ്യക്തമല്ല. | 1-47 |
| 69 | ടെണ്ടർ ഫീ തനത് ഫണ്ട് അക്കൗണ്ടിലേക്ക് നിശ്ചിത ഇടവേളകളിൽ മാറ്റേണ്ടതാണ്. | 1-48 |
| 70 | ഹരിത കർമ്മ സേന അവലോകനം | 1-49 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം. | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം. | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ. | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 03.07.2023 തീയതിയിലെ 9 നം. തീരുമാനം പ്രകാരം അംഗീകരിച്ച് 29.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ് ചട്ടങ്ങൾ), കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനുവൽ അധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭസ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി & എജി ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലികാ സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**സ്ഥലം : മലപ്പുറം** **ജില്ലാ ഓഡിറ്റ് കാര്യാലയം,**

**തീയതി :** **കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

### 1-1-1 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 58(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 58(2)(എഫ്)പ്രകാരമുള്ള അനുപാതങ്ങൾ,58(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 വാർഷിക കണക്കിൽ തുകകൾ പൂർണ്ണ രൂപയിൽ രേഖപ്പെടുത്തിയിട്ടില്ല.

അക്കൗണ്ട്സ് റൂളിലെ, ചട്ടം 62(4) പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ തുകകൾ പൂർണ്ണ രൂപയിലാണ് രേഖപ്പെടുത്തേണ്ടത്. ചില തുകകൾ അംശമായും രേഖപ്പെടുത്തിയിട്ടുണ്ട് (ഉദാ. B-1,B-17).

### 1-1-3 ബാങ്ക് അക്കൗണ്ടുകൾ എല്ലാ മാസവും റീകൺസലിയേഷൻ നടത്തുന്നില്ല

ബാങ്ക് റീകൺസീലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 03/2023 ലെ റികൺസീലിയേഷൻ പത്രികകൾ മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളത് ( ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.) എല്ലാ മാസവും എല്ലാ ബാങ്ക്/ട്രഷറി അക്കൗണ്ടുകളും ബാങ്ക് ബുക്കുകളുമായി റിക്കൺസിലിയേഷൻ നടത്തി അക്കൗണ്ട്സ് ഓഫീസറും സെക്രട്ടറിയും സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. (കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2007 ചട്ടം 54)

## 1-1-4 ബാങ്ക് റീ കൺസീലിയേഷൻ പത്രികകൾ ഹാജരാക്കിയില്ല.

ചുവടെ ചേർത്ത അക്കൌണ്ടുകളുടെ 31.03.23 ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് / ബാങ്ക് റീ കൺസീലിയേഷൻ പത്രികകൾ ലഭ്യമാക്കാത്തതിനാൽ RP 40(b) യിൽ ചേർത്തിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

| ക്രമനമ്പർ | അക്കൌണ്ട് | ലഭ്യമാക്കാത്ത പത്രിക |
|---|---|---|
| 1 | 40201100106457-KGB Bank | റികൺസീലിയേഷൻ പത്രിക |
| 2 | 266605000292 ICICI Bank | റികൺസീലിയേഷൻ പത്രിക |
| 3 | 090081201000081 MDC | ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 4 | 40201100107404 KGB (Hariyali-1) | റികൺസീലിയേഷൻ പത്രിക |
| 5 | 266605500082 NULM ICICI | റികൺസീലിയേഷൻ പത്രിക & ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 6 | 40201100107406 KGB (Hariyali-2) | റികൺസീലിയേഷൻ പത്രിക |
| 7 | KGB NDP 40201101046869 | റികൺസീലിയേഷൻ പത്രിക |
| 8 | KGB CA 40201110100045 | റികൺസീലിയേഷൻ പത്രിക |
| 9 | HDFC Own Fund-50100215625441 | റികൺസീലിയേഷൻ പത്രിക |
| 10 | SBT TSC KDT-57031721774 | റികൺസീലിയേഷൻ പത്രിക |
| 11 | KGB AUEGS-40252101023044 | റികൺസീലിയേഷൻ പത്രിക |
| 12 | ICICI PMAY-266601000541 | റികൺസീലിയേഷൻ പത്രിക |
| 13 | SBT SSA-67033167771 | റികൺസീലിയേഷൻ പത്രിക |
| 14 | ICICI Property Tax-266601000667 | റികൺസീലിയേഷൻ പത്രിക |
| 15 | Co Operative Bank Own Fund-0020050000424 | റികൺസീലിയേഷൻ പത്രിക |
| 16 | KGB TSC NDP-40201100106457 | റികൺസീലിയേഷൻ പത്രിക |
| 17 | CANARA NULM 110005567652 | റികൺസീലിയേഷൻ പത്രിക |
| 18 | Post Office Savings Bank | ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 19 | Nationalised Banks Specials Funds 9 | ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 20 | ICICI NULM 266601000745 | ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 21 | KSCB LITERACY (KDT) LOAN A/C 1 | ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 22 | MDCB Plan Imprest (KDT)090081201000036 | ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 23 | Vijaya OAP NDP 68920100007318 | ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 24 | Syndicate Bank(kdt Mgnrega) | ബാങ്ക് സ്റ്റേറ്റ്മെന്റ് |
| 25 | ICICI PMAY 266605500081 | ബാങ്ക് സ്റ്റേറ്റ്മെന്റ് |

## 1-1-5 റീകണസീലിയേഷന ശേഷവും ബാങ്ക് പാസ്സ്ബുക്ക് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടുകൾ റികൺസിയൽ ചെയ്യതിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | അക്കൗണ്ട് നമ്പർ | റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2023 ന് Total (Add-Less) ചെയ്ത തുക (നീക്കിയിരുപ്പ്) | 31.03.2023 ന് ബാങ്ക് സ്റ്റേറ്റ്മെന്റിലെ നീക്കിയിരുപ്പ് | വ്യത്യാസം |
|---|---|---|---|---|
| 1 | 3153101009400-Canara Own Fund | 6367687 | 6357187 | 10500 |
| 2 | ICICI E Payment -266601000539 | 710204 | 715931 | 5727 |
| 3 | Kondotty Service Co-Operative | 21403733 | 22140945 | 737212 |

| | | | | |
|---|---|---|---|---|
| | Bank-0020050003401 | | | |

### 1-1-6 Directly Debited By Bank -തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

2023 മാർച്ചിലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിച്ചിട്ടില്ല.

| അക്കൌണ്ട് | അക്കൌണ്ട് നമ്പർ | ആകെ തുക | റിമാർക്സ് |
|---|---|---|---|
| KSCB Own Fund | 00200500003401 | 11948538 | 31.03.2015മുതൽ ക്രമീകരിക്കാൻ അവശേഷിക്കുന്നു |
| ICICI E Payment | 266601000539 | 2083625 | 06.04.2018 മുതൽ |
| CANARA Own Fund | 3153101009400 | 1130503 | 04.04.2017 മുതൽ |
| Axis Bank Own Fund | 917010069258367 | 1020421.80 | 28.03.2018 മുതൽ |
| Axis Bank | 921010010189730 | 1762226 | 02.04.2022 മുതൽ |

### 1-1-7 Directly Credited By Bank തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നു.

2023 മാർച്ചിലെ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പ്രകാരം Directly Credited By Bank ആയി ചേർത്ത ചുവടെ ചേർത്ത തുകകൾ ക്രമീകരിച്ചിട്ടില്ല.

| അക്കൌണ്ട് | അക്കൌണ്ട് നമ്പർ | ആകെ തുക | റിമാർക്സ് |
|---|---|---|---|
| KSCB Own Fund | 00200500003401 | 12441119 | 22.02.2016മുതൽ ക്രമീകരിക്കാൻ അവശേഷിക്കുന്നു |
| ICICI E Payment | 266601000539 | 1116420 | 20.06.2018 മുതൽ |
| CANARA Own Fund | 3153101009400 | 2290379 | 05.04.2017 മുതൽ |
| Axis Bank Own Fund | 917010069258367 | 1427494 | 31.03.2018 മുതൽ |
| SIB Profession Tax | 0476053000012380 | 1749574 | 24.05.2022 മുതൽ |
| LGTSB | 799013000000721 | 14867 | 20.04.2022 മുതൽ |

### 1-1-8 ബാങ്ക് ബുക്കുകൾ ഹാജരാക്കിയില്ല.

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2007 ചട്ടം5,6,54എന്നിവ പ്രകാരം ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ സൂക്ഷിക്കേണ്ടതും ദിനം പ്രതി ക്ലോസ് ചെയ്ത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ക്യാഷ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ചില അക്കൗണ്ടുകളുടെ ബാങ്ക് ബുക്കുകൾ ലഭ്യമാക്കിയെങ്കിലും ആയത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ബാങ്ക് ബുക്കുകൾ ലഭ്യമാക്കാത്ത അക്കൗണ്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | അക്കൌണ്ട് |
|---|---|
| 1 | ICICI Property Tax -266601000667 |
| 2 | KGB CA-40201110100045 |
| 3 | KGB TSC NDP 40201100106457 |
| 4 | Nationalised Banks Grant Funds-1 |
| 5 | Nationalised Banks Grant Funds-9 |
| 6 | Post Office Savings Bank |
| 7 | NULM Fund ICICI Bank 266605500082 |
| 8 | MDCB Plan Imprest (KDT)090081201000036 |
| 9 | 090081201000081 MDC |
| 10 | Sub Treasury (MN Laksham Veedu) |

| | |
|---|---|
| 11 | Syndicate Bank(kdt Mgnrega) |
| 12 | SBT SSA 67033167771 |

**1-1-9 അഡ്വാൻസ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വാർഷിക സംഗ്രഹം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ B-18-ഷെഡ്യൂളിലെ തുകകളുമായി ഒത്തു നോക്കാൻ സാധിച്ചിട്ടില്ല.

**1-1-10 ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

ഡെപ്പോസിറ്റ് രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ B 7 തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-1-11 ACR, AFS എന്നിവയിൽ ചെലവ് തുകയിൽ വ്യത്യാസം**

ചുവടെ കൊടുത്ത ഗ്രാന്റുകളുടെ ചെലവ് തുക വാർഷിക കണക്ക്, എ സി ആർ എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക കണക്ക് പ്രകാരം | എ സി ആർ പ്രകാരം |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 52749753 | 45604251 |
| വികസന ഫണ്ട് (എസ് സി പി) | 27720402 | 26660402 |
| MG (Road) | 8907395 | 15820480 |
| MG (Non- Road) | 6136324 | 8599300 |
| CFC (Tied) | 14102185 | 15947430 |
| CFC (Un-Tied) | 6054141 | 11881216 |

**1-1-12 ലോൺ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.**

1)ലോൺ രജിസ്റ്റർ ലഭ്യമാക്കാത്തതിനാൽ B-5, B-6 എന്നിവയിലെ നീക്കിയിരിപ്പായി അവശേഷിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) B-6 ഷെഡ്യൂളിൽ വായ്പ ഇനത്തിൽ 2021-22 വർഷം തിരിച്ചടവാക്കാനായി അവശേഷിച്ച തുകയാണ് (2040000 രൂപ) തൻവർഷത്തിലും തിരിച്ചടവാക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നത്. കൊണ്ടോട്ടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ സൂക്ഷിച്ചിരിക്കുന്ന തനത് ഫണ്ട് അക്കൗണ്ടിലെ തൻവർഷത്തെ പിൻവലിക്കലുകൾ പരിശോധിച്ചതിൽ 1152684/- രൂപ ബാങ്ക് നേരിട്ട് വായ്പാതിരിച്ചടവ് ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. ഈ തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ലോൺ രജിസ്റ്റർ ഹാജരാക്കാത്തതിനാൽ അക്കൗണ്ടിൽ നിന്നും ഡെബിറ്റ് ചെയ്ത മേൽ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

**1-1-13 ആസ്തി രജിസ്റ്റർ -കാലികമാക്കിയിട്ടില്ല.**

മുനിസിപ്പാലിറ്റിയുടെ മുഴവൻ ആസ്തികളുടെയും മൂല്യം കണക്കാക്കി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

**1-1-14 രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.**

1).Entertinement Tax,Advertisement Tax,Profession Tax എന്നിവയുടെ ഡിമാന്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
2)ഓഡിറ്റ് റിക്കവറി ഇനത്തിൽ 115232/- രൂപയുടെ വരവ് ഉള്ളതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ കൃത്യത പരിശോധിക്കാനായിട്ടില്ല.

**1-1-15 ക്ഷേമപെൻഷൻ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.**

വിവാഹ ധനസഹായമിനത്തിൽ 2022-23 വർഷം 6ഗുണഭോക്താക്കൾക്കായി 180000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക വാർഷിക കണക്ക് I- 14 ൽ ഉൾപ്പെടുത്തിയിട്ടില്ല.(File No-C1-1524/17)

**1-1-16 നിക്ഷേപങ്ങളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.**

1)നെടിയിരിപ്പ് സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിലുള്ള Fixed Deposit ന് 2021-22 വർഷത്തെ നീക്കിയിരിപ്പ് (527514 രൂപ) തന്നെയാണ് 22-23 വർഷത്തെ നീക്കിയിരിപ്പായി ചേർത്തിട്ടുള്ളത്. നിക്ഷേപ സർട്ടിഫിക്കറ്റ് പ്രകാരം 560484/- രൂപയുടെ നീക്കിയിരിപ്പാണുള്ളത്. പലിശയിനത്തിൽ ലഭ്യമായ തുക നീക്കിയിരിപ്പിൽ ഉൾപ്പെടുത്തിയിട്ടില്ല.

2) B-12 ഷെഡ്യൾ പ്രകാരം Equity Share ആയി 102000രൂപയുടെ നീക്കിയിരിപ്പുണ്ട്. ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ / നിക്ഷേപ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കാത്തതിനാൽ തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

### 1-1-17 Excess Of Income Over Expenditure തുകയിൽ വ്യത്യാസം

B1 Schedule ലെ Excess Of Income Over Expenditure മുൻവർഷത്തെ നീക്കിയിരിപ്പ്, തൻവർഷത്തെ ലെഡ്ജർ/ ട്രയൽ ബാലൻസ് മുന്നിരിപ്പ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

| | |
|---|---|
| മുൻവർഷത്തെ നീക്കിയിരിപ്പ് | 29234855 |
| തൻവർഷത്തെ മുന്നിരിപ്പ് | 26921187 |

### 1-1-18 ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം എഴുതി തയ്യാറാക്കിയിട്ടില്ല

ലൈസൻസ് രജിസ്റ്റർ, പെർമിറ്റ് രജിസ്റ്റർ, സ്വകാര്യ ആശുപത്രി/പാരാമെഡിക്കൽ സ്ഥാപന രജിസ്റ്റർ, ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ, വാടക രജിസ്റ്റർ, License Fees Under PPR Act, License Fees For Domestic Animals, Regulariztion Fees, Market Fees, Bus Stand Fees,എന്നിവയിൽ ഡിമാന്റ്-കളക്ഷൻ-ബാലൻസ് വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ഈ ഇനങ്ങളിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

### 1-1-19 റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

Axis Bank Own Fund (A/C No. 917010069258367 ) ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.23 ലെ നീക്കിയിരിപ്പ് 12029694.20/- രൂപ .എന്നാൽ റീകൺസീലിയേഷൻ പത്രിക പ്രകാരം 31.03.22 ലെ Closing Balance As Per Bank Statement ആയി രേഖപ്പെടുത്തിയിട്ടുള്ളത് 12029794.20 /- രൂപ.

### 1-1-20 തൊഴിൽ നികുതി ഇനത്തിലെ ഡിമാന്റ് ബുക്ക് ചെയ്തത് ക്രമപ്രകാരമല്ല

വാർഷികകണക്ക് പ്രകാരം 2022-23 വർഷത്തിൽ Profession Tax Employees ഇനത്തിൽ ഡിമാന്റ് തെറ്റായി ബുക്ക് ചെയ്തതിനാൽ ഡിമാന്റും (4107475/-) കളക്ഷനും (4024575/-) തമ്മിൽ 82900/-രൂപയുടെ വ്യത്യാസമുണ്ട്.

## 1-2 ബജറ്റ്

| 2022-23 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ/ തിയതി | പുതുക്കിയ തീരുമാന നമ്പർ/ തിയതി |
|---|---|
| 1/30.03.2022 | 1/29.03.2023 |

## 1-3 സാമ്പത്തിക വിശകലനം

22-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 56874819.82 |
| വരവ് | 229477093 |
| ആകെ | 286351912.82 |
| ചെലവ് | 187563373 |
| നീക്കിയിരിപ്പ് | 98788539.82 |

## 1-4 ഫണ്ട് വിനിയോഗം - എ.സി.ആർ പ്രകാരം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 49495220 | 49495220 | 45604251 | 3890969 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 32437000 | 32437000 | 26660402 | 5776598 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 15932000 | 15932000 | 15820480 | 111520 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 9467000 | 9467000 | 8599300 | 867700 |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(ടൈഡ്) | 0 | 11760663 | 11760663 | 15947430 | -4186767 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(അൺടൈഡ്) | 0 | 7058500 | 7058500 | 11881216 | -4822716 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 460 | 255318869 | 285 | 164832154 | - | 175 | 61.95% |

## 1-6 തൊഴിലുറപ്പ് (AUEGS)

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| AUEGS | 575986 | 5025583 | 5601569 | 5576580 | 24989 |

കുറിപ്പ്:- നഗരസഭയിൽ നിന്ന് ലഭ്യമായ വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. ആയത് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി വേതനം | 3468000 | 360 |
| വിധവാ പെൻഷൻ | 21530200 | 1764 |
| വാർദ്ധക്യകാല പെൻഷൻ | 39110000 | 3439 |
| വികലാംഗ പെൻഷൻ | 8297400 | 664 |
| വിവാഹ ധനസഹായം | 180000 | 6 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 545600 | 51 |

കുറിപ്പ്-നഗരസഭയിലെ സെക്ഷൻ ലഭ്യമാക്കിയ വിശദാംശങ്ങളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. വിവാഹ ധനസഹായമിനത്തിൽ നൽകിയ തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.01.2024 ന് 2.00 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 293930/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. ഫയലുകൾ സൂക്ഷിക്കുന്നതിലും വൗച്ചറുകൾ, സബ് വൗച്ചറുകൾ, രേഖകൾ എന്നിവ ഫയലിനോടൊപ്പം സൂക്ഷിക്കുന്നതിലും തികഞ്ഞ അലംഭാവം കാണുന്നു. (തുടർന്നുള്ള ഖണ്ഡികകൾ കൂടി കാണുക )

2. തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നീ ഇനങ്ങളിൽ നഗരസഭ പ്രതിമാസം വൻതുക ചെലവഴിക്കുന്നുണ്ടെങ്കിലും ഇവയുടെ എണ്ണം, തരം, പ്രവർത്തനക്ഷമത എന്നിവ സംബന്ധിച്ച് നഗരസഭയിൽ രേഖകൾ ലഭ്യമല്ല. സ്ട്രീറ്റ്ലൈറ്റ്, പൊതു വാട്ടർ ടാപ്പ് എന്നിവയുടെ വിവരം രേഖപ്പെടുത്തി രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല.
3. കേരള ഫിനാൻഷ്യൽ കോഡ് വാല്യം I 120 മുതൽ 162 വരെയുള്ള ആർട്ടിക്കിളുകൾ സ്റ്റോർസുമായി ബന്ധപ്പെട്ടവയാണ്. ആർട്ടിക്കൾ 150 പ്രകാരം I) അസംസ്കൃത വസ്തുകൾക്കും, വിലകുറഞ്ഞ സ്റ്റോറുകൾക്കും Ii)ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും Iii)പുസ്തകങ്ങൾ, ഫോറങ്ങൾ സ്റ്റേഷനറികൾ എന്നിവക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ആയത് പൂർണ്ണമായി പാലിക്കപ്പെടുന്നില്ല. നഗരസഭ സൂക്ഷിക്കേണ്ട മറ്റു രജിസ്റ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. ഖ. 1-17, 1-25 എന്നിവ കാണുക.)
4. ഓരോ പ്രോജക്റ്റുകളും നടപ്പിലാക്കിയ ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ 2022-23 ലെ പദ്ധതികളുടെ നിർവ്വഹണത്തിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്റർ ചെയ്തതായി കാണുന്നില്ല.
5. ജി ഒ (പി )നം.177/2006/ഫിൻ തി.12.04.2006 പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ സെക്രട്ടറി, ഹെൽത്ത് ഓഫീസർ,എന്നിവർ ആയത് പാലിച്ചിട്ടില്ല.
6. ജീവനക്കാരുടെ റിക്കവറികൾ യഥാസമയം അടവാക്കുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. (ഖണ്ഡിക 1-31 കൂടി കാണുക )

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.07.2022-27.07.2022 | നവംബർ /2021- ജൂലൈ /2022 | 30.07.2022 |
| എ ജി ഓഡിറ്റ് | 19.12.22-10.01.23 | 01.04.2017-30.11.2022 | 13.02.23 |

## 1-11 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ -അവലോകനം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്തു വരുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച വരുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ഓഡിറ്റ് റിപ്പോർട്ട് തുടർനടപടി ഫയൽ പരിശോധിച്ചതിൽ 12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത തുകകളിൽ ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ ഡിപ്പോസിറ്റ് തുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കണ്ടു.

| ക്രമ.നം. | പ്രോജക്റ്റ് | സാമ്പത്തിക വർഷം | ഏജൻസി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക (വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരം) | ചെലവഴിക്കാൻ/ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1 | 13/15, സ്ട്രീറ്റ് ലൈറ്റ് മീറ്ററിംഗ് & ഓട്ടോമാറ്റിക് കൺട്രോൾ | 2014-15 (നെടിയിരുപ്പ് ഗ്രാ.പ) | KSEB | 157500 | പൂർത്തീകരണ വിവരം ലഭ്യമല്ല | 157500 |
| 2 | 02/15, ഇൻസ്റ്റലേഷൻ ഓഫ് സ്ട്രീറ്റ് മെയിന് | 2014-15(നെടിയിരുപ്പ് ഗ്രാ.പ) | KSEB | 499180 | പൂർത്തീകരണ വിവരം ലഭ്യമല്ല | 499180 |

| | | | | | | |
|---|---|---|---|---|---|---|
| 3 | 1176/15, മലബാർ സ്പെഷ്യൽ പാക്കേജ് കുടിവെള്ള പദ്ധതി സർവെ | 2014-15 (നെടിയിരുപ്പ് ഗ്രാ.പ) | KWA | 200000 | പൂർത്തീകരണ വിവരം ലഭ്യമല്ല | 200000 |
| 4 | കോമ്പറമ്പ് പനയംപറമ്പ് കുടിവെള്ള പദ്ധതി | 2017-18 | KWA | 1355844 | പൂർത്തീകരണ വിവരം ലഭ്യമല്ല | 1355844 |
| 5 | 283/19, കുടുക്കിൽ കുടിവെള്ള പദ്ധതി | 2018-19 | KWA | 2150000 | പൂർത്തീകരണ വിവരം ലഭ്യമല്ല | 2150000 |
| 6 | 292/20 കുടിവെള്ള പദ്ധതിക്ക് ഡെപ്പോസിറ്റ് ചെയ്യൽ വാർഡ് 5 | 2019-20 | KWA | 960000 | പൂർത്തീകരണ വിവരം ലഭ്യമല്ല | 960000 |
| 7 | ചേപ്പിലക്കുന്ന് മുണ്ടപ്പലം ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | 2019-20 | KWA | 474773 | പൂർത്തീകരണ വിവരം ലഭ്യമല്ല | 474773 |
| 8 | കുടിവെള്ള പദ്ധതിക്ക് ഡെപ്പോസിറ്റ് ചെയ്യൽ വാർഡ് 20 | 2019-20 | KWA | 425000 | പൂർത്തീകരണ വിവരം ലഭ്യമല്ല | 425000 |
| 9 | കൊണ്ടോംകുന്ന്-293/20 വട്ടപറമ്പ് ഭാഗത്ത് പൈപ്പ് ലൈൻ നീട്ടൽ | 2019-20 | KWA | 100000 | പൂർത്തീകരണ വിവരം ലഭ്യമല്ല | 100000 |
| 10 | ഇലക്ട്രിക് പോസ്റ്റ് മാറ്റിവെക്കൽ | 2019-20 | KSEB | 368136 | പൂർത്തീകരണ വിവരം ലഭ്യമല്ല | 368136 |
| 11 | 392/21 വട്ടപ്പറമ്പ് ഭാഗത്തേക്ക് പൈപ്പ് ലൈൻ നീട്ടൽ | 2020-21 | KWA | 3,00,000 | പൂർത്തീകരണ വിവരം ലഭ്യമല്ല | 3,00,000 |
| 12 | 334/21 കുടിവെള്ള പദ്ധതിക്ക് ഡെപ്പോസിറ്റ് ചെയ്യൽ | 2020-21 | KWA | 1,00,000 | പൂർത്തീകരണ വിവരം ലഭ്യമല്ല | 1,00,000 |
| 13 | 391/21,കുടിവെള്ള പദ്ധതിക്ക് ഡെപ്പോസിറ്റ് ചെയ്യൽ | 2020-21 | KWA | 21,90,227 | പൂർത്തീകരണ വിവരം ലഭ്യമല്ല | 21,90,227 |
| 14 | പോത്തുവെട്ടിപ്പാറ അങ്കണവാടി പൊതുടാപ്പ് | 2020-21 | KWA | 10,000 | പൂർത്തീകരണ വിവരം ലഭ്യമല്ല | 10,000 |
| 15 | കാളോത്ത് കൊടിക്കുന്നത്ത് പൈപ്പ് ലൈൻ നീട്ടൽ | 2020-21 | KWA | 20,000 | പൂർത്തീകരണ വിവരം ലഭ്യമല്ല | 20,000 |

| | | | | | | |
|---|---|---|---|---|---|---|
| 16 | ചപ്പിലക്കുന്ന് (വാർഡ് 7)പൈപ്പ് ലൈൻ നീട്ടൽ | 2020-21 | KWA | 23,000 | പൂർത്തീകരണ വിവരം ലഭ്യമല്ല | 23,000 |
| 17 | 352/22- പൈപ്പ് ലൈൻ നീട്ടൽ | 2021-22 | KWA | 400000 | പൂർത്തീകരണ വിവരം ലഭ്യമല്ല | 400000 |
| 18 | 442/22- അംഗനവാടികൾക്ക് കുടിവെള്ള കണക്ഷൻ | 2021-22 | KWA | 370000 | പൂർത്തീകരണ വിവരം ലഭ്യമല്ല | 370000 |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ പൂർത്തീകരണ വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. പൂർത്തീകരിച്ചതിന് ശേഷം ബാലൻസ് തുക ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ടെങ്കിൽ ബാലൻസ് തുക മറ്റു പ്രവത്തികളിലേക്ക് ക്രമീകരിക്കുകയോ നഗരസഭ അക്കൗണ്ടിലേക്ക് തിരികെ ലഭിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ കൂടി ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.02/22-23/17.01.24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-12 തനത് വരുമാനം -അവലോകനം

തനതു വരുമാനം- കൊണ്ടോട്ടി നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

1). ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം.

ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ് , ഗ്രാന്റുകളുടെ വിനിയോഗം, നികുതികളുടേയും, ഫീസുകളുടെയും തിട്ടപ്പെടുത്തൽ, അക്കൗണ്ടുകൾ മാസം തോറും ഓഡിറ്റ് ചെയ്യുക, ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി കൗൺസിലിന് മുമ്പാകെ ഹാജരാക്കുക, ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന ഏതൊരു തുകക്കും ബജറ്റ് വിഹിതം വകയിരുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കുക എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായും ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നത്. 2022-23 വർഷത്തെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റി മിനിറ്റ്സ് പ്രകാരം കമ്മിറ്റി 15 മീറ്റിംഗുകൾ കൂടിയിട്ടുണ്ട്. പൊളിച്ച കളഞ്ഞ കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വരവ്-ചെലവ് കണക്കുകളുടെ അംഗീകാരം എന്നിവയാണ് പ്രധാന അജണ്ടയായി ഉൾപ്പെടുത്തിയിട്ടുള്ളത്. നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ വിഭവസ്രോതസുകളെക്കുറിച്ച് കമ്മിറ്റി ചർച്ച ചെയ്തിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നമ്പർ. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാറും നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകേണ്ടതാണെന്നും, ക്രമ നമ്പർ. 3 പ്രകാരം നികുതി പിരിവിന്റെയും നികുതിയേതര വരവിന്റെയും അവലോകനം മൂന്ന് മാസത്തിലൊരിക്കൽ വാർഡ്സഭകളിലും വാർഡ് മീറ്റിംഗുകളിലും നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ നഗരസഭാ കൗൺസിലോ കൈക്കൊണ്ടതായി കാണുന്നില്ല.

വസ്തുനികുതി.

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ LSGD/PD/ 20073/2023-REV2 നമ്പർ പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി നഗരസഭ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1). നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2). നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 26.6.2023ലെ കൗൺസിൽ യോഗം 55/1 -ാം നമ്പർ തീരുമാന പ്രകാരം 06.08.2023 ന് പരസ്യപ്പെടുത്തിയിട്ടുണ്ട്.

3). 26.6.2023ലെ നഗരസഭാ കൗൺസിൽ യോഗം 55/1 -ാം നമ്പർ തീരുമാന പ്രകാരം മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസും (കരട്) പരസ്യപ്പെടുത്തിയിട്ടുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള മുൻസിപാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ മുമ്പ് നിശ്ചയിച്ച മേഖലകൾ അതേപടി നിലനിർത്തുകയാണ് ചെയ്തിട്ടുള്ളത്. ഈ കാലയളവിൽ പ്രദേശങ്ങൾക്ക് വന്ന മാറ്റങ്ങൾ മേഖല തരംതിരിവിലും വഴി സൗകര്യത്തിന്റെ അടിസ്ഥനത്തിലുള്ള തരംതിരുവിലും_പരിഗണിച്ചതായി സെക്ഷൻ അറിയിച്ചു. ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണെങ്കിലും അപ്രകാരം സൂക്ഷിച്ചിട്ടില്ല. നഗരസഭയി റോഡുകളുടെ തരം നിശ്ചയിച്ചതിന് റോഡ് മാപ്പ് പരിശോധിച്ചതിന്റെ വിവരങ്ങളില്ല.

4). പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്ക്, മേഖലകൾ പുതുക്കി നിശ്ചയിക്കൽ, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരം തിരിവ് എന്നിവയുടെ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും ആയത് 03.10.2023 ലെ 29/1 ഭരണസമിതി തീരുമാനപ്രകാരമാണ് അന്തിമമാക്കിയിട്ടുള്ളത്.

5). വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. നഗരസഭയിൽ ഇപ്രകാരം ലഭിച്ച 946 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നു. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ വിവര ശേഖരണത്തിനായി ഇത്തരത്തിലുള്ള നിയമനം നടത്തുന്നതിനായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടെങ്കിലും ഓഡിറ്റ് തിയതി വരെ നിയമനം നടത്തുകയോ നികുതി പുനർനിർണ്ണയിക്കുകയോ ചെയ്തിട്ടില്ല.

കോഴിക്കോട് വിമാനത്താവളം-വസ്തു നികുതിയീടാക്കാൻ ആരംഭിച്ചിട്ടില്ല.

കോഴിക്കോട് വിമാനത്താവള പരിധിയിൽ വരുന്ന കൊണ്ടോട്ടി മുൻസിപാലിറ്റിയുടേയും പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെയും അതിർത്തി നിർണ്ണയിച്ച് നഗരസഭയുടെ അധീനതയിലുള്ള കെട്ടിടങ്ങൾ ഏതൊക്കെയാണ് എന്നത് സംബന്ധിച്ച് വ്യക്തത വരുത്തി 6 കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് നമ്പർ അനുവദിക്കാവുന്നതായി ഓഫീസ് കുറിപ്പിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സാങ്കേതിക തടസ്സം കാരണം സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തുന്നതിന് സാധിച്ചിട്ടില്ല.ഉടർനടപടികളുടെ കാലതാമസം കാരണം നഗരസഭയ്ക്ക് വസ്തു നികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്. വസ്തു നികുതി ഈടാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വസ്തു നികുതിയിനത്തിൽ വൻ കുടിശ്ശിക നിലനിൽക്കുന്നു.

2022-23 വർഷത്തെ വസ്തു നികുതി 74% പിരിവ് മാത്രമേ നടത്തിയിട്ടുള്ളൂ. കഴിഞ്ഞ മൂന്നു വർഷങ്ങളിലെ വസ്തു നികുതി പിരിവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ഡിമാന്റ് | കളക്ഷൻ | പിരിവ് ശതമാനം |
|---|---|---|---|
| 2020-21 | 19268519 | 11813531 | 61.31 |
| 2021-22 | 23000000 | 13680996 | 59.48 |
| 2022-23 | 23173617 | 17150281 | 74% |

കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സേവന ഉപനികുതി

2011ലെ കേരള മുൻസിപാലിറ്റി വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു നഗരസഭാ പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള മുൻസിപാലിറ്റി നിയമത്തിലെ വകുപ്പ് 235-ാം വകുപ്പ് പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം നഗരസഭ നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|

| | |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

കൊണ്ടോട്ടി നഗരസഭ പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല, തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്

തൊഴിൽ നികുതി

നഗരസഭയിലെ 2022-23 വർഷത്തിലെ തൊഴിൽ ഡിമാന്റ് രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.റിട്ടേണുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. കേരളാ മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4(2) പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥനാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 9 പ്രകാരം സെക്രട്ടറി നികുതിദായകരുടെ തൊഴിൽ നികുതി തിട്ടപ്പെടുത്തി അടവാക്കുവാൻ ആവശ്യപ്പെടാവുന്നതുമാണ്. മുനിസിപ്പാലിറ്റിയിൽ ഇപ്രകാരം ഡിമാന്റ് നോട്ടീസ് വിതരണം നടത്തുന്നുണ്ടെങ്കിലും മുനിസിപ്പാലിറ്റി പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള സംവിധാനം നിലവിൽ ഇല്ല. ആയതിനാൽ മുനിസിപ്പാലിറ്റിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ നഗരസഭ ഈടാക്കുന്നില്ല. റേഷൻ കടകൾക്ക് കത്ത് നൽകി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

3. കേരളാ മുൻസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ 3(2)പ്രകാരം, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, മറ്റ് പ്രഫഷണലുകൾ, മാരാമത്ത് പണി നടത്തിയ കരാറുകാർ, പ്ലാൻ എഞ്ചിനിയേഴ്സ്, ടാക്സി ഉടമകൾ ഇവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണെങ്കിലും ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതായി കാണുന്നില്ല. സ്വയം തൊഴിൽ ചെയ്യുന്നവരുടെ സംപൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കാത്തത് ഇത്തരം നികുതി നഷ്ടത്തിന് കാരണം ആകുന്നു.

തൊഴിൽ നികുതിയിനത്തിൽ 4654206/-രൂപ കുടിശ്ശിക (AFS പ്രകാരം) ഉണ്ട്. ആയത് പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ലൈസൻസ് ഫീസ്.**

സാമ്പത്തിക വർഷാരംഭത്തിന് മുന്നോടിയായി FTE&OS ലൈസൻസിന്റെ ഡിമാന്റ് തിട്ടപ്പെടുത്തുന്നതിലേക്കായി ഫീൽഡ് തല പരിശോധന നടത്തി നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സംരംഭങ്ങളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും സ്ഥാപനങ്ങൾ ലൈസൻസെടുക്കുന്നുണ്ടെന്നും വരുമാന നഷ്ടം സംഭവിക്കുന്നില്ലാ എന്നും ഉറപ്പ് വരുത്തേണ്ടതാണ്.ലൈസൻസ് ഫീയിനത്തിൽ 599676/- രൂപ AFS പ്രകാരം) കുടിശ്ശികയുണ്ട്.ആയത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

വാടക

നഗരസഭയുടെ ഉടമസ്ഥതയിലുള്ള നെടിയിരുപ്പ് ഷോപ്പിംഗ് കോംപ്ലക്സിൽ നിലവിൽ 5 മുറികൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.ആയത് ലേലം ചെയ്ത് നൽകി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.വാടകയിനത്തിൽ 726694/- രൂപ (AFS ) കുടിശ്ശികയുണ്ട് .ആയത് പിരിച്ചെടുക്കുന്നതിനും ഒഴിഞ്ഞു കിടക്കുന്ന കടമുറികൾ ലേലം ചെയ്ത് വാടകക്ക് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിതക്കേണ്ടതാണ്.

വിനോദ നികുതി

നഗരസഭാ പരിധിയിൽ 2 തിയറ്ററുകൾ(കൽപക,ന്യൂ കവിത) പ്രവർത്തിക്കുന്നുണ്ടെങ്കിലും 1 തിയേറ്ററിൽ നിന്ന് മാത്രമേ നഗരസഭയ്ക്ക് വിനോദ നികുതി ലഭിക്കുന്നുള്ളൂ. ഈ ഇനത്തിൽ തൻവർഷം 111289/-രൂപ വരവുണ്ട്. കൽപക തിയേറ്ററിൽ നിന്നും

വിനോദ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പരസ്യ നികുതി

പരസ്യ നികുതിയിനത്തിൽ തൻ വർഷം 34845/-(RP-1) രൂപയുടെ വരവുണ്ടെങ്കിലും ആയത് പരിശോധിക്കുന്നതിനാവശ്യമായ രജിസ്റ്റർ ജാജരാക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.കൂടാതെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-15 പ്രകാരം ഈയിനത്തിൽ 366844/- രൂപ കുടിശ്ശികയുണ്ട്.ആയത് പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മറ്റിനങ്ങൾ

ട്യൂട്ടോറിയൽ/ആശുപത്രികൾ/പാരാ മെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഫീസ്,ബസ് സ്റ്റാന്റ് ഫീസ് പിരിവ്,മാർക്കറ്റ് ഫീസ്,കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ്,പാഴ് വസ്തുക്കളുടെ വിൽപ്പന,റഗുലറൈസേഷൻ ഫീസ് എന്നീ ഇനങ്ങളിൽ വരവുകൾ ഉണ്ടെങ്കിലും ഡിമാന്റ് രജിസ്റ്ററിൽ നിന്നും ഈ ഇനങ്ങളിലുള്ള വരവ് പൂർണ്ണമാണോ എന്ന് ഉറപ്പുവരുത്താനായിട്ടില്ല.

## 1-13 അക്കൗണ്ട് ചെയ്യാതെ പണം പിൻവലിച്ചു.

1) കൊണ്ടോട്ടി നഗരസഭയുടെ തനത് ഫണ്ട് ബാങ്ക് അക്കൗണ്ട് ആയ KSCB OWN Fund A/C No. 0020050003401 ന്റെ 01/04/2022 -31/03/2023 കാലയളവിലെ പിൻവലിക്കലുകളുടെ പരിശോധനയിൽ പിൻവലിച്ച പല തുകകളും ബാങ്ക് ബുക്കിൽ അക്കൗണ്ട് ചെയ്തിട്ടില്ല എന്ന് വ്യക്തമായി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | ചെക്ക് നം./പിൻവലിച്ച തീയ്യതി | തുക (₹) |
|---|---|---|
| 1 | 018624/04.04.2022 | 1096657 |
| 2 | 018616/04.04.2022 | 50044 |
| 3 | 018625/05.04.2022 | 396700 |
| 4 | 018608/05.04.2022 | 66000 |
| 5 | 018623/05.04.2022 | 344400 |
| 6 | 018622/07.04.2022 | 37070 |
| 7 | 018620/07.04.2022 | 295284 |
| 8 | 018646/12.04.2022 | 10000 |
| 9 | 050243/13.04.2022 | 10000 |
| 10 | 018639/26.04.22 | 1500 |
| 11 | 018662/28.04.22 | 650000 |
| 12 | 018669/30.04.22 | 60000 |
| 13 | 018621/04.05.22 | 2180 |
| 14 | 018675/10.05.22 | 525000 |
| 15 | 018617/20.05.22 | 40448 |
| 16 | 018687/28.05.22 | 650000 |
| 17 | 018696/04.06.22 | 28865 |
| 18 | 018699/08.06.22 | 505000 |
| 19 | 018641/09.06.22 | 2236 |
| 20 | 019524/15.06.22 | 6225 |
| 21 | 019527/18.06.22 | 40000 |
| 22 | 018635/20.06.22 | 2700 |
| 23 | 019533/20.06.22 | 29600 |
| 24 | 019534/21.06.22 | 18100 |
| 25 | 019542/04.07.22 | 383100 |
| 26 | 019540/18.07.22 | 3993 |
| 27 | 019564/03.08.22 | 377964 |
| 28 | 019580/24.08.22 | 74263 |
| 29 | 019583/25.08.22 | 12000 |
| 30 | 019585/01.09.22 | 420731 |
| 31 | 020166/05.09.22 | 13834 |

| | | |
|---|---|---|
| 32 | 020173/06.09.22 | 33884 |
| 33 | 019577/06.09.22 | 1070 |
| **34** | 020165/06.09.22 | 19435 |
| 35 | 020167/06.09.22 | 19435 |
| 36 | 020168/06.09.22 | 457200 |
| 37 | 020171/06.09.22 | 13200 |
| 38 | 019587/15.09.22 | 2700 |
| 39 | 019578/20.09.22 | 1000 |
| 40 | 019598/20.09.22 | 1250 |
| 41 | 020174/01.10.22 | 8000 |
| 42 | 020546/07.11.22 | 167607 |
| 43 | 020552/16.11.22 | 16791 |
| 44 | 020587/13.12.22 | 293310 |
| 45 | 020589/16.12.22 | 3920 |
| 46 | 022147/18.01.23 | 44946 |
| 47 | 022148/24.01.23 | 2983 |
| 48 | 020532/25.01.23 | 15000 |
| 49 | 022149/01.02.23 | 21142 |
| 50 | 022163/17.02.23 | 1870 |
| 51 | 020600/08.03.23 | 15000 |
| 52 | 022145/08.03.23 | 1606 |
| 53 | 022172/16.03.22 | 32400 |
| 54 | 022174/16.03.23 | 21177 |
| 55 | 022180/28.03.23 | 1605 |

പിൻവലിക്കലുകളുടെ ആധികാരികത പരിശോധിക്കാൻ തക്ക വണ്ണം പ്രത്യേകം രജിസ്റ്റർ എഴുതി സൂക്ഷിക്കുകയോ ചെക്കിന്റെ കൗണ്ടർ ഫോയിലിൽ ചെലവിന്റെ ഉദ്ദേശം എഴുതി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

2) നഗരസഭയുടെ തനത് ഫണ്ട് അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ ക്രമപ്രകാരം നടത്തി പാസ് ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| അക്കൌണ്ട് | നീക്കിയിരുപ്പ് | | റിക്കൺസിലിയേഷൻ നടത്തിയതിന്റെ വിവരം |
|---|---|---|---|
| | എ.എഫ്.എസ് | ബാങ്ക് സ്റ്റേറ്റ്മെന്റ് | |
| KSCB OWN Fund A/C No. 0020050003401 | ₹15524880.82 | ₹22140945.82 | ബാങ്ക് ബുക്ക് നീക്കിയിരിപ്പ്= ₹15524880.82<br>+പണമാക്കാത്ത ചെക്കുകൾ ₹47742800<br>(22.2.2016 മുതൽ 31.3.2023 വരെയുള്ളത്)<br>+ബാങ്ക് നേരിട്ട് ക്രെഡിറ്റ് ചെയ്തത് ₹ 12441119<br>(4.10.2017 മുതൽ 31.3.2023 വരെയുള്ളത്)<br>(-) കളക്ഷൻ വരാത്ത ചെക്ക് തുക ₹42356528<br>(1.11.2015 മുതൽ 31.3.2023 വരെയുള്ളത്)<br>(-) ബാങ്ക് നേരിട്ട് ഡെബിറ്റ് ചെയ്തത് ₹11948538<br>(31.3.2015 മുതൽ 31.3.2023 വരെയുള്ളത്)<br>നീക്കിയിരുപ്പ്- 21403733.82<br>(എന്നാൽ ഈ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള നീക്കിയിരിപ്പുമായി (22140945.82) പൊരുത്തപ്പെട്ടിട്ടില്ല.<br>വ്യത്യാസം-₹737212) |

അക്കൗണ്ടിലെ പണം ഒടുക്കലുകളും നിക്ഷേപങ്ങളും ബാങ്ക് ബുക്കിൽ ചേർക്കാത്തതിനാലാണ് റികൺസിലിയേഷൻ പത്രികയിൽ മേൽ പറഞ്ഞ പ്രകാരം 2015 മുതൽക്കുള്ള ഇടപാടുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നത് എന്ന് ഓഡിറ്റ്

വിലയിരുത്തുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/22-23/24.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾ പരിഹരിച്ചറിയിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി -അപാകതകൾ

നഗരസഭയിലെ 2022-23 ലെ തൊഴിൽ നികുതി റിട്ടേണുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ ഹാജരാക്കിയില്ല

2005ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടം 10 പ്രകാരം തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ ഓരോ സ്ഥാപനത്തിനും പ്രത്യകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡു തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതാണ്. 2022-23 വർഷത്തിൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഏതൊക്കെ സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കാനവശേഷിക്കുന്നുണ്ടെന്ന് പരിശോധിക്കാനായിട്ടില്ല.

2. വാർഷികകണക്ക് പ്രകാരം 2022-23 വർഷത്തിൽ Profession Tax Employees ഇനത്തിൽ തൻ വർഷ ഡിമാന്റ് 4107475/- രൂപയും, കളക്ഷൻ 4024575/-രൂപയുമാണ്. എന്നാൽ ഇത് പ്രകാരമുള്ള ബാലൻസ് തുക 82900/-രൂപ വാർഷികകണക്കിലെ ബാലൻസ് ഷീറ്റിലേക്ക് വന്നിട്ടില്ല.

3.കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2022-23 വാർഷിക കണക്ക് ഷെഡ്യൂൾ B-15 പ്രകാരം Profession Tax Institutions/Professionals/Treaders ഇനത്തിൽ 4315986/- രൂപ Arrear Balanceഉം, 338200/- രൂപ Current Balance ഉം ഈടാക്കാനവശേഷിയ്ക്കുന്നുണ്ട്. എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ നഗരസഭയിൽ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ കൃത്യത പരിശോധിക്കാനായിട്ടില്ല

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (34/22-23/25.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴുവൻ ജീവനക്കാരും, സ്ഥാപനങ്ങളും ആയത് അടവാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും, രജിസ്റ്ററുകളും രേഖകളും യഥാവിധി സൂക്ഷിക്കുന്നതിനും നഗരസഭ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-15 വിനോദനികുതി പിരിവിലെ അപാകതകൾ.

നഗരസഭാ പരിധിയിൽ പ്രവർത്തിച്ചു വരുന്ന ന്യൂ കവിത , കൽപക തിയേറ്ററുകളുടെ 2022-23 വർഷത്തെ വിനോദ നികുതി പിരിവ് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ നിന്നും കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1, സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കാതെ നികുതി ഈടാക്കി.

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 31.08.2019ലെ സ.ഉ(കൈ) നം.112/2019/തസ്വഭവ പ്രകാരം 100 രൂപയിൽ കുറവുള്ള ടിക്കറ്റുകൾക്ക് 5% വിനോദനികുതിയും 100 രൂപയിൽ കൂടുതലുള്ള ടിക്കറ്റുകൾക്ക് 8.5% വിനോദനികുതിയും ഈടാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിരുന്നു. സിനിമ ടിക്കറ്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കൊണ്ടുപോയി സീൽ ചെയ്യേണ്ടതില്ല. പകരം ചരക്ക് സേവന നികുതി ഒടുക്കുന്ന ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായി തൊട്ടടുത്ത മാസം 3-ാം തീയതിക്കുള്ളിൽ പിരിച്ച നികുതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ് എന്നാണ് മേൽ സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ളത്.

ന്യൂ കവിത എന്ന തിയേറ്ററിൽ നിന്നും 04/2022-02/2023 കാലയളവിലെ വിനോദ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ജി.എസ്.ടി ഒടുക്കിയതിന്റെ അടിസ്ഥാനത്തിലല്ല വിനോദ നികുതി ഈടാക്കിയിട്ടുള്ളത്. പകരം തീയറ്ററിൽ വില്പന നടത്തിയ ടിക്കറ്റുകളുടെ എണ്ണത്തിന് അനുസൃതമായാണ്. ടിക്കറ്റ് സോൾഡ് രജിസ്റ്റർ പ്രകാരം നികുതി കണക്കാക്കിയ സ്റ്റേറ്റുമെന്റ് ഇതിന് രേഖയായി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ GST അടവാക്കിയത് എത്ര ടിക്കറ്റുകൾക്കാണെന്ന് വ്യക്തമാക്കുന്ന രേഖയുടെ അഭാവത്തിൽ വിനോദ നികുതി ഇനത്തിൽ അടവാക്കിയ തുകയുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കാതെ വിനോദ നികുതി ഈടാക്കിയതിന് വിശദീകരണം നൽകേണ്ടതാണ്. കവിത തിയറ്റർ GST അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

2. വിനോദ നികുതി നിശ്ചിത സമയപരിധിക്കുള്ളിൽ ഒടുക്കിയിട്ടില്ല.

മേൽ സർക്കാർ ഉത്തരവ് പ്രകാരം ഓരോ മാസത്തേയും വിനോദ നികുതി തൊട്ടടുത്ത മാസം 3-ാം തീയതിക്കുള്ളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്. എന്നാൽ നികുതി അടവാക്കുന്നതിൽ കാലതാമസം വരുത്തുന്നുണ്ട് എന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. മാത്രമല്ല. കാലതാമസത്തിന് പിഴയും ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തീയറ്ററിന്റെ പേര് | മാസം | വിനോദ നികുതി തുക | തുക ഒടുക്കിയ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ന്യൂ കവിത | 04/22 | 3657 | 06.05.22 |
| 2 | | 06/22 | 2206 | 05.07.22 |
| 3 | | 07/22 | 4352 | 10.08.22 |
| 4 | | 08/22 | 32902 | 06.09.22 |
| 5 | | 10/22 | 18502 | 07.11.22 |
| 6 | | 01/23 | 5261 | 07.02.23 |

അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

4. കൽപക തിയേറ്റർ വിനോദ നികുതി ഒടുക്കിയിട്ടില്ല.

കൽപക തിയേറ്ററിൽ നിന്നും തൻ വർഷത്തിൽ വിനോദ നികുതിയിനത്തിൽ തുകയൊന്നും ഈടാക്കിയതായി കാണുന്നില്ല (04/2022-03/23). നികുതി അടവാക്കിയതിന്റെ രേഖകൾ ഒന്നും തന്നെ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിനോദ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

5. ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2022-23 ലെ വാർഷിക ധനകാര്യപത്രിക പ്രകാരം വിനോദനികുതി ഇനത്തിലെ ഡിമാന്റ്, കളക്ഷൻ എന്നിവ 111289 രൂപയാണ്. എന്നാൽ ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(6/22-23/20.01.2024) മറുപടി ലഭ്യമാക്കിയിട്ടില്ല.
വിനോദ നികുതിയീടാക്കി രേഖകൾ സഹിതം വിവരം അറിയിക്കേണ്ടതാണ്.

## 1-16 പെട്രോൾ പമ്പ്- ലൈസൻസ് ഫീസ് അപാകതകൾ

നഗരസഭയിലെ 12ാം വാർഡിൽ 486 നമ്പർ കെട്ടിടത്തിൽ ശ്രീ. സൈനുൽ ആബിദീൻ S/O മുഹമ്മദ് കുട്ടി, പഴേരി വീട്, കൊണ്ടോട്ടി- എന്നവർക്ക് പഴേരി ഫ്യൂവൽസ് എന്ന പേരിൽ പെട്രോൾ പമ്പ് നടത്തുന്നതിന്, ടിയാന്റെ 25.06.2022ലെ അപേക്ഷ പ്രകാരം 25.06.2022ലെ 1220060376നമ്പർ രസീത് പ്രകാരം 1000/- രൂപ ഫീസ് ഈടാക്കി, മുൻ വർഷത്തെ KDY/ D2/1717/12/21-22 നമ്പർ ലൈസൻസ് പുതുക്കി 2022-23 വർഷത്തേക്ക് KDY/D2/12/639/22-23/14.07.22 നമ്പർ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

1000 രൂപയാണ് പെർമിറ്റ് ഫീസ് ഇനത്തിൽ ഈടാക്കിയത്. കേരള മുനിസിപ്പാലിറ്റി ലൈസൻസ് ചട്ടങ്ങളിലെ പട്ടിക II പ്രകാരം സേവന മേഖലയിൽ 10 മുതൽ 25 ലക്ഷം വരെയുള്ള മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് 1000 രൂപ ലൈസൻസ് ഫീസും 25 ലക്ഷം രൂപ മുതൽ മുകളിൽ മൂലധന നിക്ഷേപമുള്ള സ്ഥാപനങ്ങൾക്ക് 5000 രൂപ ഫീസും ഈടാക്കേണ്ടതുമാണ്. അപേക്ഷയുടെ കൂടെ മൂലധന നിക്ഷേപം 24 ലക്ഷം രൂപ രേഖപ്പെടുത്തിയത് പ്രകാരമുള്ള ഫീസാണ് ഈടാക്കിക്കാണുന്നത് എന്നിരുന്നാലും, ഇത്തരത്തിൽ 25 ലക്ഷത്തിൽ താഴെ മൂലധന നിക്ഷേപം രേഖപ്പെടുത്തിയതുൾപ്പടെയുള്ള (ഉദാ: (1) ലൈ.നം. KDY/D1/10/337 – മൂലധനം 20 ലക്ഷം, ഫീസ് 5000. (2) ലൈ.നം. KDY/D3/94/31 – മൂലധനം 20 ലക്ഷം, ഫീസ് 5000) , നഗരസഭ 2022-23ൽ അനുവദിച്ച മറ്റ് എല്ലാ പെട്രോൾ പമ്പുകളിൽ നിന്നും ആയവയുടെ യഥാർത്ഥ മൂലധന നിക്ഷേപം പരിഗണിച്ച് ലൈസൻസ് ഫീസ് 5000 രൂപ വീതം ഈടാക്കിയിട്ടുണ്ട്. എന്നാൽ ഈ പെട്രോൾ പമ്പിന്റെ ഫീസ് 1000 രൂപ ഈടാക്കിയപ്പോൾ ആയതിന്റെ യഥാർത്ഥ മൂലധന നിക്ഷേപം തന്നെയാണോ രേഖപ്പെടുത്തിയത് എന്നത് പരിശോധിച്ചിട്ടില്ല. അപേക്ഷയുടെ കൂടെ PCB സർട്ടിഫിക്കറ്റോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരം പരിശോധിക്കുന്നതിന് മറ്റ് രേഖളോ ഫയലിൽ ഹാജരാക്കിയിട്ടില്ലാത്തതിനാൽ യഥാർത്ഥ മൂലധന നിക്ഷേപം എത്രെന്നത് ഉറപ്പ് വരുത്തുന്നതിന് ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 15/23.01.24ന് ലഭ്യമാക്കിയ മറുപടി പ്രകാരം ഫീസിനത്തിൽ ബാക്കി വരുന്ന തുക അടവാക്കാൻ നിർദ്ദേശം നൽകിയതായും ആയത് ഈടാക്കി അറിയിക്കുന്നതാണ് എന്നറിയിച്ചു. തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-17 വാർത്താ വിനിമയ ഗോപുരങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, നികുതി നിർണ്ണയം-അപാകതകൾ

2022-23 ലെ വിവിധ കെട്ടിടങ്ങളുടെ പെർമിറ്റ്, നമ്പറിംഗ്, വസ്തു നികുതി വിവരങ്ങൾ പരിശോധിച്ചതിന്റെ ഭാഗമായി നഗരസഭയിൽ മുൻവർഷങ്ങളിൽ വാർത്താ വിനിമയ ഗോപുരങ്ങളുടെ പെർമിറ്റിനായി ലഭിച്ച അപേക്ഷകളുടെ എണ്ണവും/ വിവരങ്ങളും നിലവിൽ നഗരസഭ നമ്പർ അനുദിച്ച, നികുതി അടവാക്കി കൊണ്ട് പ്രവർത്തിക്കുന്ന, വാർത്താ വിനിമയ ഗോപുരങ്ങളുടെ എണ്ണവും/വിവരങ്ങളും പെർമിറ്റ് രജിസ്റ്റർ പ്രകാരവും (വെബ്സൈറ്റ് തകരാർ കാരണം സഞ്ചയയിൽ നിന്ന് ലഭ്യമാകാത്ത സാഹചര്യത്തിൽ) ലഭ്യമായ മറ്റ് വിവരങ്ങളുടെ അടിസ്ഥാനത്തിലും പരിശോധിക്കുകയുണ്ടായി.

പരിശോധനക്ക് ഹാജരാക്കിയ പെർമിറ്റ് രജിസറ്ററുകൾ പ്രകാരം 2016-17 മുതൽ 2022-23 വരെ കാലയളവിൽ 12 പെർമിറ്റ് അപേക്ഷകളാണ് ലഭ്യമായത്. ഇതിൽ 4 വാർത്താ വിനിമയ ഗോപുരങ്ങൾക്ക് ക്രമവൽക്കരണവും അല്ലാതെയുമായി നമ്പർ അനുവദിച്ചിട്ടുണ്ട്. ബാക്കി 8 എണ്ണത്തിൽ 3 എണ്ണം നിലവിൽ പെർമിറ്റ് അനുവദിച്ചുവെങ്കിലും പെർമിറ്റ് കാലാവധി കഴിഞ്ഞിട്ടും നമ്പർ അനുവദിക്കാത്തതായും ഉണ്ട്.

ലഭ്യമായ അപേക്ഷകളിൽ പെർമിറ്റ് അനുവദിച്ചതായോ അപേക്ഷ നിരസിച്ചതായോ രജിസ്റ്ററിൽ രേഖപ്പെടുത്താത്തതും പെർമിറ്റ് കാലാവധി കഴിഞ്ഞിട്ടും നാളിതുവരെ നമ്പർ അനുവദിക്കാത്തതുമായിട്ടുള്ള ടവറുകളുടെയും രജിസ്റ്റർ പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | രജിസ്റ്ററിലെ ക്രമ നം, ഇൻവാർഡ്/ ഫയൽ നമ്പർ. | പെർമിറ്റ് നം, അപേക്ഷകന്റെ/കമ്പനി പേര് | നിലവിലെ അവസ്ഥ, അപാകത |
|---|---|---|---|
| 1 | 09/2016-17.<br>A1/2886/ 05.04.2016 | പെർമിറ്റ് അനുവദിച്ചിട്ടില്ല.<br>സ. നം. -278/1, നെടിയിരുപ്പ്.<br>ഐഡിയ സെല്ലുലാർ | അപേക്ഷാ ഫീസ് ആയി 1000/-രൂപ അടവാക്കിയതാണ്.<br>അപേക്ഷ ലഭിച്ച് വർഷങ്ങളായിട്ടും രജിസ്റ്ററിൽ പെർമിറ്റ്/നമ്പർ അനുവദിച്ചതായോ അപേക്ഷ നിരസിച്ചതായോ നോട്ടീസ് നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല.<br>ടി ടവർ നിർമ്മാണം നടന്നതായോ/പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. |
| 2 | 122/2017-18.<br>4873/12.05.17 | പെർമിറ്റ് അനുവദിച്ചിട്ടില്ല.<br>BL 12<br>സ. നം. -158/18 , 157/13.<br>റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്. | അപേക്ഷാ ഫീസ് അടവാക്കിയിട്ടില്ല.<br>അപേക്ഷ ലഭിച്ച് വർഷങ്ങളായിട്ടും രജിസ്റ്ററിൽ പെർമിറ്റ്/നമ്പർ അനുവദിച്ചതായോ അപേക്ഷ നിരസിച്ചതായോ നോട്ടീസ് നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല.<br>ടി ടവർ നിർമ്മാണം നടന്നതായോ/പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. |
| 3 | 439/2017-18.<br>12052/17/ 28.12.17 | പെർമിറ്റ് അനുവദിച്ചിട്ടില്ല.<br>BL 12<br>സ. നം. -257/12 , 157/13.<br>റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്. | അപേക്ഷാ ഫീസ് 30 രൂപ 11702110556/28.12.17 നമ്പർ രസീത് പ്രകാരം അടവാക്കിയതായാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയത്.<br>അപേക്ഷ ലഭിച്ച് വർഷങ്ങളായിട്ടും രജിസ്റ്ററിൽ പെർമിറ്റ്/നമ്പർ അനുവദിച്ചതായോ അപേക്ഷ നിരസിച്ചതായോ നോട്ടീസ് നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല.<br>ടി ടവർ നിർമ്മാണം നടന്നതായോ/പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. |
| 4 | 594/2018-19.<br>3999/19/ 21.03.19 | പെർമിറ്റ് അനുവദിച്ചിട്ടില്ല.<br>BL 35<br>സ. നം. 189/1-1 .<br>എ.ടി.സി ടെലികോം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്. | അപേക്ഷാ ഫീസ് 1000 രൂപ അടവാക്കിയിട്ടുണ്ട്.<br>അപേക്ഷ ലഭിച്ച് വർഷങ്ങളായിട്ടും രജിസ്റ്ററിൽ പെർമിറ്റ്/നമ്പർ അനുവദിച്ചതായോ അപേക്ഷ നിരസിച്ചതായോ നോട്ടീസ് നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല.<br>ടി ടവർ നിർമ്മാണം നടന്നതായോ/പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. |
| 5 | 337/2019-20.<br>1066/20/ 28.01.2020 | പെർമിറ്റ് അനുവദിച്ചിട്ടില്ല.<br>BL 35<br>സ. നം. 194/5-2 .<br>റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്. | അപേക്ഷാ ഫീസ് 1000 രൂപ 119040400001/28.01.2020 നമ്പർ രസീത് പ്രകാരം അടവാക്കിയിട്ടുണ്ട് ( രജിസ്റ്ററിൽ 30 രൂപയാണ് രേഖപ്പെടുത്തിയത് ).<br>അപേക്ഷ ലഭിച്ച് വർഷങ്ങളായിട്ടും രജിസ്റ്ററിൽ പെർമിറ്റ്/നമ്പർ അനുവദിച്ചതായോ അപേക്ഷ നിരസിച്ചതായോ നോട്ടീസ് നൽകിയതായോ രേഖപ്പെടുത്തിയിട്ടില്ല.<br>ടി ടവർ നിർമ്മാണം നടന്നതായോ/പൂർത്തീകരിച്ച് നമ്പർ |

| | | | |
|---|---|---|---|
| | | | ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. |
| 6 | E1-9084/21 06.10.21 | പെർമിറ്റ് നം രേഖപ്പെടുത്തിയിട്ടില്ല.<br>BL 35<br>സ. നം. 62/4-4.<br>വാർഡ് 14.<br>സമ്മിറ്റ് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്. | പെർമിറ്റ് 09.03.2022ന് അപ്രൂവ് ചെയ്തതായി സീൽ വെച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.<br>പെർമിറ്റ് അനുവദിച്ച് ആയതിന്റെ ഒരു വർഷ കാലാവധി കഴിഞ്ഞിട്ടും ആയതിന്റെ വിശദാംശങ്ങൾ പരിശോധിച്ചിട്ടില്ല.<br>ടി ടവർ നിർമ്മാണം നടന്നതായോ/പൂർത്തീകരിച്ച് നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. |
| 7 | PW1-7466/22/ 27.08.2022 | പെർമിറ്റ് നം. PW1-7466/22/ 29.09.2022.<br>BL 12<br>സ. നം. - 13/7-2 .<br>വാർഡ് 35.<br>എ.ടി.സി ടെലികോം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്. | ഫയൽ പരിശോധനക്ക് ലഭ്യമാക്കി. 27.04.23ന് കംപ്ലീഷൻ അപേക്ഷ സമർപ്പിച്ചു. ടവറിന്റെ ഉയരം പ്ലാനിലേതുമായി പൊരുത്തപ്പെടാത്തത് സംബന്ധിച്ച് അപേക്ഷകന് കത്ത് നൽകിയിട്ടുണ്ട്. കെട്ടിടത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്ന മദ്രസ കമ്മിറ്റിയുടെ പരാതിയിന്മേൽ 20.11.23ൽ ജില്ലാ കളക്ടർക്ക് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. തുടർ നടപടി വിവരം ഫയലിൽ ഇല്ല.<br>നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതിനാൽ ടി ടവർ നഗരസഭ കെട്ടിട നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതും അപ്രകാരമെങ്കിൽ ഉചിത നടപടികൾ സ്വീകരിച്ച് പ്രവർത്തനം നിർത്തിവെക്കുന്നതിനോ നികുതി അടവാക്കി പ്രവർത്തനം തുടരുന്നതിനോ ഉള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതുമുണ്ട്. |
| 8 | PW1-9729/22/ 31.10.2022 | പെർമിറ്റ് നം. PW1-9729/22/ 21.12.2022.<br>BL 36<br>സ. നം. - 94/14,115.<br>വാർഡ് 28.<br>വാർഡ് 35.<br>ഇൻഡസ് ടവേഴ്സ് ലിമിറ്റഡ്. | ഫയൽ പരിശോധനക്ക് ലഭ്യമാക്കി. 10.03.23ന് കംപ്ലീഷൻ അപേക്ഷ സമർപ്പിച്ചു. പ്രദേശ വാസികളുടെ പരാതിയുടെ അടിസ്ഥാനത്തിൽ 29.06.23ലെ ജില്ലാ തല ടെലികോം കമ്മിറ്റിയുടെ ഓൺലൈൻ യോഗത്തിലേക്ക് വെച്ചിട്ടുണ്ട്. തുടർ നടപടി വിവരം ഫയലിൽ ഇല്ല.<br>നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതിനാൽ ടി ടവർ നഗരസഭ കെട്ടിട നമ്പർ ലഭിക്കാതെ/നികുതി അടവാക്കാതെ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്നത് ഉൾപ്പടെയുള്ള കാര്യങ്ങൾ പരിശോധിക്കേണ്ടതും അപ്രകാരമെങ്കിൽ ഉചിത നടപടികൾ സ്വീകരിച്ച് പ്രവർത്തനം നിർത്തിവെക്കുന്നതിനോ നികുതി അടവാക്കി പ്രവർത്തനം തുടരുന്നതിനോ ഉള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതുമുണ്ട്. |

പെർമിറ്റ് രജിസ്റ്ററിൽ മതിയായ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ക്രമ നം. 1 മുതൽ 6 വരെ ടവറുകളുടെ നിർമ്മാണം/പ്രവർത്തനം സംബന്ധിച്ച നിജസ്ഥിതി പരിശോധിക്കുന്നതിനായി ടി ടവറുകളുടെ പെർമിറ്റ്/ നമ്പറിംഗ് സംബന്ധിച്ച ഫയൽ പരിശോധനക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 16/23.01.2024 നൽകിയെങ്കിലും ആയതിന് മറുപടി ലഭ്യമാക്കുകയോ ഫയലുകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല.

പെർമിറ്റ് പുതുക്കുകയോ നമ്പർ ലഭ്യമാകുകയോ ചെയ്യാതെ ടവറുകൾ പ്രവർത്തിച്ച് വരുന്നതിന് സാധ്യതയുള്ളതാണ്. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ക്രമ നം. 1 മുതൽ 6 വരെ ഫയലുകൾ ഓഡിറ്റിന് പരിശോധനക്ക് ഹാജരാക്കേണ്ടതും, പട്ടികയിലെ എല്ലാ ടവറുകളുടെയും അപേക്ഷകൾ പ്രകാരമുള്ള സൈറ്റുകൾ നഗരസഭ എഞ്ചിനിയറിംഗ് വിഭാഗവും കൂടി ചേർന്ന് പരിശോധിച്ച് ആയവയിൽ ടവർ നിർമ്മാണം നടന്നിട്ടുണ്ടോ/പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ എന്ന വിവരങ്ങൾ ലഭ്യമാക്കേണ്ടതും പ്രവർത്തിക്കുന്ന ടവറുകൾക്ക് ചട്ടപ്രകാരമുള്ള നടപടി സ്വീകരിച്ച് പെർമിറ്റ്/ക്രമവൽക്കരണ ഫീസ് ഈടാക്കി എന്ന് മുതലാണ് പ്രവർത്തനം ആരംഭിച്ചത് എന്ന് പരിശോധിച്ച് അന്ന് മുതലുള്ള, ചട്ടപ്രകാരമുള്ള വസ്തു നികുതി ഈടാക്കി, എഞ്ചിനിയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 രജിസ്റ്റർ ചെയ്യാതെ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1997 - ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം പുതിയ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 3 പ്രകാരമുള്ള ഫീസ് അടവാക്കി

രജിസ്റ്റർ ചെയ്യേണ്ടതും, നിലവിലുള്ള സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 5(1) പ്രകാരമുള്ള ഫീസ് അടവാക്കി രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. മുനിസിപ്പാലിറ്റി നിയമം സെക്ഷൻ 314 പ്രകാരം, ചട്ടവിരുദ്ധമായി, രജിസ്റ്റർ ചെയ്യാതെ ഒരു സ്വകാര്യ ആശുപത്രിയോ പാരാമെഡിക്കൽ സ്ഥാപനമോ നടത്തുകയോ പരിപാലിക്കുകയോ ചെയ്യുന്ന ഏതൊരാളും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപ വരെയാകാവുന്ന പിഴ ശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും ആയിരം രൂപ വരെയാകാവുന്ന അധിക പിഴ ശിക്ഷയും നൽകി ശിക്ഷിക്കപ്പെടേണ്ടതാണ്.

പരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പ്രകാരം നഗരസഭ 2022-23ൽ ലൈസൻസ് അനുവദിച്ചതും പാരാമെഡിക്കൽ രജിസ്ട്രേഷൻ ചെയ്യാത്തതുമായുള്ള സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ | സ്ഥാപനം, ലൈസൻസി |
|---|---|---|
| 1 | 44, വാർഡ് 10 | അറോറ മെഡ്സ്കിൽസ്(AMI),ഷാജിദ് സി-പാരാമെഡിക്കൽ വിദ്യഭ്യാസ സ്ഥാപനം. |
| 2 | 13, വാർഡ് 11 | സിയാസ് ഡെന്റൽ ക്ലിനിക്, ഡോ. റോഷിണി റസ്സോസ് |
| 3 | 12, വാർഡ് 11 | മാളിയേക്കൽ പോളി ക്ലിനിക്, മുഹമ്മദ് അബ്ദുറഹിമാൻ.-കാഴ്ച പരിശോധന. |
| 4 | 72, വാർഡ് 11 | ലൈഫ് കെയർ ഡയഗ്നോസ്റ്റിക്, നൂർ മുഹമ്മദ്. |
| 5 | 55, വാർഡ് 32 | സേവന ഡയഗ്നോസ്റ്റിക്, ഉസ്മാൻ പുതുശ്ശേരി. |
| 6 | 128, വാർഡ് 10 | DDRLSRL ലബോറട്ടറി, മാനേജിങ്ങ് ഡയറക്ടർ. |

മേൽ സ്ഥാപനങ്ങൾ 1997 – ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം നഗരസഭയിൽ രജിസ്റ്റർ ചെയ്തതിന്റെയോ രജിസ്ട്രേഷൻ പുതുക്കിയതിന്റെയോ രേഖകൾ പരിശോധനക്ക് ലഭ്യമാക്കുകയോ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.
ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 17/23.01.2024ന് ലഭ്യമാക്കിയ മറുപടി മേൽ സ്ഥാപനങ്ങൾ ചട്ടപ്രകാരം രജിസ്റ്റർ ചെയ്ത് വിവരം ലഭ്യമാക്കുന്നതാണ് എന്നറിയിച്ചു. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 നഗരസഭ ലൈസൻസില്ലാതെയും വിനോദ നികുതി അടവാക്കാതെയും സിനിമ തിയേറ്റർ പ്രവർത്തിച്ചത്- തുടർനടപടികൾ സ്വീകരിക്കുന്നില്ല

ലൈസൻസ് രജിസ്റ്റർ മറ്റ് അനുബന്ധ രേഖകൾ തുടങ്ങിയവ പരിശോധിച്ചതിൽ, നഗരസഭയിൽ പ്രവർത്തിക്കുന്ന കൽപ്പക തിയേറ്റർ എന്ന സ്ഥാപനം 2022-23 സാമ്പത്തിക വർഷത്തിൽ നഗരസഭിയൽ നിന്നും ലൈസൻസ് എടുത്തിട്ടില്ല എന്ന് കണ്ടെത്തി. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നഗരസഭ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ 11/158 നമ്പർ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ടി സ്ഥാപനത്തിന്, മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 447, 511 എന്നിവ പ്രകാരം 13.02.2023ന് 35/2023 നമ്പർ ഫോം സി നോട്ടീസ് നൽകിയിട്ടുണ്ട്.

മേൽ നോട്ടീസിന് 15.02.23ന് ടി സ്ഥാപനം നൽകിയ മറുപടിയിൽ സിനിമ വ്യവസായം വിനോദമായാണ് സർക്കാർ കണക്കാക്കുന്നതെന്നും വ്യാപാരമായിട്ടല്ല എന്നും ആയതിനാൽ ലൈസൻസിൽ നിന്ന് ഒഴിവാക്കി തരണമെന്നും മറ്റും അറിയിക്കുകയാണ് ചെയ്തത്. തുടർന്ന് 23.02.23ന് വീണ്ടും നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും ലൈസൻസ് എടുത്തിട്ടില്ല. മാത്രമല്ല സ്ഥാപനം പ്രവർത്തിക്കുമ്പോൾ നഗരസഭയിലേക്ക് അടവാക്കേണ്ട വിനോദ നികുതി, തൊഴിൽ നികുതി എന്നിവ അടവാക്കിയിട്ടുമില്ല.

കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 447പ്രകാരവും സ.ഉ.(സാധാ)നം.1038/2022/LSGD തിയതി.27.04.22 ൽ, സംസ്ഥാനത്തെ സിനിമ തിയേറ്ററുകളുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ലൈസൻസ് പിഴയില്ലാതെ പുതുക്കുന്നതിനുള്ള കാലാവധി 31.08.22 വരെ ദീർഘിപ്പിച്ചതായി ഉത്തരവായതിൽ വ്യക്തമാക്കിയതും പ്രകാരം ടി തിയേറ്റർ ലഭ്യമാക്കിയ മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ തന്നെ യഥാസമയം ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതായിരുന്നു.

നഗരസഭക്ക് ലഭ്യമാവേണ്ട ലൈസൻസ് ഫീസ്, തൊഴിൽ നികുതി, വിനോദ നികുതി എന്നിവ ലഭ്യമാക്കാതെ നിയമ വിരുദ്ധമായി മേൽ സ്ഥാപനം പ്രവർത്തിച്ച് വന്നിട്ടും യഥാസമയം ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 32/25.01.2024ന് മറുപടി ലഭ്യമായിട്ടില്ല. അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-20 വാടക വരവ് രജിസ്റ്ററുകളും രേഖകളും പൂർണ്ണ വിവരങ്ങൾ ചേർത്ത് സൂക്ഷിക്കുന്നില്ല-അപാകതകൾ

വാടക വരവുമായി ബന്ധപ്പെട്ട രേഖകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ, ഇവയുടെ സൂക്ഷിപ്പ് ക്രമപ്രകാരമല്ലെന്നും ഈ ചുമതല നിർവ്വഹിക്കുന്നതിന് ഉത്തരവാദപ്പെട്ട സെക്ഷനുകളോ മേൽനോട്ടത്തിന് ചുമതലപ്പെട്ട മേലുദ്യോഗസ്ഥരോ

കാര്യക്ഷമമായ ഇടപെടലുകൾ ഒന്നും തന്നെ നടത്തിയിട്ടില്ല എന്നും വ്യക്തമായിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു. വാടക രജിസ്റ്ററിലെ വിവരങ്ങൾ പ്രകാരം ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സിലും അനുബന്ധിച്ചുമായി ആകെ 19 മുറികളും നെടിയിരുപ്പ് ഷോപ്പിംഗ് കോംപ്ലക്സിൽ 5 മുറികളും ഉൾപ്പെടെ ആകെ 24 മുറികൾ വാടകക്ക് നൽകാവുന്നതായി നഗരസഭക്ക് ഉണ്ട്. ഇതിൽ വാടകക്ക് നൽകിയതും ലഭ്യമായ വാടകയും സംബന്ധിച്ച വിവിരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന. | റൂം/ സ്റ്റാൾ നമ്പർ | പേര് | മാസ വാടക | കളക്ഷൻ, ബാലൻസ് വിവരങ്ങൾ |
|---|---|---|---|---|
| I-ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് | | | | |
| 1 | 35/739 | ഒഴിവ് | - | - |
| 2 | 35/740 | അബ്ദുൽ കരീം വട്ടക്കണ്ടത്തിൽ | 7216+GST | പൂർണ്ണമായും ഈടാക്കി |
| 3 | 35/741 | സുധീഷ് പി | 23638+GST | ഏഴ് മാസത്തെ വാടക GST ഉൾപ്പടെ ആകെ 195250/- രൂപ 122020106818/ 03.11.22 രസീത് പ്രകാരം അടവാക്കി. ബാക്കി 5 മാസത്തെ വാടക അടവ് വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | 35/742 | സുബ്രഹ്മണ്യൻ മാസ്റ്റർ | 5443+GST | പൂർണ്ണമായും ഈടാക്കി |
| 5 | 35/743 | സുധീഷ് പി | 42000+GST | രണ്ട് മാസത്തെ വാടക GST ഉൾപ്പടെ ആകെ 99120/- രൂപ 122020106819/ 03.11.22 രസീത് പ്രകാരം ഈടാക്കി. മറ്റ് മാസങ്ങളിലെ വാടക വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 6 | 35/744 | സഹീർ തീറ്റുംവിളക്കൽ | 73003+GST | 122020101224/06.05.22(Rs.86143), 122020103543/05.07.22(Rs. 86143), 122020110888/10.02.23(Rs.258423), 122020105911/01.10.22(Rs.172286), എന്നിങ്ങനെ ആകെ 7 മാസത്തെ വാടകയാണ് ഈടാക്കിക്കാണുന്നത്. ബാക്കി 5 മാസത്തെ വാടക അടവ് വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 7 | 35/745 | നിഖില W/O പ്രഭീഷ് മൂലയിൽ | 17365+GST | 122020119815/09.6.22 പ്രകാരം 48795+3346(പിഴ)= Rs.51296 രൂപ ഈടാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് രജിസ്റ്ററിൽ രേഖപ്പെടുത്തിയ 17365 രൂപ എന്ന മാസ വാടകയുമായി പൊരുത്തപ്പെടുന്നില്ലാത്തതിനാൽ എത്ര മാസത്തെ വാടകയാണ് എന്ന് ഉറപ്പ് വരുത്താനായിട്ടില്ല. |
| 8 | 35/746 | പ്രഭീഷ് മൂലയിൽ | 27440+GST | 1220201191--/09.08.22പ്രകാരം 3340രൂപ പിഴയുൾപ്പടെ 85200 രൂപയും, ചെക്ക് നം. 731958,12302050015/08.09.23 പ്രകാരം 5488 രൂപ പിഴയുൾപ്പടെ 135004/- രൂപയും ആയി ആകെ 7 മാസത്തെ വാടക ഈടാക്കിയതായി കാണുന്നു. ബാക്കി 5 മാസത്തെ വാടക ഒടുക്ക് വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 9 | 35/747 | സ്വാമി അമാരൻ | 26930+GST | 122020102200/01.06.22 പ്രകാരം രണ്ട് മാസത്തെ വാടക മാത്രം ഈടാക്കിയതായി കാണുന്നു. ബാക്കി 10 മാസത്തെ വാടക അടവ് വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 10 | 35/748 | മുരളീദാസൻ | 10210+GST | 122020101158/04.05.22(Rs.12048), 122020102437/04.06.22(Rs. 12048), 122020103577/05.07.22(Rs.12048) എന്നിവ പ്രകാരം ആകെ മൂന്ന് മാസത്തെ വാടക മാത്രം ഈടാക്കിയതായി കാണുന്നു. ബാക്കി 9 മാസത്തെ വാടക അടവ് വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 11 | 35/749 | ഒഴിവ് | - | - |
| 12 | 35/750 | ഒഴിവ് | - | - |
| 13 | 35/751 | ഒഴിവ്/മുനിസിപ്പൽ ഓഫീസ് ആവശ്യം | - | - |
| 14 | 35/752 | ഒഴിവ്/മുനിസിപ്പൽ ഓഫീസ് ആവശ്യം | - | - |
| 15 | 35/753 | ശുചിത്വ മിഷൻ MCF ആവശ്യം | - | - |

| | | | | |
|---|---|---|---|---|
| 16 | 35/754 | ശുചിത്വ മിഷൻ MCF ആവശ്യം | - | - |
| 17 | 35/755 | ഹംസ ചാക്കുന്നേൽ | 2431+GST | 123020105933/23.09.23(Rs.10005) പ്രകാരം മൂന്ന് മാസത്തെ വാടക അടവാക്കിയതായി കാണുന്നു. ബാക്കി 9 മാസത്തെ വാടക അടവ് വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 18 | 35/756 | ശുചിത്വ മിഷൻ MCF ആവശ്യം | - | - |
| 19 | 35/757 | ശുചിത്വ മിഷൻ MCF ആവശ്യം | - | - |
| 20 | 35/758 | ശുചിത്വ മിഷൻ MCF ആവശ്യം | - | - |
| **II -നെടിയിരുപ്പ് ഷോപ്പിംഗ് കോംപ്ലക്സ്** | | | | |
| 21 | 30/420 | ഉമ്മർ ആലിക്കപ്പള്ളിയാളി | 5845+GST | അവസാനമായി 122020108479/ 09.01.23 പ്രകാരം 12/23ലെ വാടക 6900/- രൂപ വരെ അടവാക്കിയിട്ടുണ്ട്. ബാക്കി മൂന്ന് മാസങ്ങളിലെ വാടക അടവ് വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 22 | 30/421 | ബിനീഷ് അമ്മാഞ്ചേരി | 6138+GST | 122020109883/30.10.23(Rs. 60000) പ്രകാരം 8 മാസത്തെ വാടക പിഴ ഉൾപ്പടെ ഈടാക്കിയിട്ടുണ്ട്. ബാക്കി 4 മാസത്തെ വാടക അടവ് വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 23 | 30/422 | ഉമ്മർ | 5822+GST | അവസാനമായി 122020108480/ 09.01.23 പ്രകാരം 12/23ലെ വാടക 6873/- രൂപ വരെ അടവാക്കിയിട്ടുണ്ട്. ബാക്കി മൂന്ന് മാസങ്ങളിലെ വാടക അടവ് വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 24 | 30/423 | ഉമ്മർ ആലിക്കപ്പള്ളിയാളി | 5868+GST | അവസാനമായി 122020108480/ 09.01.23 പ്രകാരം 12/23ലെ വാടക 6900/- രൂപ വരെ അടവാക്കിയിട്ടുണ്ട്. ബാക്കി മൂന്ന് മാസങ്ങളിലെ വാടക അടവ് വിവരം രേഖപ്പെടുത്തിയിട്ടില്ല. |
| 25 | 30/424 | മുഹമ്മദ് ബഷീർ കുറുപ്പത്ത് | 6138+GST | 122020110265/04.02.23 പ്രകാരം 5 മാസത്തെ വാടക പിഴയുൾപ്പടെ 39089/- രൂപ അടവാക്കിയിട്ടുണ്ട്. ബാക്കി 7 മാസങ്ങളിലെ വാടക അടവ് വിവരം രേഖപ്പെടുത്തിയിട്ടില്ല. |

**അപാകതകൾ**

1) രജിസ്റ്ററിലെ വിവരങ്ങൾ പ്രകാരം നിരവധി മാസങ്ങളിലെ വാടക കുടിശ്ശിയുള്ളതായി കാണുന്നുണ്ട്. രജിസ്റ്ററിൽ അതത് മാസങ്ങളിലെ കളക്ഷൻ തുകകൾ രേഖപ്പെടുത്താതെ ഒടുക്ക് വരുന്ന തുകകൾ രസീത് നമ്പർ ചേർത്ത്(രേഖപ്പെടുത്തൽ വ്യക്തമല്ലാത്ത രസീതുകളും ഉണ്ട്) രജിസ്റ്ററിൽ രേഖപ്പെടുത്തുകയാണ്, ഇത് ഏത് മാസത്തെ വാടക തുകയാണ് എന്നത് രേഖപ്പെടുത്തുന്നില്ല. ആയതിനാൽ തന്നെ ഓരോ റൂമിലും ഏതൊക്കെ മാസങ്ങളിലെ വാടകയാണ് കുടിശ്ശിക എന്നത് കൃത്യമായി കണ്ടെത്താൻ കഴിയുന്നില്ല.

2) രജിസ്റ്ററിൽ അടവ് വരുന്ന തുകകൾ സംബന്ധിച്ച രേഖപ്പെടുത്തലുകൾ സെക്രട്ടറിയോ മറ്റ് ഉത്തരവാദപ്പെട്ടരോ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3) ഒഴിവായി കിടക്കുന്ന ഷോപ്പ് മുറികൾ ഒഴിഞ്ഞ് കിടക്കുന്നതായി സെക്രട്ടറിയോ മറ്റ് ഉത്തരവാദപ്പെട്ടവരോ സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയവ ഒഴിഞ്ഞ് കിടക്കുന്നതാണോ വാടക ലഭ്യമാകാത്തതാണോ എന്നത് ഉറപ്പ് വരുത്താനാകുന്നില്ല.

4) വാടക വാർഷിക വർദ്ധവന് ചെയ്തതതായി കാണുന്നില്ല.

5) വാടക രജിസ്റ്റർ നിശ്ചിത മാതൃകയിലുള്ളതല്ല എഴുതി സൂക്ഷിക്കുന്നത്.

6) മുറികൾ വാടകക്ക് നൽകുന്നതിന് 2022 ഫെബ്രുവരി മാസത്തിൽ ലേല നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും ആദ്യ തവണ ലേലത്തിൽ പോകാതെ ഒഴിഞ്ഞ് കിടക്കുന്ന മുറികൾ രണ്ടാമതും ലേലം ചെയ്തിട്ടും ആരും ഏറ്റെടുക്കാത്ത സാഹചര്യത്തിൽ 2022 ഡിസംബർ മാസമായിട്ടും ഓഫർ സ്വീകരിച്ച് വാടകക്ക് നൽകുന്നതടക്കമുള്ള മറ്റ് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.
7). ഷോപ്പിംഗ് കോംപ്ലക്സ് വാടകക്ക് നൽകുന്നത് സംബന്ധിച്ച് ബൈലോ തയ്യാറാക്കിയിട്ടില്ല/പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല
അപാകതകൾ സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.31/25.01.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-21 ബസ് സ്റ്റാന്റ് ഫീസ് പിരിവ് രേഖകൾ സൂക്ഷിപ്പ് - അപാകതകൾ

ബസ് സ്റ്റാൻഡ് ഫീസ് വരവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ, ഇവയുടെ സൂക്ഷിപ്പ് ക്രമപ്രകാരമല്ലെന്നും ഈ ചുമതല നിർവ്വഹിക്കുന്നതിന് ഉത്തരവാദപ്പെട്ട സെക്ഷനുകളോ മേൽനോട്ടത്തിന് ചുമതലപ്പെട്ട മേലുദ്യോഗസ്ഥരോ കാര്യക്ഷമമായ ഇടപെടലുകൾ ഒന്നും തന്നെ നടത്തിയിട്ടില്ല എന്നും വ്യക്തമായിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ലേല ഡയറി പ്രകാരം ശ്രീ. മുഹമ്മദ് കെ.കെ, പ്രസിഡണ്ട്, ബസ് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ എന്നവർ 4,82,000/- രൂപക്ക് ലേലം എടുത്ത് 50,000/- രൂപ നിരതദ്രവ്യം കെട്ടിവെച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ബസ് സ്റ്റാൻഡ് ഫീസ് ഇനത്തിൽ രജിസ്റ്റർ പ്രകാരം ഈടാക്കിയ തുക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.ന. | രസീത് നം | തുക | ആകെ കളക്ഷൻ |
|---|---|---|---|
| 1 | 121020114198/15.03.22 | 160666 | 432002+50000= 482002/- |
| 2 | 1210201103911/21.07.22 | 107112 | |
| 3 | 121020107322/24.11.22 | 107112 | |
| 4 | 121020115257/14.03.23 | 57112+15640 | |

**അപാകതകൾ**

1) വാടക രജിസ്റ്ററിലാണ് ബസ് സ്റ്റാൻഡ് ഫീസ് വരവ് വിവരങ്ങൾ രേഖപ്പെടുത്തുന്നത്. ബസ് സ്റ്റാൻഡ് ഫീസ് കളക്ഷൻ വിവരങ്ങൾക്കായി പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2) വാടക രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം 482000+GST ഡിമാന്റ് ആയി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ GST തുക ഈടാക്കിയതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ രേഖപ്പെടുത്തലുകൾ സെക്രട്ടറിയോ മറ്റോ സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2) ബസ് സ്റ്റാന്റ് കളക്ഷൻ ലേലം സംബന്ധിച്ച ലേലഡയറിയിൽ ലേലം തുകയായി രേഖപ്പെടുത്തിയ 482000/-രൂപയുടെ ലേലം, കൗൺസിൽ അംഗീകരിച്ച തിയതിയോ തുകയോ തിയതിയോ ഉൾപ്പടെയുള്ള പൂർണ്ണ വിവരങ്ങൾ ചേർത്ത് സെക്രട്ടറിയോ മറ്റ് ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.31/25.01.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും രേഖകളിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതും ജി.എസ്.ടി. ഇനത്തിൽ ഈടാക്കേണ്ട തുക ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ അടവാക്കേണ്ടതുമാണ്.

## 1-22 മാർക്കറ്റ് ഫീസ് കളക്ഷൻ -അപാകതകൾ

മാർക്കറ്റ് ഫീസ് വരവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ, ഇവയുടെ സൂക്ഷിപ്പ് ക്രമപ്രകാരമല്ലെന്നും ഈ ചുമതല നിർവ്വഹിക്കുന്നതിന് ഉത്തരവാദപ്പെട്ട സെക്ഷനുകളോ മേൽനോട്ടത്തിന് ചുമതലപ്പെട്ട മേലുദ്യോഗസ്ഥരോ കാര്യക്ഷമമായ ഇടപെടലുകൾ ഒന്നും തന്നെ നടത്തിയിട്ടില്ല എന്നും കണ്ടു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

മത്സ്യ മാർക്കറ്റ് ഫീസ് ഇനത്തിൽ 1254000/- രൂപയാണ് ആകെ വരവായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയത്. മത്സ്യ മാർക്കറ്റ് ഫീസ് നഗരസഭ നേരിട്ട് പിരിവ് നടത്തി വരുന്നതായും മുൻ വർഷങ്ങളിലെ പോലെത്തന്നെ ഈയിനത്തിൽ ഓരോ ദിവസവും ആകെ വിൽക്കുന്ന മത്സ്യ പെട്ടികളുടെ എണ്ണത്തിനനുസരിച്ച് ഒരു പെട്ടിക്ക് നാല് രൂപ നിരക്കിൽ ലഭ്യമാകുന്ന തുക എല്ലാം കൂടി രണ്ടാഴ്ചയിൽ ഒരിക്കൽ നഗരസഭയിൽ അടവാക്കുകയാണ് ചെയ്യുന്നത്. ഒരു ദിവസം ശരാശരി 850 പെട്ടികൾ എന്ന രീതിയിൽ രണ്ടാഴ്ചയിൽ ആകെ ശരാശരി 50000/- രൂപ കളക്ഷനാണ് ലഭ്യമാകുന്നത്. ഇത് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) മാർക്കറ്റ് വരവ് സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഒരു രജിസ്റ്ററിൽ ഓരോ രണ്ടാഴ്ച കൂടുമ്പോഴും അടവാക്കുന്ന തുകയുടെ രസീത് പതിക്കുക മാത്രമാണ് ചെയ്യുന്നത്. നിരവധി രസീതുകൾ രജിസ്റ്ററിൽ പതിക്കാതെ വെച്ചതായും ഉണ്ട്. ഇത് രസീതുകൾ നഷ്ടപ്പെടാൻ ഇട വരുന്നതാണ്.

2) രജിസ്റ്ററിൽ വരവ് തുകകൾ കൃത്യമായി രേഖപ്പെടുത്തി സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറിയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വരവിന്റെ കൃത്യത ഉറപ്പ് വരുത്താനായിട്ടില്ല.

3) നഗരസഭ നേരിട്ടാണ് പിരിവ് നടത്തുന്നത് എന്ന് ഫയലിൽ കുറിച്ചതായി കാണുന്നുണ്ടെങ്കിലും ആരാണ് തുക കളക്ട് ചെയ്യുന്നത് എന്നും ആയത് എന്ത് കൊണ്ട് അതാത്/തൊട്ടടുത്ത ദിവസം നഗരസഭയിൽ അടവാക്കുന്നില്ല എന്നതും വ്യക്തമല്ല. നഗരസഭയിൽ യഥാസമയം ഒടുക്കേണ്ടതായുള്ള വലിയ തുകകകൾ രണ്ടാഴ്ചയോളം വ്യക്തികൾ കൈവശം വെക്കുന്നതായാണ് വ്യക്തമാകുന്നത്.

4) മിക്ക ദിവസങ്ങളിലും 900 പെട്ടികൾ വിൽപ്പന നടന്നതായും ചില ദിവസങ്ങളിൽ 800 പെട്ടികൾ വിൽപ്പന നടന്നതായുമാണ് രണ്ടാഴ്ചയിൽ ഒരിക്കൽ നഗരസഭയിൽ പണമടവാക്കുമ്പോൾ നൽകുന്ന സ്ലിപ്പിൽ രേഖപ്പെടുത്തിയത്.

എന്നാൽ വിൽപ്പന നടത്തുന്ന പെട്ടികളുടെ എണ്ണം പരിശോധിക്കുന്നതിന് /ഉറപ്പുവരുത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരെന്നോ പരിശോധന റിപ്പോർട്ടോ ലഭ്യമല്ല. വിൽപ്പന എണ്ണത്തിൽ കാര്യമായ മാറ്റങ്ങൾ ഇല്ലാത്തതിനാൽ ഓരോ ദിവസവും വിൽക്കപ്പെടുന്ന പെട്ടികളുടെ എണ്ണം കൃത്യമായാണ് രേഖപ്പെടുത്തുന്നത് എന്നത് ഉറപ്പില്ല. കൃത്യമായ ഡിമാന്റ് ഇല്ലാത്ത ഇനമായതിനാൽ നഗരസഭ നേരിട്ട് പിരിച്ചെടുക്കുമ്പോൾ സുതാര്യത ഉറപ്പുവരുത്തൽ പ്രയാസകരമാണ് എന്നതിനാൽ ഈ ഇനം പിരിവ് നിലവിൽ വർഷത്തിൽ ലഭ്യമാകുന്ന തുകയേക്കാൾ വലിയ തുക ലഭ്യമാകുന്ന രീതിയിൽ ലേലം ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

അപാകതകൾ സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.31/25.01.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതും രജിസ്റ്ററിലും രേഖകളിലും കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-23 കംഫർട്ട് സ്റ്റേഷൻ ഫീസ് പിരിവ്-അപാകതകൾ

പബ്ലിക് സാനിറ്റേഷൻ ഫീസ് ഇനത്തിൽ വാർഷിക കണക്ക് പ്രകാരം 199916/- രൂപ വരവുണ്ട്. ഇത് സംബന്ധിച്ച കൃത്യമായ വരവ് വിവരം പരിശോധിക്കുന്നതിന് രജിസ്റ്ററോ തുക കളക്ഷൻ സംബന്ധിച്ച രേഖകളോ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ലേലം ഫയൽ പരിശോധിച്ചതിൽ, നഗരസഭ കംഫർട്ട് സ്റ്റേഷൻ ലേലം ചെയ്യുന്നതിന് രണ്ട് തവണ നടപടികൾ സ്വീകരിച്ചുവെങ്കിലും ആരും ലേലം എടുത്തിട്ടില്ലാത്തതിനാൽ ഓഫർ സ്വീകരിച്ച് തുടർനടപടികൾ കൈക്കൊള്ളുന്നതിന് 20.12.22ന് സൂപ്രണ്ട് ഫയലിൽ കുറിച്ചിട്ടുണ്ട്. എന്നാൽ തുടർന്ന് സ്വീകരിച്ച നടപടികളോ, മേൽ തിയതിക്ക് മുൻപോ ശേഷമോ എപ്രകാരമാണ് കളക്ഷൻ തുക പിരിച്ചത് എന്നും ഓരോ ദിവസത്തെയും കളക്ഷൻ എത്രയാണ്, ആയത് എപ്രകാരം ഉറപ്പ് വരുത്തി, ഏതൊക്കെ തിയതികളിലാണ് നഗരസഭയിൽ അടവാക്കിയത്, ആകെ എത്ര ലഭ്യമായി എന്ന വിവരങ്ങളൊന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാലും അടവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കാത്തതിനാലും ഈയിനത്തിലെ വരവ് യഥാസമയം കൃത്യമായി ഒടുക്ക് വന്നിട്ടുണ്ടോ എന്നത് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.31/25.01.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രജിസ്റ്ററിലും രേഖകളിലും കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-24 പാഴ് വസ്തുക്കളുടെ വിൽപന-രേഖകൾ ലഭ്യമാക്കിയില്ല.

പാഴ് വസ്തുക്കളുടെ വിൽപ്പന ഇനത്തിൽ വാർഷിക കണക്ക് പ്രകാരം 95200/- രൂപ വരവുണ്ട്. ഈയിനത്തിൽ ലഭ്യമായ തുക ഏത് ഇനം സ്ക്രാപ്പ് (ഇ-വേസ്റ്റ്/പാഴ്ക്കടലാസ്/ഫർണ്ണിച്ചർ) വിൽപ്പനയിലൂടെ ലഭ്യമായതാണ്, സർക്കാർ ഉത്തരവ് (എം.എസ്)നം.27/2018/ഐ.ടി.ഡി തിയതി. 28.10.2018, സർക്കാർ ഉത്തരവ് (എം.എസ്)നം.30/2021/ഐ.ടി.ഡി തിയതി. 01.10.2021, സ്റ്റോർ പർച്ചേസ്, സ്റ്റേഷനറി വകുപ്പുകളുടെയും മറ്റുമായുള്ള വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചാണോ സ്ക്രാപ്പ് വിൽപ്പന നടത്തിയത്, സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്ക് സ്ക്രാപ്പുകൾക്ക് ലഭ്യമായിട്ടുണ്ടോ, സ്ക്രാപ്പ് രജിസ്റ്റർ സൂക്ഷിപ്പ് തുടങ്ങിയ വിവരങ്ങൾ പരിശോധിക്കുന്നതിന് യാതൊരു രേഖകളും രജിസ്റ്ററുകളും നഗരസഭ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.31/25.01.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി ബന്ധപ്പെട്ട ഫയൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-25 കെട്ടിട പെർമിറ്റ്/ക്രമവൽക്കരണം സംബന്ധിച്ച രജിസ്റ്റർ-അപാകതകൾ

പെർമിറ്റ് രജിസ്റ്ററിൽ, ലഭ്യമാകുന്ന അപേക്ഷകൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നതിലെ വീഴ്ചകൾ സംബന്ധിച്ച് 2021-22 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ വിശദമായി പരാമർശിച്ചിരുന്നതാണ്. നിലവിൽ ഹാജരാക്കിയ 2022-23 വർഷത്തെ പെർമിറ്റ്/ക്രമവൽക്കരണ അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ, പെർമിറ്റിന്/ക്രമവൽക്കരണത്തിനായി ലഭ്യമാകുന്ന അപേക്ഷകൾ യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്താൻ ശ്രദ്ധിച്ചിട്ടുണ്ടെങ്കിലും പെർമിറ്റ് അനുവദിക്കുകയോ ക്രമവൽക്കരിക്കുകയോ ചെയ്ത അപേക്ഷകരുടെ വിവരങ്ങൾ മാത്രമാണ് പൂർണ്ണമായും രജിസ്റ്ററിൽ രേഖപ്പെടുത്തി വരുന്നത് എന്ന് കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) പെർമിറ്റ്/ക്രമവൽക്കരണം അനുവദിക്കുന്ന സംഗതികളിൽ തന്നെ രജിസ്റ്ററിലെ വിവരങ്ങൾ പൂർണ്ണമായും യഥാ കോളങ്ങളിൽ രേഖപ്പെടുത്തുന്നില്ല.

2) പെർമിറ്റ്/ക്രമവൽക്കരണം അനുവദിക്കാത്ത അപേക്ഷകളിൽ ഇൻവാർഡ് നമ്പർ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നത്. അപേക്ഷകന്റെ പേര്, അഡ്രസ്സ്, കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ഒന്നും തന്നെ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

3) പെർമിറ്റ്/ക്രമവൽക്കരണം അനുവദിക്കാത്ത അപേക്ഷകൾ നിശ്ചിത കാലാവധിക്കകം പെർമിറ്റ് നിരസിച്ചതായോ അപാകതകൾ സൂചിപ്പിച്ച് നോട്ടീസ് നൽകിയതായോ മറ്റ് സ്ഥാപനങ്ങളിലേക്ക് NOCക്കായോ മറ്റോ അയച്ചതായോ ഉള്ള

വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

4) രജിസ്റ്ററിൽ വാർഷിക സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.31/25.01.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രജിസ്റ്ററിലും രേഖകളിലും കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-26 ബസ് സ്റ്റാൻഡ് ടി.വി പരസ്യം, ബസ് സ്റ്റോപ്പ് പരസ്യം, തെങ്ങുകളുൽ നിന്നുള്ള മേലാദായം, മറ്റ് ലേലം അപാകതകൾ

ബസ് സ്റ്റാൻഡ്, നെടിയിരുപ്പ് എന്നീ രണ്ട് ഷോപ്പിംഗ് കോംപ്ലക്സുകളിലെ മുറികൾ, ബസ് സ്റ്റാൻഡ് വരവ്, ബസ് സ്റ്റാൻഡ് കംഫർട് സ്റ്റേഷൻ, മാർക്കറ്റ് വരവ്, ബസ് സ്റ്റോപ്പിലെ പരസ്യം, ബസ് സ്റ്റാൻഡിലെ ടി.വി പരസ്യം, തെങ്ങുകളിൽ നിന്നുമുള്ള മേലാദായം തുടങ്ങിയവയാണ് നഗരസഭ ഓരോ വർഷവും ലേലം ചെയ്യുന്നതായി കാണുന്നത്. ലേലം സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ബസ് സ്റ്റാൻഡ് ടി.വി പരസ്യം, ബസ് സ്റ്റോപ്പ് പരസ്യം, തെങ്ങുകളിൽ നിന്നുള്ള മേലാദായം എന്നീ മൂന്ന് ഇനങ്ങളിലുള്ള വരവ് ലഭ്യമാക്കുന്നതിന് 15.03.22ന് ലേലം ചെയ്യുന്നതിന് 04.03.22ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്. തുടർന്ന് 06.04.22, 18.04.22, 21.05.22 എന്നീ തിയതികളിൽ ലേല നടപടികൾ സംബന്ധച്ച് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അജണ്ടകളും തീരുമാനങ്ങളും ഉണ്ടെങ്കിലും മേൽ ഇനങ്ങളിലെ വരവ് ലഭ്യമാക്കുന്നതിന് ലേല നടപടികളിലൂടെയോ ഓഫർ സ്വീകരിച്ചോ തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഇത് സംബന്ധിച്ച രജിസ്റ്ററോ രേഖകളോ ഹാജരാക്കിയിട്ടില്ല. 2022-23ൽ ബസ് സ്റ്റാൻഡ് ടി.വി പരസ്യം, ബസ് സ്റ്റോപ്പ് പരസ്യം എന്നീ ഇനങ്ങളിൽ വരവ് ലഭ്യമാകാത്തതും തെങ്ങുകളിൽ നിന്നുള്ള മേലാദായം ലഭ്യമാകുന്നതിന് യാതൊരു നടപടിയും സ്വീകരിക്കാത്തതും നഗരസഭയുടെ വീഴ്ചയായി കാണുന്നു.

2) ബസ് സ്റ്റാൻഡ് പിരിവ്, ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ, കംഫർട്ട് സ്റ്റേഷൻ എന്നിവയുടെ ലേലം ഡയറികൾ മാത്രമാണ് ഫയലിൽ ഉള്ളത്. ഇവയിൽ ഒന്നും തന്നെ മേൽ ഇനങ്ങൾ ലേലം കൊണ്ടതിന്റെ വിവരങ്ങൾ ലഭ്യമല്ല.

അപാകതകൾ സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.31/25.01.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും രജിസ്റ്ററിലും രേഖകളിലും കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി വരവ് വിവരങ്ങൾ ബന്ധപ്പെട്ട രേഖകൾ സഹിതം ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-27 UA നമ്പർ അനുവദിച്ച കെട്ടിടത്തിൽ വ്യാപാര സ്ഥാപനം പ്രവർത്തിക്കുന്നത് സംബന്ധിച്ച്

നഗരസഭയിലെ 11ാം വാർഡിൽ 988 നമ്പർ കെട്ടിടത്തിൽ CKB കട്ടൻസ് ഹോട്ടൽ എന്ന സ്ഥാപനം നടത്തുന്നതിന് ശ്രീ. അബ്ദുൽ റഫീക്ക് സി.കെ എന്ന വ്യക്തിക്ക് 693 നമ്പർ ലൈസൻസ് 3.11.2022 ന് 5 വർഷത്തേക്ക് അനുവദിച്ചിട്ടുണ്ട്. ഈ കെട്ടിടത്തിൽ അനധികൃ നിർമ്മാണം കണ്ടെത്തിയതിനാൽ സെക്രട്ടറിയുടെ 1.2.2023 ലെ H1-11875/22 നമ്പർ കത്ത് പ്രകാരം കെട്ടിടം UA ആയി അസസ്സ് ചെയ്തിട്ടുണ്ടെങ്കിലും മൂന്ന് ഇരട്ടി വസ്തു നികുതി നിർണ്ണയിച്ചത് ഈടാക്കി രസീതി നമ്പർ ചേർത്ത് ഒടുക്ക് വിവരം സാക്ഷ്യപ്പെടുത്തിയതായി UAരജിസ്റ്ററിൽ ചേർത്ത് കാണുന്നില്ല. ലൈസൻസ് മേൽ കത്ത് പ്രകാരം തന്നെ റദ്ദ് ചെയ്തിട്ടുണ്ട്. UA നമ്പർ രജിസ്റ്ററിൽ ഈ കെട്ടിടത്തിന് 11/988/1/UA എന്ന നമ്പർ നൽകിയിട്ടുണ്ട് (ഉടമകൾ- പാത്തുമ്മ, ഷൗക്കത്തലി, അബ്ദുൾ റഷീദ്). ലൈസൻസ് റദ്ദാക്കിയ നടപടിക്കെതിരെ ശ്രീ. അബ്ദുൽ റഫീക്ക് സി.കെ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുന്നു.

1) 2011ലെ കേരള മുനിസിപ്പാലിറ്റി(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ചതും പ്രത്യേക കെട്ടിട നമ്പർ നൽകപ്പെട്ടതും 406ാം വകുപ്പ് പ്രകാരമുള്ള നടപടിക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ വ്യാപാരത്തിനായോ വ്യവസായാവശ്യത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകാൻ പാടുള്ളതല്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ മേൽ കേസിന്റെ തീർപ്പിന് വിധേയമായി പ്രസ്തുത കെട്ടിടത്തെ/വ്യാപാരത്തെ സംബന്ധിച്ച് തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

2) 2011ലെ കേരള മുനിസിപ്പാലിറ്റി(വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 20(1) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക നമ്പർ നൽകി വിവരങ്ങൾ ഫോം 10ലുള്ള രജിസ്റ്ററിൽ രേഖപ്പടുത്തേണ്ടതും ചട്ടം 20(2) പ്രകാരം ഇത്തരം കെട്ടിടങ്ങൾക്ക് നമ്പർ നൽകുമ്പോൾ "യു.എ." എന്ന് ചേർത്ത് അനധികൃത നിർമ്മാണത്തിന്റെ വർഷം കൂടി ചേർത്ത് കെട്ടിട നമ്പർ രൂപപ്പെടുത്തി നൽകേണ്ടതാണ്. എന്നാൽ മേൽ യു.എ കെട്ടിട നമ്പറിൽ അനധികൃത നിർമ്മാണം സംബന്ധിച്ച വർഷം വ്യക്തമല്ലാത്തതും രജിസ്റ്റർ നിശ്ചിത മാതൃകയിൽ അല്ലാത്തതുമാണ്.

ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 35/25.01.24ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-28 മുൻകൂർ നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല

തനത്ഫണ്ട് വൗച്ചറുകൾ, അഡ്വാൻസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന ജീവനക്കാർക്ക് വിവിധ

ആവശ്യങ്ങൾക്കായി അനുവദിച്ച മുൻകൂറുകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല എന്ന് കണ്ടു. വിശദ വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | വൗച്ചർ നം. | മുൻകൂർ നൽകിയ തുക | റിമാർക്ക് |
|---|---|---|---|---|
| 1 | ശംഭു പി സോമൻ, സീ.ക്ലാർക്ക് | 22200330/14.07.22 | 15000 | E1-5874, എയർപോർട്ട് സർവേ- അതിർത്തി പുനർനിർണ്ണയം |
| 2 | അനിൽ കുമാർ , ജെ.എച്ച്.ഐ | 22200659/19.11.22 | 25000 | P1-9494/22, കേരളോത്സവത്തിന്റെ നടത്തിപ്പിന് നൽകിയത് |
| 3 | അനിൽ കുമാർ , ജെ.എച്ച്.ഐ | 22200665/26.11.22 | 25000 | P1-9494/22, കേരളോത്സവത്തിന്റെ നടത്തിപ്പിന് നൽകിയത് |
| 4 | അനിൽ കുമാർ , ജെ.എച്ച്.ഐ | 22200676/02.12.22 | 50000 | P1-9494/22, കേരളോത്സവത്തിന്റെ നടത്തിപ്പിന് നൽകിയത് |
| 5 | ഫാത്തിമ സുഹ്റാബി, സീ.ക്ലാർക്ക് | 22200740/23.12.22 | 15000 | E1-14523/16, PMAYഗുണഭോക്താക്കളുടെ സംഗമം ചെലവിന് |
| 6 | ഫാത്തിമ സുഹ്റാബി,സീ.ക്ലാർക്ക് | 22200854/17.02.23 | 5000 | R2-2745/17, ബഡ്സ് സ്കൂൾ വാഹന റിപ്പയറിംഗ് |
| 7 | റിജു മോഹൻ, ജെ.എച്ച്.ഐ | 22200821/03.02.23 | 25000 | Hi/804/23, GEX Kerala 23- മീറ്റിങ്ങിൽ പങ്കെടുക്കുന്നതിനുള്ള ചെലവ് |
| ആകെ | | | 1,60,000 | |

.മേൽ മുൻകൂറുകൾ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ ചെലവ് വൗച്ചറുകൾ/ഫയൽ പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.04/22-23/19.01.24) മറുപടി ലഭ്യമാക്കുകയോ, ചെലവ് രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കുന്നത് വരെ മുൻകൂർ ഇനത്തിൽ നൽകിയ 1,60,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-29 വിവിധ രജിസ്റ്ററുകളുടെ പരിപാലനം - ന്യൂനതകൾ

നഗരസഭയിൽ സൂക്ഷിച്ച് വരുന്ന വിവിധ രജിസ്റ്ററുകളുടെ പരിപാലനത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) സ്റ്റോക്ക് രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല.

കേരള ഫിനാൻഷ്യൽ കോഡ്- ആർട്ടിക്കിൾ-147, 149(1), 150, 152, 153, 158, 161 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സ്റ്റോറുകൾ കൈപറ്റാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ ആയവ പരിശോധിക്കേണ്ടതും സ്പെസിഫിക്കേഷൻ പ്രകാരമുള്ളതാണെന്നും കേടുപാടുകൾ സംഭവിച്ചിട്ടില്ലെന്നും ഉറപ്പ് വരുത്തേണ്ടതും സ്റ്റോക്കിൽ എടുക്കേണ്ടതും സ്റ്റോക്ക് അക്കൗണ്ട് കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്. അസംസ്കൃത വസ്തുക്കൾക്കും വില കുറഞ്ഞ സ്റ്റോറുകൾക്കും, ഓഫീസ് ഫർണീച്ചറുകൾക്കും , പുസ്തകങ്ങൾ, ഫോറങ്ങൾ, സ്റ്റേഷനറി എന്നിവയ്ക്കും, കംപ്യൂട്ടർ ഹാർഡ് വെയർ സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്. എന്നാൽ നഗരസഭയിൽ ഇത്തരത്തിൽ പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. കേരള ഫിനാൻസ് കോഡ് വാല്യം II നിർദ്ദേശിക്കുന്ന മാതൃകയിലുള്ള സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതുണ്ട്. സ്റ്റോറുകൾ വിതരണം ചെയ്യുന്ന സമയത്ത് തന്നെ സ്റ്റോക്ക് അക്കൗണ്ടിൽ വിവരം രേഖപ്പെടുത്തേണ്ടതും വർഷത്തിലൊരിക്കലെങ്കിലും സ്റ്റോക്ക് പരിശോധന നടത്തി സാക്ഷ്യപത്രം ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ സ്റ്റോറുകൾ കൈപറ്റുമ്പോൾ മേൽ നിർദ്ദേശം പാലിക്കുന്നില്ലെന്ന് വ്യക്തമാകുന്നു.

2) മാസ്റ്റർ ഇൻകംബെൻസി രജിസ്റ്റർ

മാസ്റ്റർ ഇൻകംബെൻസി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കി സൂക്ഷിച്ചിട്ടില്ല. നഗരസഭാ ജീവനക്കാരുടെയും ഘടക സ്ഥാപനങ്ങളുടെ ജീവനക്കാരുടെ വിവരം മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എല്ലാ ജീവനക്കാരുടേയും പേര്, സ്ഥിരം മേൽവിലാസം, സേവനകാലയളവ്, മാറ്റമായി പോകുന്ന കാര്യാലയം മുതലായ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3) മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്ററിൽ തൻവർഷം നൽകിയ എല്ലാ മുൻകൂറുകളും രേഖപ്പെടുത്തിയിട്ടില്ല. 2022-23 ലെ വാർഷിക കണക്ക് പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർക്കും മറ്റുള്ളവർക്കും മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ രജിസ്റ്ററിൽ മുൻകൂറുകളുടെ മുഴുവൻ വിവരവും രേഖപ്പെടുത്തുകയോ, രേഖപ്പെടുത്തിയവ ക്രമീകരിച്ചതിന്റെ വിവരം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. രജിസ്റ്ററിൽ വിവരങ്ങൾ ചേർത്ത് കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ മുൻകൂർ നൽകിയ തുകകൾ പൂർണ്ണമായും ക്രമീകരിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

4) ഡെപ്പോസിറ്റ് രജിസ്റ്റർ

നഗരസഭ ഫണ്ടിലേക്ക് ലഭിക്കുന്ന വിവിധ നിക്ഷേപ തുകകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നിക്ഷേപത്തിന്റെ വിവിധ ശീർഷകങ്ങളിലെ വർഷാരംഭ മുന്നിരിപ്പിന്റെ വിശദാംശം, തൻവർഷം ലഭിച്ച തുക, ഒടുക്കിയ വ്യക്തി, ഒടുക്കിയ തീയതി എന്നീ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഡെപ്പോസിറ്റുകൾ തിരികെ നൽകുമ്പോൾ വിവരം രേഖപ്പെടുത്തി രജിസ്റ്ററിൽ റൗണ്ട് ചെയ്യേണ്ടതാണ്. വർഷാവസാനം തൻ വർഷത്തെ ഇടപാടുകളുടെ സംക്ഷിപ്തം തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഡെപ്പോസിറ്റ് ഇനത്തിൽ ലഭ്യമായ തുകകളുടെ വിനിമയം സംബന്ധിച്ച കൃത്യത പരിശോധിച്ച് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

5) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, വിവിധ ഏജൻസികൾ, മറ്റ് സ്ഥാപനങ്ങൾ, വകുപ്പുകൾ തുടങ്ങിയവ നൽകുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ (വെബ് സാംഖ്യ മുതലായവയിൽ നിന്നും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ ലഭ്യമല്ലാത്ത ഗ്രാന്റുകളുടെ) വരവ്, ചെലവ്, നീക്കിയിരിപ്പ്, മിച്ചം വന്ന തുകയുടെ തിരിച്ചടവ് തുടങ്ങിയ വിവരങ്ങൾ നിരീക്ഷിക്കുന്നതിന് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. ആയതിനാൽ പ്രസ്തുത ഗ്രാന്റുകളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് ഇനങ്ങളിൽ വാർഷിക കണക്കുകളിൽ കൊടുത്തിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

6) ലോൺ രജിസ്റ്റർ

നഗരസഭക്ക് പി.എം.എ.വൈ/ ലൈഫ് ഭവനപദ്ധതിക്കായി ഹഡ്കൊയിൽ നിന്നുള്ള ലോൺ, സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും എടുത്തിട്ടുള്ള ലോൺ എന്നിവ ഉണ്ടെങ്കിലും ലോൺ സംബന്ധിച്ച ഇടപാടുകളുടെ വിശദാംശം (വരവ്, തിരിച്ചടവ്, അടവാക്കാൻ അവശേഷിക്കുന്നത് ) രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ലോൺ രജിസ്റ്റർ പരിശോധനക്കു ഹാജരാക്കാൻ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയിട്ടില്ല.

7) ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഓരോ സാമ്പത്തിക വർഷവും ഓഡിറ്റ് റിക്കവറിയായി ലഭിക്കുന്ന തുകകളുടെ വിശദാംശം (ഓഡിറ്റ് റിപ്പോർട്ട് വർഷം, ഒടുക്കിയ വ്യക്തി, ഒടുക്കിയ ഇനം, തുക, രസീത് നം., തീയതി, ഒടുക്കിയ വ്യക്തിയുടെ ഉദ്യോഗപ്പേര്) രേഖപ്പെടുത്തി ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഈ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ ആവശ്യപ്പെട്ടെങ്കിലും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

8) ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ

വിവിധ ഓഡിറ്റ് റിപ്പോർട്ടുകളുടെ ഖണ്ഡികകളുടെ തുടർ നടപടി വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഈ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ ആവശ്യപ്പെട്ടെങ്കിലും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

9) ജീവനക്കാരുടെ റിക്കവറി, സർക്കാർ/മറ്റുള്ളവ ഡ്യൂസ് രജിസ്റ്റർ

ജീവനക്കാരുടെ ഇ.പി.എഫ്, പെൻഷൻ കോൺട്രിബ്യൂഷൻ, ജി.ഐ.സ്, എസ്.എൽ.ഐ തുടങ്ങിയ റിക്കവറികൾ അടവാക്കുന്നതിന്റെയും, സർക്കാരിലേക്കും മറ്റ് ഏജൻസികളിലേക്കും ഒടുക്കേണ്ട തുകകൾ, നഗരസഭ ബാധ്യതയായി സ്വീകരിക്കുന്നതിന്റെ (GST, Library Cess, Income Tax Etc.) ഒടുക്ക് നിരീക്ഷിക്കുന്നതിന് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല.

10) തെരുവുവിളക്ക് സ്റ്റോക്ക്, മെയിന്റനൻസ് രജിസ്റ്റർ, പൊതു ടാപ്പുകളുടെ സ്റ്റോക്ക് രജിസ്റ്റർ

തെരുവുവിളക്ക് സ്റ്റോക്ക്, മെയിന്റനൻസ് രജിസ്റ്റർ, പൊതു ടാപ്പുകളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/24.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി രജിസ്റ്ററുകൾ കുറ്റമറ്റതാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-30 സ്റ്റേഷനറി സാധനങ്ങൾ വാങ്ങിയത്- ഗ്രാമലക്ഷ്മി മുദ്രാലയത്തിന് കുടിശ്ശിക അടവാക്കുന്നു

GI-1015/16നമ്പർ ഫയൽ പരിശോധിച്ചതിൽ നിന്നും മുൻ വർഷങ്ങളിൽ നഗരസഭയിലേക്ക് ആവശ്യമായ രജിസ്റ്ററുകളും ഫോറങ്ങളും സപ്ലൈ ചെയ്ത വകയിൽ ഗ്രാമലക്ഷ്മി മുദ്രാലയത്തിന് വലിയ തുക കുടിശ്ശിക അടവാക്കിയതായും ഇനിയും അടവാക്കാനുള്ളതായും കാണുന്നു. വിശദാംശങ്ങൾ താഴെ പറയുന്നു.

1) താഴെ പറയുന്ന വൗച്ചർ പ്രകാരം 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ വാങ്ങിയ സ്റ്റേഷനറിസാധനങ്ങളുടെ വിലയിലെ കുടിശ്ശിക തുക അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നം. | തുക | ഇൻവോയിസ് നം. |
|---|---|---|
| 22200016/07.04.22 | 147398 | TVM/493/20-21/03.12.20, 1817<br>TVM/584/20-21/22.12.20, 42674<br>TVM/609/20-21/29.12.20, 3724<br>TVM/45/20-21/03.05.21, 44884<br>TVM/129/20-21/07.06.21, 21063 |

| | | |
|---|---|---|
| | | TVM/251/20-21/02.07.21,33236 (ഫയലിൽ രേഖപ്പെടുത്തിയത്) |

2) ജോയിന്റ് ഡയറക്ടർ, ത.സ്വ.ഭ.വ, മലപ്പുറം നം.DDP-MPM/1625/2022-D12/26.04.23 പ്രകാരം മുനിസിപ്പൽ സെക്രട്ടറിക്ക് അയച്ച കത്ത്, ഗ്രാമലക്ഷ്മി മുദ്രാലയം സെക്രട്ടറിക്ക് അയച്ച ജി.എൽ.എം.കെ/MPM-84/2022 തീ-/03/2023നമ്പർ അർദ്ധ ഔദ്യോഗിക കത്ത് എന്നിവ പ്രകാരം 2018-19സാമ്പത്തിക വർഷം മുതൽ 2022-23 വരെ ഫോറങ്ങളും രജിസ്റ്ററുകളും ലഭ്യമാക്കിയ ഇനത്തിൽ താഴെ താഴെ പറയുന്ന ഇൻവോയിസുകൾ പ്രകാരം 4,05,857/-രൂപ കുടിശ്ശികയായി ഗ്രാമലക്ഷ്മി മുദ്രാലയത്തിന് നൽകാനുണ്ടെന്നും ടി തുക അടവാക്കേണ്ടതാണെന്നും അറിയിച്ചതിനെ തുടർന്ന് ക്രമ നം. 12, 13, 14, 15 എന്നീ ബിൽ തുകകൾ (Vr.22300105/11.08.23, 179590/-രൂ, ) 11.07.23 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരം അടവാക്കിയിട്ടുണ്ട്. മറ്റു ബില്ലുകൾ പരിശോധിച്ച് ഉറപ്പ് വരുത്തുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

| ക്രമ നം. | ഇൻവെയിസ് നം., തീയതി | തുക |
|---|---|---|
| 1 | TVM/447/18-19/20.08.2018 | 12679 |
| 2 | TVM/484/18-19/15.09.2018 | 8673 |
| 3 | TVM/529/18-19/27.09.2018 | 1977 |
| 4 | TVM/1075/18-19/05.03.2019 | 865 |
| 5 | TVM/1093/18-19/08.03.2019 | 767 |
| 6 | TVM/21/19-20/10.04.2019 | 5092 |
| 7 | TVM/63/19-20/30.04.2019 | 2736 |
| 8 | TVM/337/21-22/25.09.21 | 97324 |
| 9 | TVM/381/21-22/20.10.21 | 52272 |
| 10 | TVM/598/21-22/18.01.22 | 4730 |
| 11 | TVM/65/22-23/07.05.2022 | 39152 |
| 12 | TVM/419/22-23/14.10.2022 | 15498 |
| 13 | TVM/440/22-23/26.10.22 | 17346 |
| 14 | TVM/559/22-23/13.12.2022 | 100903 |
| 15 | TVM/571/22-23/20.12.2022 | 45843 |
| | ആകെ | 4,05,857 |

അപാകതകൾ

1) നഗരസഭയിലേക്ക് ആവശ്യമായ ഫോറങ്ങളും രജിസ്റ്ററുകളും ഓർഡർ നൽകുന്നതിനനുസരിച്ച് KRSവഴി ലഭ്യമാക്കുകയും, ലഭ്യമായ സാധനങ്ങളുടെ ഇൻവോയിസ് പ്രകാരമുള്ള തുക തിരുവനന്തപുരം ഗ്രാമലക്ഷ്മി മുദ്രാലയത്തിന്റെ അക്കൗണ്ടിലേക്ക് നൽകുകയുമാണ് ചെയ്യുന്നത്. കണ്ടിജന്റ് ചെലവിനത്തിലുള്ള തുകകൾ അതത് വർഷങ്ങളിൽ നൽകാതെ ഇത്തരത്തിൽ കുടിശ്ശിക വരാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

2) കുടിശ്ശികയായി കാണിച്ച തുക മുമ്പ് അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മേൽപ്പറഞ്ഞ പ്രകാരം കുടിശ്ശികയായി അടവാക്കിയ തുക യഥാർത്ഥത്തിൽ കുടിശ്ശികയുള്ളതാണോ എന്ന് പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

3) കുടിശ്ശിക തുകകൾ അനുവദിച്ച മേൽ പട്ടികകളിൽ പറഞ്ഞ ഇൻവോയിസുകൾ പ്രകാരമുള്ള സാധനങ്ങളുടെ സ്റ്റോക്ക്, ഇഷ്യൂ വിവരം പരിശോധിക്കുന്നതിന് ബന്ധപ്പെട്ട ഇൻവോയ്സുകൾ (സ്റ്റോക്ക് എൻട്രി സാക്ഷ്യപ്പെടുത്തിയത്) ഒന്നും തന്നെ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ നൽകിയ കുടിശ്ശികയുടെ അനുവദനീയത വ്യക്തമല്ല.

4) മേൽ ഇൻവോയിസുകൾ പ്രകാരം ലഭ്യമായ സ്റ്റോറുകൾ സ്റ്റോക്കിൽ എടുത്ത സ്റ്റോക്ക് രജിസ്റ്ററുകൾ പരിശോധനക്ക്

ഹാജരാക്കിയിട്ടില്ല.

അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/22-23/22.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും, ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-31 താൽക്കാലിക ജീവനക്കാരുടെ ഇ.പി.എഫ് സബ്സ്ക്രിപ്ഷൻ - യഥാസമയം അടവാക്കിയില്ല -വലിയ പിഴ അടവാക്കി.

ഫയൽ നം.GI/487/18

നഗരസഭയിലെ താൽക്കാലിക ജീവനക്കാരുടെ ഇ.പി.എഫ് സബ്സ്ക്രിപ്ഷൻ യഥാസമയം അടവാക്കാതിരുന്നത് കാരണം അധിക ബാധ്യത വന്നതായി കാണുന്നു. 1952ലെ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ആക്ട് (സെക്ഷൻ 6, 6A, 6C, Para 38) പ്രകാരം സ്ഥാപനമേധാവി എല്ലാ മാസും അവസാനിച്ച് 15 ദിവസത്തിനുള്ളിൽ അഡ്മിനിസ്ട്രേറ്റീവ് ചാർജ്ജുകൾ സഹിതം പി.എഫ് സബ്സ്ക്രിപ്ഷൻ അടയ്ക്കേണ്ടതാണ്. ഇതിൽ സ്ഥാപന ഉടമ വീഴ്ച വരുത്തുന്നപക്ഷം പിഴ ഈടാക്കുന്നതിന് വ്യവസ്ഥയുണ്ട്. ഇത്തരത്തിൽ 2022-23 വർഷത്തിൽ നഗരസഭാ ഫണ്ടിൽ നിന്നും പിഴ അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വൗച്ചർ നം | തുക |
|---|---|---|
| 1 | 22200194/02.06.22 | 40198 |
| 2 | 22200088/27.04.22 | 720325 |
| ആകെ | | 760525 |

1) ഇ.പി.എഫ്.ഒ കോഴിക്കോടിന്റെ 12.05.2022 തീയതിയിലെ KR/KKD/572803/000/Enf 503/Damages/610 നമ്പർ കത്ത് പ്രകാരം 01.08.2021 മുതൽ 31.03.2022 വരെയുള്ള കാലയളവിൽ താൽക്കാലിക ജീവനക്കാരുടെ ഇ.പി.എഫ് സബ്സ്ക്രിപ്ഷൻ യഥാസമയം അടവാക്കാതിരുന്നത് കാരണം പലിശ ഇനത്തിൽ 14043/-രൂപയും ഡാമേജ് ഇനത്തിൽ 26155/-രൂപയും അടവാക്കാൻ ആവശ്യപ്പെട്ടതിനെ തുടർന്ന് 4,01,98രൂപ ക്രമനമ്പർ (1) പ്രകാരം അടവാക്കിയിട്ടുണ്ട്.

2) ഇ.പി.എഫ്.ഒ കോഴിക്കോടിന്റെ 04.04.2022 തീയതിയിലെ KR/KKD/1572803/000/Enf 3(4)/Damages/2021 പ്രകാരം 01.11.2015 മുതൽ 31.07.21 വരെ വിവിധ സമയങ്ങളിൽ വൈകി അടവാക്കിയതിനാൽ 5 ഹെഡുകളിലായി ഫൈൻ, പലിശ വന്നിട്ടുണ്ട്. 3വർഷത്തിലധികം കാലതാമസം വന്നതിനാൽ 100%ഫൈൻ 12% വാർഷിക പലിശ വന്നിട്ടുണ്ട്. ഇതിൽ 720325രൂപ പലിശയും 1450781രൂപ ഡാമേജ് ഇനത്തിലും ആകെ 2171106രൂപ അടവാക്കാൻ അറിയിക്കുകയും പലിശ ഇനത്തിലെ തുക 7,20,325രൂപ ക്രമ നമ്പർ (2) പ്രകാരം അടവാക്കുകയും ചെയ്തിട്ടുണ്ട്. 24.05.23ലെ KR/KKD/1572803/Recovery/2023 പ്രകാരം 14,50,578രൂപ അടവാക്കുന്നതിന് കത്ത് ലഭിച്ചിട്ടുണ്ട്. തുക കുറവ് നൽകുന്നതിനായി കേരള ട്രൈബ്യൂണൽ മുമ്പാകെ കേസ് ഫയൽ ചെയ്തിട്ടുള്ളതായും ഫയലിൽ കാണുന്നു. തുടർനടപടി വിവരം ലഭ്യമാക്കിയിട്ടില്ല.

നഗരസഭയിലെ ജീവനക്കാരുടെ റിക്കവറികൾ അടവാക്കുന്നത് പരിശോധിക്കുന്നതിനും നിരീക്ഷിക്കുന്നതിനും രജിസ്റ്റർ സൂക്ഷിക്കുന്നില്ല. താൽക്കാലിക ജീവനക്കാരുടെ ഇ.പി.എഫ് സബ്സ്ക്രിപ്ഷൻ യഥാസമയം അടവാക്കാതിരുന്നതിനും അതുവഴി നഗരസഭ ഫണ്ടിന് വലിയ ബാധ്യത വന്നതിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/22-01-24) മറുപടി ലഭ്യമാക്കിയിട്ടില്ല. പിഴ അടവാക്കിയ തുക 7,60,523/- ഇ.പി.എഫ് സബ്സ്ക്രിപ്ഷൻ യഥാസമയം അടവാക്കാൻ വീഴ്ച വരുത്തിയ അതാതു കാലങ്ങളിലെ സെക്രട്ടറിമാരിൽ നിന്നും ഈടാക്കി നഗരസഭാ ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

## 1-32 വാഹന പരിപാലനം - VEELS സോഫ്റ്റ് വെയറിൽ വിവരങ്ങൾ അപ് ലോഡ് ചെയ്യുന്നില്ല

ധനകാര്യ (ഐ.ടി, സോഫ്റ്റ്വെയർ) വകുപ്പിന്റെ 22-10-2020-ലെ 59/2020നമ്പർ സർക്കുലർ പ്രകാരം സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ, സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ ,ഗ്രാന്റ് -ഇൻ- എയിഡ് സ്ഥാപനഹങ്ങൾ, തദ്ദേശ സ്ഥാപനങ്ങൾ, സർക്കാർ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ഉപയോഗിക്കുന്ന സ്വന്തമായുള്ളതും (വകുപ്പിന്റെ കീഴിലുള്ളവ ഉൾപ്പെടെ) അല്ലാത്തതുമായ (വാടക,കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉൾപ്പെടെ) എല്ലാത്തരം വാഹനങ്ങൾ, ഡ്രൈവർമാർ എന്നിവ സംബന്ധിച്ച വിവരങ്ങൾ "VEELS"-എന്ന സൈറ്റിൽ 30-11-2020-ന് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതാണ്. 2020-21 സാമ്പത്തിക വർഷം മുതൽ വാഹന സംബന്ധമായി ഓരോ മാസവും ഉണ്ടായിട്ടുള്ള എല്ലാ ചെലവുകളും VEELS ൽ കൃത്യമായി രേഖപ്പെടുത്തേണ്ടത് നിയന്ത്രണാധികാരിയുടെ ഉത്തരവാദിത്തമാണ്.

നഗരസഭയിൽ നിലവിൽ 8 വാഹനങ്ങളുണ്ട്. (ചെയർമാൻ-1, സെക്രട്ടറി-1, എഞ്ചിനീയറിംഗ്-1, ബഡ്സ് സ്കൂൾ-2, ഹെൽത്ത്-2, ബൈക്ക്-1) നഗരസഭയിലെയും അനുബന്ധസ്ഥാപനങ്ങളിലേയും വാഹനങ്ങളുടെയും ഡ്രൈവർമാരുടെയും വിവരങ്ങൾ പ്രസ്തുത സൈറ്റിൽ രേഖപ്പെടുത്തിയതിന്റെയും ഓരോ മാസവും ഉണ്ടായിട്ടുള്ള ചെലവുകളും VEELS ൽ രേഖപ്പെടുത്തിയതിന്റെയും വിവരങ്ങൾ (റിപ്പോർട്ട്) പരിശോധനക്ക് ഹാജരാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/22-23/22.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. വാഹനങ്ങളുടെ വിവരങ്ങളും ചെലവ് വിശദാംശങ്ങളും സോഫ്റ്റ് വെയറിൽ അപ്ഡേറ്റ് ചെയ്ത് രേഖകൾ സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-32-1 വാഹനങ്ങളുടെ ലോഗ് ബുക്ക് പരിപാലനം - അപാകതകൾ

നഗരസഭയുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള വാഹനങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു

| ക്രമ നം. | വാഹനത്തിന്റെ നമ്പർ | വാഹനത്തിന്റെ തരം | ഉപയോഗം |
|---|---|---|---|
| 1 | KL-10-BB-8352, | Marrozo | ചെയർ പേഴ്സന്റെ വാഹനം |
| 2 | KL-84 -A-4271 | Bolero Truck | ഹെൽത്ത് വിഭാഗം |
| 3 | KL-10-AC-4677 | Bolero | എഞ്ചിനീയറിംഗ് വിഭാഗം |
| 4 | KL-10-BD-3694 | Jupiter Bike | ജനറൽ വിഭാഗം |
| 5 | KL-10-BG-7260 | Tata Ace | ബഡ്സ് സ്കൂൾ |
| 6 | Kl-10-AV-669 | Eicher | ബഡ്സ് സ്കൂൾ |
| 7 | KL-10-A2-6236 | Ape Goods, | ഹെൽത്ത് വിഭാഗം |
| 8 | KL-10-Ak-5419 | Xylo | സെക്രട്ടറി |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് സ.ഉ(എം.എസ്)നം.170/07/ത.സ്വ.ഭ.വ തി.30.6.2007 പ്രകാരം പൊതു മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ മേൽ വാഹനങ്ങളുടെ ലോഗ് ബുക്ക് സൂക്ഷിപ്പ് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. ഓരോ മാസാവസാനവും ലോഗ് ബുക്ക് സംക്ഷിപ്തം തയ്യാറാക്കേണ്ടതാണ്. എന്നാൽ അപ്രകാരം സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. കസ്റ്റോഡിയൻ ഓഫീസർ ലോഗ് ബുക്ക് ഇടക്കിടെ പരിശോധിക്കേണ്ടതും വാഹന ഉപയോഗം ക്രമപ്രകാരമാണെന്ന് ഉറപ്പ് വരുത്തേണ്ടതും പരിശോധന വിവരം രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല.

3. ഓരോ വാഹനത്തിന്റെയും ഇന്ധനക്ഷമതാ പരിശോധന വർഷത്തിലൊരിക്കൽ പി.ഡബ്ളിയു.ഡി മെക്കാനിക്കൽ വിഭാഗം/ മോട്ടോർ വാഹന വകുപ്പിലെ ക്ഷമതയുള്ള ഉദ്യോഗസ്ഥനെകൊണ്ട് നടത്തിക്കേണ്ടതാണ്. പ്രസ്തുത ഉദ്യോഗസ്ഥൻ ഇത് സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ക്രമ നമ്പർ 2 മുതൽ 7 വരെയുള്ള വാഹനങ്ങളുടെ ഇന്ധനക്ഷമതാ പരിശോധന ഇപ്രകാരം നടത്തിയിട്ടില്ല. ക്രമ നമ്പർ 8 പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ട് എന്ന് അറിയിച്ചുവെങ്കിലും സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

4. ലോഗ് ബുക്കിന്റെ എല്ലാ കോളങ്ങളിലും രേഖപ്പെടുത്തൽ വരുത്തുന്നില്ല. ( Eg:- Period Of Halt,Initials Of The Controlling Officer)

5. ഫ്യുവൽ അക്കൗണ്ട് കോളങ്ങൾ വ്യഴവനായി പൂരിപ്പിക്കാതെ വാങ്ങിയ ഡീസലിന്റെ വിവരം മാത്രമാണ് ചേർക്കുന്നത്.

6. ഇന്ധനം നിറക്കുന്നതിന്റെയും സ്പെയർ പാർട്സുകൾ മാറ്റുന്നതിന്റെയും, സർവ്വീസ് റിപ്പയർ എന്നിവയുടെയും വിശദാംശം ലോഗ് ബുക്കിൽ അതേ തിയ്യതിയിൽ തന്നെ ചേർക്കേണ്ടതും സൂക്ഷിപ്പുകാരനായ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇന്ധനം നിറക്കുന്ന വിവരം മാത്രമാണ് ചേർക്കുന്നത്. മറ്റ് രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/25.01.24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് ലോഗ് ബുക്കുകൾ മാർഗ്ഗ നിർദ്ദേശ പ്രകാരം പരിപാലിക്കേണ്ടതും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-33 വിവിധ ഏജൻസികൾക്ക് വിഹിതം നൽകിയത്- ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

2022-23 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികൾ പ്രകാരം വിവിധ വകുപ്പുകൾക്ക്/ ഏജൻസികൾക്ക് നഗരസഭാ വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ ചെലവ് തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം ബന്ധപ്പെട്ട വകുപ്പുകൾ/ഏജൻസികൾ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. പേര് | ചെലവ് തുക | ബിൽ / ചെക്ക് | ഏജൻസി |
|---|---|---|---|---|
| 1 | 276/23, എസ്.എസ്.കെ വിഹിതം നൽകൽ | 2000000 (വികസനഫണ്ട് ജനറൽ) | 46/31.08.22 | സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, SSK |
| 2 | 298/23, എസ്.എസ്.കെ വിഹിതം (SCP) | 1000000 (വികസനഫണ്ട് SCP) | 49/31.08.22 | സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, SSK |
| 3 | 231/23, വയോമിത്രം വിഹിതം നൽകൽ | 1000000 (വികസനഫണ്ട് ജനറൽ) | 50/31.08.22 | കേരളാ സോഷ്യൽ സെക്യൂരിറ്റി മിഷൻ |
| 4 | സ.ഉ (സാധാ) നം.260/2016/ ത.സ്വ.ഭ.വ/23.01.2016 പ്രകാരമുള്ള തുക | 25000 (തനത് ഫണ്ട്) | വൗച്ചർ നം. 22200092/30.04.2022 | ഡയറക്ടർ, സി.എച്ച്.മുഹമ്മദ് കോയ സെന്റർ ഫോർ സ്റ്റഡീസ് |
| ആകെ | | 40,25,000 | | |

മേൽ ചെലവ് തുകകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുണ്ടെങ്കിൽ ആയവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.12/22.01.24, 20/24.01.24 എന്നിവക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുകകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ 40,25,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-34 ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

2022-23 വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവ് രേഖകൾ/ഫയൽ, ഗുണഭോക്താക്കളുടെ അപേക്ഷ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പദ്ധതി നം., പേര് | ആകെ ചെലവ് തുക | ബിൽ/വൗച്ചർ നം.,തീയതി |
|---|---|---|---|
| 1 | 57/23, കിണർ പുനരുദ്ധാരണം (So) | 264000 (CFC) | 23/26.05.22, 66000<br>111/16.07.22, 60000<br>112/16.07.22, 66000<br>117/20.07.22, 36000<br>118/20.07.22, 24000<br>130/23.07.22, 12000 |
| 2 | 47/23, ആയിരം വീട് (ജനറൽ) (So) | 25000 | 55/08-06-2022 =25000 |
| 3 | 556/23, കംപ്യൂട്ടർ എ.എം.സി | 87500 | 589/31-03-2023=87500 |
| 4 | 53/23, വീട് റിപ്പയർ വാർഡുകളിൽ | 1075000 (തനത്ഫണ്ട്) | 22200078/25.04.22, 325000<br>22200077/25.04.22, 50000<br>22200114/06.05.22, 150000<br>22200115/06.05.22, 175000<br>22200150/24.05.22, 225000<br>22200220/07.06.22, 100000<br>22200221/07.06.22, 50000 |
| 5 | 243/23, വിട്ടുകിട്ടിയ സ്ഥാപനങ്ങളിലെ ചെലവുകൾ | 299487 (മെയിന്റനൻസ് ഫണ്ട് റോഡിതരം) | 22151047001901465870/24.03.23, 165900<br>22151047001901236805/24.02.23, |

| | | | |
|---|---|---|---|
| | | | 60845<br>22151047001900937860/21.12.22,<br>72742 |
| ആകെ | | 17,50,987 | |

രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് റിക്വിസിഷൻ നം.01/15.01.24, ഓഡിറ്റ് എൻക്വയറി നം.10/22-23/22.01.24 എന്നിവ നൽകിയെങ്കിലും ഫയലുകൾ ഹാജരാക്കിയിട്ടില്ല. മേൽ പദ്ധതികളുടെ മുഴുവൻ ചെലവ് രേഖകളും പരിശോധനക്ക് ഹാജരാകാകുന്നത് വരെ ചെലവ് തുക17,50,987/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 PMAY(നഗരം)/ ലൈഫ് ഭവന പദ്ധതി- ധനസഹായം കൈപ്പറ്റിയിട്ടും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

നഗരസഭാ സെക്രട്ടറി നിർവ്വഹണം നടത്തിയ PMAY(നഗരം)/ ലൈഫ് ഭവന പദ്ധതിയുടെ രജിസ്റ്റർ, സെക്ഷനിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടുകൾ എന്നിവ പരിശോധിച്ചതിൽ പദ്ധതിയുടെ വിവിധ ഡി.പി.ആർ ൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ പല ഗഡു ആനുകൂല്യം കൈപ്പറ്റിയിട്ടും നാളിതുവരെ വീട് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല എന്ന് കാണുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| DPR | അംഗീകരിച്ച ഗുണഭോക്താക്കളുടെ എണ്ണം | എഗ്രിമെന്റ് വെച്ച ഗുണഭോക്താക്കളുടെ എണ്ണം | ഒന്നാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം | രണ്ടാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം | മൂന്നാം ഗഡു കൈപ്പറ്റിയവരുടെ എണ്ണം | വീട് നിർമ്മാണം പൂർത്തീകരിച്ചവരുടെ എണ്ണം | വീട് നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നവരുടെ എണ്ണം (4-7) |
|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 |
| DPR-1 (2017) | 437 | 437 | 434 | 423 | 409 | 376 | 58 |
| DPR-2 (2017) | 179 | 179 | 177 | 170 | 169 | 151 | 26 |
| DPR-3 (2019) | 400 | 400 | 391 | 378 | 375 | 302 | 89 |
| DPR-4 (2021) | 79 | 75 | 75 | 73 | 62 | 17 | 58 |
| DPR-5 (2022) | 234 | 176 | 173 | 88 | 1 | 1 | 172 |
| DPR-6 (2022) | 257 | 232 | 228 | 167 | 1 | 0 | 228 |
| ആകെ | 1599 | 1499 | 1478 | 1299 | 1017 | 847 | 631 |

1) നഗരസഭയുമായി കരാറിലേർപ്പെട്ട് ഒരു വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തീകരിക്കണമമെന്നിരിക്കെ വിവിധ പദ്ധതികളിലായി 631 ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. വീട് നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നഗരസഭ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

2) DPR 1ൽ ഉൾപ്പെട്ടതും 2017ൽ കരാർ വച്ചതുമായ ഗുണഭോക്താക്കളിൽ ഒന്നാം ഗഡു 30000രൂപ വീതം അഡ്വാൻസ് കൈപ്പറ്റി നാളിതുവരെ ഭവന നിർമ്മാണം ആരംഭിക്കാത്തതുമായ 11 ഗുണഭോക്താക്കൾ ഉള്ളതായി കാണുന്നു. ടി ഗുണഭോക്താക്കളിൽ നിന്നും തുക തിരിച്ചു പിടിക്കുന്നതിന് / നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.
മേൽ വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 23/22-23/ 24-01-2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.
ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച വിശദമായ അന്വേഷണം നടത്തി ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനും അല്ലാത്തപക്ഷം കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിനും നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-36 അമൃത് കുടിവെള്ള പദ്ധതി – തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണം നടത്തിയ നം.557/23, അമൃത് കുടിവെള്ള പദ്ധതിക്ക് ഡെപ്പോസിറ്റ് ചെയ്യൽ എന്ന പദ്ധതിയിൽ അമൃത് 2.0 യുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും നഗരസഭക്ക് അനുവദിച്ച തുക 79,20,456രൂപ [സ.ഉ (ആർ.ടി) നം.740/2023/ത.സ്വ.ഭ.വ/28.03.23 പ്രകാരം] മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. (ചെക്ക് നം.C032387750605/31.03.23 CFC) പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ, ചെലവ് തുകയുടെ വിനിയോഗ വിവരം എന്നിവ അറിയിക്കേണ്ടതാണ്. പദ്ധതിയുടെ വിനിയോഗം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.21/22-23/24.01.24ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-37 വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല

സ.ഉ(കൈ)നം.86/2022/തസ്വഭവ തീയതി.19.04.2022 ഖ.3.1.2 എന്നിവയിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പുനസംഘടനയും ചുമതലകളും വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്ട് നിർദേശങ്ങൾ തയ്യാറാക്കി വാർഡ് സഭാ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്ട് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക, വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണസമിതി അംഗീകരിച്ചതിന് ശേഷം മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ പ്രധാന ചുമതലകൾ.

നഗരസഭയിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സുകൾ പരിശോധിച്ചതിൽ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുക മാത്രമാണ് യോഗങ്ങളിൽ നടന്നിട്ടുള്ളത് എന്ന് കാണുന്നു. 2022-23 വാർഷിക പദ്ധതി രൂപീകരണത്തിന് വേണ്ടി കരട് നിർദ്ദേശങ്ങൾ ചർച്ച ചെയ്യുന്നതിനായി 2യോഗങ്ങൾ മാത്രമാണ് എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും ചേർന്നിട്ടുള്ളതെന്ന് കാണുന്നു. മാത്രമല്ല, നഗരാസൂത്രണം, ആരോഗ്യം, ശുചിത്വം-മാലിന്യ സംസ്കരണം, പാർപ്പിടം, മൃഗ സംരക്ഷണം ക്ഷീര വികസനം, വനിതാ വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്സുകൾ ക്ലോസ് ചെയ്തതായി കാണുന്നില്ല.

വാർഷിക പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ് എന്ന് പ്രത്യേകം നിർദ്ദേശിച്ചിട്ടുള്ളതാണ്. പ്രോജക്ടുകളിൽ വിഭാവനം ചെയ്യപ്പെട്ട ലക്ഷ്യം നിർവ്വഹണ ഘട്ടത്തിൽ ഗുണമേന്മയോടെ നിറവേറ്റപ്പെടുന്നുണ്ടോ എന്നത് മോണിറ്ററിംഗ് കമ്മിറ്റികൾ നിരീക്ഷിക്കേണ്ടതാണ്. ഇതിനായി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും പുരോഗമന ഘട്ടത്തിലും പൂർത്തീകരണ ശേഷവും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതുമാണ്. മോണിറ്ററിംഗ് കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. എന്നാൽ മിനുട്സുകൾ പരിശോധിച്ചതിൽ ഇത്തരത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ അതാതു മേഖലകളിലെ പദ്ധതികളുടെ മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

അപാകതകൾ കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/22-23/24.01.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 കുടുംബശ്രീ വനിതകൾക്ക് കുറ്റിക്കുരുമുളക്- അപാകതകൾ

| പ്രൊജക്ട് | ചെലവ് | കുറിപ്പ് |
|---|---|---|
| കുടുംബശ്രീ വനിതകൾക്ക് കുറ്റിക്കുരുമുളക്- 429/23<br>495720/-പ്ലാൻ ഫണ്ട് +<br>142020/ഗുണഭോക്തൃ വിഹിതം (ഇതിന് പുറമെ 23220/ രൂപ ഗു.വി ഇനത്തിൽ -23-24ൽ ചെലവഴിച്ചു.)/- | 1.178200/- BRN-22151047002901352364/15.03.2023<br>2.69660/- BRN-22151047002901359687/15.03.2023<br>3.247860/- BRN-22151047002901352355/15.03.2023<br>4. 82620/-<br>(Cheque No. 22200981/28.03.2023)<br>5. 59400/-<br>(Cheque No. 022188/31.03.2023) | കാർഷിക കർമ്മസേന മുതുവല്ലൂർ 1.Invoice No 437/09.02.2023 (Bush Pepper-459 Unit-RS-330480/-)<br>2.Invoice No 433/06.02.2023 (Bush Pepper-330 Unit-RS-273600/-)<br>3.Invoice No 1040/15.03.2023 (Bush Pepper-129 Unit-RS-92880/-) |

ആകെ ചെലവ് തുക 637740/-

2022-23 വർഷത്തിൽ കൃഷി ഓഫീസർ നിർവഹിച്ച താഴെ കൊടുത്ത പ്രൊജക്ട് പ്രകാരം കാർഷിക കർമ്മസേന മുതുവല്ലൂരിൽ നിന്നും 918 യൂണിറ്റ് ( One Unit Contains Three Number Filled HDPE Container And Three Number Bush Pepper, ആകെ.2757

എണ്ണം,) കുറ്റികുരുമുളക് തൈകൾ ടെണ്ടർ കൂടാതെ വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്.2022-23 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022 ഖ. 6.1.4 പ്രകാരം കൃഷി നടീൽ ഉൽപന്നങ്ങൾ കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK, വിവിധ പദ്ധതികളിൽ സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂനിറ്റുകൾ എന്നിവയിൽ നിന്നുമാണ് ഗുണമേന്മ ഉറപ്പാക്കി യഥാർത്ഥ വില നൽകി ടെണ്ടർ കൂടാതെ വാങ്ങാവുന്നത്. കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമം പാലിച്ചാണ് വിത്തുകൾ , തൈകൾ എന്നിവ വാങ്ങേണ്ടത്. എന്നാൽ ഈ പ്രൊജക്ട് പ്രകാരം കാർഷിക കർമ്മസേനയിൽനിന്നും ടെണ്ടർ കൂടാതെ വാങ്ങൽ നടത്തുകയാണ് ചെയ്തിട്ടുള്ളത്. ഇത് മേൽ മാർഗ്ഗരേഖയിലെ നിർദ്ദേശത്തിന് വിരുദ്ധമാണ്.

കാർഷിക കർമ്മ സേന രൂപീകരണവും പ്രവർത്തനവും സബന്ധിച്ച് കൃഷി വകുപ്പ് പുറപ്പെടുവിച്ച മാന്വൽ പ്രകാരം കാർഷിക മേഖലയിൽ അനുഭവപ്പെടുന്ന രൂക്ഷമായ തൊഴിലാളി ക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് കാർഷിക കർമ്മ സേന രൂപീകരിക്കുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ മാന്വൽ പ്രകാരമുള്ള 17 ലക്ഷ്യങ്ങളിൽ ഒന്നിലും വിത്തുൽപ്പാദനമോ, വിത്ത് വിതരണമോ കാർഷിക കർമ്മസേനയുടെ ലക്ഷ്യമായി പറഞ്ഞിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 5/19.01.2024 ന് മറുപടിയായി കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ കൊണ്ടോട്ടി ബ്ലോക്കിലെ മുതുവല്ലൂർ കൃഷി ഭവന്റെ കീഴിൽ രൂപീകരിച്ച സ്ഥാപനമാണ് കാർഷിക കർമ്മസേന മുതുവല്ലൂർ എന്നും കൃഷിയുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും സഹായങ്ങളും ഒരു കേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുക എന്ന പ്രാഥമിക ലക്ഷ്യത്തോടെയാണ് മുതുവല്ലൂർ കൃഷി ഭവന്റെ കീഴിൽ ടി സ്ഥാപനം പ്രവർത്തിക്കുന്നത് എന്നും മാർഗരേഖയിൽ ഇത്തരം സ്ഥാപനങ്ങൾ ഉൾപ്പെടുത്താൻ സ്ഥാപനം കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മാർഗ്ഗ രേഖയിൽ നിർദ്ദേശമില്ലാതെ സ്ഥാപത്തിന്റെ കത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കിയത് ക്രമപ്രകാരമല്ല. മാർഗരേഖക്ക് വിരുദ്ധമായി വാങ്ങൽ നടത്തിയതിനാൽ ചെലവു തുക 637740/-രൂപ തടസ്സം ചെയ്യുന്നു.

## 1-39 കോക്ലിയാർ ഇംപ്ലാന്റ് – വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്

പ്രോജക്ട് : 430/23 കോക്ലിയാർ ഇംപ്ലാന്റേഷൻ-ധന സഹായം

അടങ്കൽ തുക : 2,50,000/- ധനകാര്യ കമ്മീഷൻ അവാർഡ്.

ചെലവ് : 2,50,000/- (ബിൽ നമ്പർ-455/24-03-2023-ACR)

2022-23 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹിച്ച മേൽ പ്രോജക്ട് വഴി താഴെ പറയും പ്രകാരം കോക്ലിയാർ ഇംപ്ലാന്റ് കഴിഞ്ഞ ഗുണഭോക്താക്കൾക്ക് ആയതിന്റെ മെയിന്റനൻസിനായി 50,000/- രൂപ വീതം കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയിട്ടുണ്ട്. ഗുണഭോക്താക്കളുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | കോക്ലിയാർ ഇംപ്ലാന്റ് കഴിഞ്ഞ തിയ്യതി |
|---|---|---|
| 1 | ഫെല്ല അഹമ്മദ്.പി | 22.09.2018 |
| 2 | മുഹമ്മദ് റാസി | 5.12.2017 |
| 3 | ദിൽന ഫാത്തിമ.പി.പി | 15.09.2014 |
| 4 | മുഹമ്മദ് മാസിൻ | 28.07.2020 |
| 5 | നിവിൻ ചന്ദ്രൻ.കെ | 2.08.2014 |

തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണെന്ന കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (07/20.01.2024) പ്രോജക്ട് പ്രകാരമുള്ള തുക സോഷ്യൽ സെക്യൂരിറ്റി മിഷന് കൈമാറിയിട്ടുണ്ടെന്നും ആയതിനാൽ വിനിയോഗ സാക്ഷ്യപത്രം ഹെൽത്ത് മിഷനിൽ നിന്നും ലഭ്യമാവുന്ന മുറക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചു. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ ചെലവു തുക 250000/- രൂപ തടസ്സം ചെയ്യുന്നു.തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-40 കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുള്ള മുഴുവൻ മരുന്നുകളും ലഭ്യമായില്ല.

| ക്രമ നമ്പർ | പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽ/വൗച്ചർ നമ്പർ | KMSCL ന് അനുവദിച്ച തുക | മരുന്ന് ലഭ്യമായത് | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1. | 64/23(S.O) | 342088 | 341672 | 2215104700220004033/22.04.2022 | 220112 | 182716 | 37396 |

| | | | | | | | |
|---|---|---|---|---|---|---|---|
| | പരിരക്ഷ | Plan | Plan | RS 83815<br>22151047002200170412/06/06/2022 RS 8255<br>22151047002200257654/30.06.2022 RS 201217<br>22151047002200284805/7.7.2022 RS 14950<br>22151047002201068918/20.01.2023 RS 13310<br>22151047002201265393/28.02.2023 RS 20125 | | | |
| 2. | 15.ആരോഗ്യ സ്ഥാപനങ്ങൾക്ക് മരുന്ന് വാങ്ങൽ | 185460-Plan<br>1300000-MNR | 185460-Plan<br>1300000-MNR | 22151047002201265406/28.02.2023 RS 250000<br>22151047002201265397/28.02.2023 RS 985460<br>22151047002201367265/16.03.2023 RS 185460<br>22151047002201389654/17.03.2023 RS 64540 | 1485460 | 858482 | 626978 |
| 3 | 12.പരിരക്ഷ | 1240786-Plan<br>300000-MNR | 1197986-Plan<br>300000-MNR | 22151047002200146394/28.05.2022 RS 79680<br>22151047002200360429/29.07.2022 RS 161465<br>22151047002200583751/28.09.2022 RS 80390<br>22151047002200486436/31.08.2022 RS 91925<br>22151047002200735588/05.11.2022 RS 80840<br>22151047002200872521/7.12.2022 RS 80330<br>22151047002200956372/26.12.2022 RS 80170<br>22151047002201136435/4.02.2023 RS 84820<br>22151047002201221408/<br>21.02.2023 RS 80680<br>22151047002201466502/24.03.2023 RS 300000<br>22151047002201367075/16.03.2023 RS 199986<br>22151047002201389635/17.03.2023 RS 81080<br>22151047002201509714/28.03.2023 RS 15360<br>221510470022015099788/28.03.2023 RS 81260 | 499986 | 381473 | 118513 |

മെഡിക്കൽ ഓഫീസർ ഗവൺമെന്റ് താലൂക്ക് ഹെഡ് ക്വാട്ടേഴ്സ് ഹോസ്പിറ്റൽ കൊണ്ടോട്ടി നിർവ്വഹിച്ച മേൽ

പ്രൊജക്ടുകൾപ്രകാരം, മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി, കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് തിരുവനന്തപുരത്തിന് മേൽ പരാമർശിച്ച പ്രകാരം ആകെ 2205558/-രൂപ നല്കിയിരുന്നു, എന്നാൽ 1422671/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.782887/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. പ്രസ്തുത തുകക്കുള്ള മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്(ഓഡിറ്റ് എൻക്വയറി (നം-28/25-01-2024)).

## 1-41 മെൻസ്ട്രൽ കപ്പ് വാങ്ങൽ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം , പേര് | 452/23, മെൻസ്ട്രൽ കപ്പ് |
| അടങ്കൽ | 360000 (ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് തുക | 360000 |
| ബിൽ നം, തുക | 22200953/21.03.23 RS 360000 |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ കൊണ്ടോട്ടി |

മെഡിക്കൽ ഓഫീസർ, ഗവൺമെന്റ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ കൊണ്ടോട്ടി നിർവ്വഹണം നടത്തിയ സ്കൂൾ വിദ്യാർത്ഥിനികൾക്ക് മെൻസ്ട്രൽ കപ്പ് വിതരണം എന്ന മേൽ പദ്ധതി പ്രകാരം, സർക്കുലർ നം.ഡി.എ1/278/2022-ത.സ്വ.ഭ,വ തീയ്യതി 17.8.2022 ന്റെ അടിസ്ഥാനത്തിൽ, HLL Life Care Limited ൽ നിന്നും 300രൂപ നിരക്കിൽ 1200 എണ്ണം മെൻസ്ട്രൽ കപ്പ് വാങ്ങിയിട്ടുണ്ട്. 1200 എണ്ണം വാങ്ങിയിട്ടുണ്ടെങ്കിലും 1168 പേരുടെ ഗുണഭോക്തൃ ലിസ്റ്റാണ് ലഭ്യമാക്കിയിട്ടുള്ളത്. ഗുണഭോക്തൃ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ചതിന്റെ വിശദാംശങ്ങൾ (തീരുമാനം നമ്പർ, തീയ്യതി, അംഗീകരിച്ച ഗുണഭോക്താക്കളുടെ പട്ടിക) ലഭ്യമാക്കുകയോ, ഗുണഭോക്താക്കളുടെ അപേക്ഷ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. മെൻസ്ട്രൽ കപ്പിന്റെ കൈപ്പറ്റിനൊപ്പം ആയത് കൈപ്പറ്റിയവരുടെ ആധാർ കാർഡിന്റെ പകർപ്പ് ചേർത്ത് വെക്കുകയാണ് ചെയ്തിട്ടുള്ളത്. മാത്രമല്ല ആനുകൂല്യം കൈപ്പറ്റിയവർ വിദ്യാർത്ഥികളാണെന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രവും ഹാജരാക്കിയിട്ടില്ല. ആധാർ പരിശോധിച്ചതിൽ സ്കൂൾ വിദ്യാർത്ഥികൾ അല്ലാത്തവർക്കും (പ്രായം കണക്കിലെടുത്ത്) മെൻസ്ട്രൽ കപ്പ് നലികിയിട്ടുണ്ട് എന്ന് കാണുന്നു. വാങ്ങൽ സംബന്ധിച്ച പ്രൊക്യൂയർമെന്റ് കമ്മിറ്റി, ഭരണസമിതി തീരുമാനങ്ങളും ലഭ്യമാക്കിയിട്ടില്ല. വാങ്ങിയ മെൻസ്ട്രൽ കപ്പ് സ്റ്റോക്കിലെടുത്തിട്ടുണ്ട്. എന്നാൽ ഇഷ്യൂ ചെയ്തതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ലഭ്യമാക്കിയ ഓരോ വാർഡിലും വിതരണം ചെയ്തതു സംബന്ധിച്ച ലിസ്റ്റ് പ്രകാരം 182 എണ്ണം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. മെൻസ്ട്രൽ കപ്പ് സ്കൂൾ തലത്തിൽ വിതരണം ചെയ്തതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. (വാർഡ് 26-30, വാർഡ് 25-25, വാർഡ് 13-39, വാർഡ് 23-30, വാർഡ് 15-43, വാർഡ് 12-15). ( മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 29/25.01.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല.) മേൽ രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക 360000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-42 ഡയാലിസിസ് മെഷീൻ,അനുബന്ധ ഉപകരണങ്ങൾ-ഉപയോഗപ്രദമാക്കുന്നത് സംബന്ധിച്ച്

കൊണ്ടോട്ടി താലൂക്ക് ആസ്ഥാന ആശുപത്രിയിലെ മെഡിക്കൽ ഓഫീസർ കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/ സെക്രട്ടറിക്ക് അയച്ച കത്തിൽ ഡയാലിസിസ് മെഷ്യനുകൾ ഉപയോഗപ്രദമാക്കുന്നത് സംബന്ധിച്ച വിഷയം ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. കത്തിന്റെ പകർപ്പ് കൊണ്ടോട്ടി നഗരസഭ ചെയർപേഴ്സണ് നൽകിയിട്ടുണ്ട്. മേൽ കത്ത് പ്രൊജക്ട് നമ്പർ 420/23 പ്രകാരം മരുന്ന് വാങ്ങുന്നതിനായി നിർവ്വഹിച്ച പ്രൊജക്ടിന്റെ ഫയലിൽ ചേർത്ത് വച്ചിട്ടുണ്ട് (ഫയൽ നമ്പർ ഇല്ല). ഈ കത്തിലെ പ്രതിപാദ്യത്തിന്റെ വിശദാംശം താഴെ ഖണ്ഡികയിൽ പറയുന്നു.

നിലവിൽ കൊണ്ടോട്ടി നഗരസഭയുടെ നിയന്ത്രണത്തിലുള്ളതും മുമ്പ് കൊണ്ടോട്ടി ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലിരുന്നതുമായ കൊണ്ടോട്ടി ആസ്ഥാന ആശുപത്രയിൽ ഡയാലിസിസ് സെന്റർ തുടങ്ങുന്നതിനായി കൊണ്ടോട്ടി ബ്ലോക്ക് പഞ്ചായത്തിന്റെ 2013-14 വികസന പദ്ധതി പ്രൊജക്ട് പ്രകാരം 6 ഡയാലിസിസ് ഉപകരണങ്ങളും അനുബന്ധസാമഗ്രികളും വാങ്ങി ശിഹാബ് തങ്ങൾ ഡയാലിസിസ് സെന്റർ എന്ന പേരിൽ ചാരിറ്റബിൾ സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് സി.എച്ച്.സി യിൽ പ്രവർത്തിച്ച് വന്നിരുന്ന ഡയാലിസിസ് സെന്ററിന് കൈമാറുകയുണ്ടായി. 30.01.2020 ന് ശിഹാബ് തങ്ങൾ ഡയാലിസിസ് സെന്റർ പുതിയ കെട്ടിടം നിർമ്മിച്ച് മാറ്റി സ്ഥാപിച്ചതിനാൽ പ്രസ്തുത മെഷീനുകളും അനുബന്ധ ഉപകരണങ്ങളും താലൂക്ക് ആസ്ഥാന ആശുപത്രി മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട്. ഡയാലിസിസ്

സെന്റർ പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ മുനിസിപ്പാലിറ്റി എച്ച്.എം.സിയിൽ ചർച്ചകൾ നടന്നു എങ്കിലും തീരുമാനമായിട്ടില്ല. ഉപകരണങ്ങൾ ഉപയോഗ ശൂന്യമായിപ്പോകാൻ സാധ്യതയുള്ളതിനാൽ അവ പ്രവർത്തിപ്പിക്കുന്നതിനോ മറ്റു സ്ഥാപനങ്ങളിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനോ വേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

മേൽ കത്തിൽ പരാമർശിച്ച പ്രകാരം ഡയാലിസിസ് മെഷീനും അനുബന്ധ ഉപകരണങ്ങളും ഉപയോഗ യോഗ്യമാക്കാൻ കൊണ്ടോട്ടി നഗരസഭ സ്വീകരിച്ച നടപടി വിവരം അറിയിക്കേണ്ടതാണ് എന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 27/25.01.2024 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിവരങ്ങൾ ഈ റിപ്പോർട്ടിനുള്ള പ്രഥമ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-43 അങ്കണവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കേണ്ടതാണ്.

മുനിസിപ്പാലിറ്റിക്കു കീഴിൽ ആകെ 51 അംഗനവാടികളാണുള്ളത്. ഇതിൽ 45 അംഗനവാടികൾക്ക് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. പല അംഗനവാടികൾക്കും ചുറ്റു മതിലോ കുടിവെള്ള സൗകര്യമോ ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| സ്വന്തം കെട്ടിടം ഇല്ലാത്തവ | 6 |
| കുടിവെള്ള സൗകര്യമില്ലാത്തത് | 17 |
| ചുറ്റുമതിൽ ഇല്ലാത്തവ | 17 |

2 അംഗനവാടികൾക്ക് സ്ഥലം ലഭ്യമായിട്ടുണ്ട് എന്ന് ICDS സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്. കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യമൊരുക്കൽ മുനിസിപ്പാലിറ്റിയുടെ ചുമതലയാണ് എന്നതിനാൽ സ്ഥലം ലഭ്യമായ അംഗനവാടികൾക്ക് കെട്ടിടം പണിയുന്നതിനും അവശേഷിയ്ക്കുന്ന അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ച നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതും കുടിവെള്ള സൗകര്യവും , ചുറ്റുമതിലും ഇല്ലാത്ത അംഗനവാടികൾക്ക് ടി സൗകര്യങ്ങൾ കൂടി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-44 മൃഗാശുപത്രികൾക്ക് ഇൻവെർട്ടർ വാങ്ങൽ - സ്റ്റോക്ക് അപാകതകൾ

വെറ്റിനറി സർജൻ 2022-23 സാമ്പത്തിക വർഷത്തിൽ നിർവ്വഹണം നടത്തിയ ചുവടെ ചേർത്ത പദ്ധതി പ്രകാരം രണ്ട് ഇൻവെർട്ടറുകളും 8 ബാറ്ററികളും വാങ്ങിയിട്ടുണ്ട്. ഇതിൽ ഒരു ഇൻവെർട്ടറും നാല് ബാറ്ററികളും നെടിയിരുപ്പ് മൃഗാശുപത്രിയിൽ ഉപയോഗത്തിനെടുക്കുകയും, മറ്റൊരു ഇൻവെർട്ടറും നാല് ബാറ്ററികളും കൊണ്ടോട്ടി മൃഗാശുപത്രിയിലെ ആവശ്യത്തിനായി നൽകുകയുമാണ് ചെയ്തത്. ലഭ്യമായ ഇൻവെർട്ടറുകളും ബാറ്ററികളും ശരിയായ രീതിയിൽ സ്റ്റോക്കിലെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്തതായി കാണുന്നില്ല . വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി , ബിൽ നം/തിയതി, തുക, മറ്റ് വിശദാംശങ്ങൾ | അപാകതകൾ |
|---|---|
| പ്രോജക്റ്റ് നം. 551/22-23, മൃഗാശുപത്രികൾക്ക് ഇൻവെർട്ടർ.<br>ബിൽ നം. 22151047003001405768/20.03.23-Rs.154640/- (മെയിന്റനൻസ് ഫണ്ട് നോൺ റോഡ്).<br>ജെം മുഖേന ഹൈക്കൺ ഇന്ത്യ പ്രൈ.ലിമി. എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. OLG-B/ 2223007367/16.03.23(Rs. 42000) രണ്ട് UPS, OLG-B/ 2223007334/15.03.23(Rs. 112640) 8 ബാറ്ററികൾ എന്നിവ മൂന്ന് വർഷ വാറണ്ടിയോട് കൂടി ലഭ്യമാക്കിയതിനാണ് ബിൽ പ്രകാരമുള്ള ആകെ തുക അനുവദിച്ചത്. | (1) നെടിയിരുപ്പ് മൃഗാശുപത്രിയിലേക്ക് നൽകിയ ഇൻവെർട്ടർ/UPS, ബാറ്ററി എന്നിവ, സ്റ്റോക്ക് നമ്പറോ പദ്ധതി വിശദാംശങ്ങളോ രേഖപ്പെടുത്തി ഇലക്ട്രോണിക്/മറ്റ് ഉപകരണങ്ങളുടെ/ആസ്തികളുടെ സ്റ്റോക്ക് രജിസ്റ്ററിൽ നമ്പർ ചേർത്ത് സ്റ്റോക്കിലെടുത്തിട്ടില്ല.<br>(2) സ്റ്റോക്ക് രജിസ്റ്ററിൽ ഉപകരണങ്ങളുടെ വാറണ്ടി സംബന്ധിച്ച വിവരങ്ങൾ/കാലയളവ് രേഖപ്പെടുത്തി ഉറപ്പ് വരുത്തിയിട്ടില്ല. ആയതിനാൽ വാറണ്ടി കാലയളവിൽ / സ്ഥാപിച്ച ഉടനെ തന്നെ ഉപകരണങ്ങൾ കേടായാൽ വാറണ്ടി ഉള്ളതാണോ എന്നത് അറിയാതെ പോകുകയും, ആയത് മാറ്റി പുതിയത് സ്ഥാപിക്കുകയോ റിപ്പയർ ചെയ്യുകയോ ചെയ്യാൻ ഇട വരുന്നതാണ്.<br>(3) നെടിയിരുപ്പ് മൃഗാശുപത്രിയിലെ ലാബ്, സർജ്ജിക്കൽ ഉപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ Hykon India എന്ന് രേഖപ്പെടുത്തി ഒരു UPS ഉം 4 ബാറ്ററികളും കൊണ്ടോട്ടി മൃഗാശുപത്രിക്ക് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവക്ക് വ്യക്തമായ കൈപ്പറ്റ് ഹാജരാക്കുകയോ ഇഷ്യൂ രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തുകയോ കൊണ്ടോട്ടി മൃഗാശുപത്രിയിലെ സ്റ്റോക്കിൽ രേഖപ്പെടുത്തിയതായി ഉറപ്പ് വരുത്തുകയോ ചെയ്തിട്ടില്ല. |

ഇലക്ട്രോണിക് മറ്റ് ഉപകരണങ്ങൾ പുതിയത് വാങ്ങി സ്ഥാപിക്കുമ്പോൾ ആയത് വാറണ്ടി ഉറപ്പ് വരുത്തി സ്റ്റോക്കിലെടുക്കുകയും സ്റ്റോക്ക് രജിസ്റ്റർ/മൂവബിൾ അസ്സറ്റ് രജിസ്റ്റർ പ്രകാരമുള്ള നമ്പറും പദ്ധതി നമ്പറും ഉപകരണങ്ങളിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

അപാകതകൾ സൂചിപ്പിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം.18/23.01.2024ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും സ്റ്റോക്ക് രേഖകൾ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

## 1-45 SC വിദ്യാർത്ഥികളായ ആൺ കുട്ടികൾക്ക് ലാപ്ടോപ്പ്-അപാകത

പദ്ധതി നം. : 389/23

അടങ്കൽ : 1490960/- വികസന ഫണ്ട്-SCP

ചെലവ് : 1490960/-

2022-23 സാമ്പത്തിക വർഷത്തിൽ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ നിർവ്വഹണം നടത്തിയ ഈ പദ്ധതി പ്രകാരം, കെൽട്രോണിൽ നിന്നും ചുവടെ ചേർത്ത പ്രകാരം HP കമ്പനിയുടെ 240 G8 Notebook PC മോഡൽ ലാപ്ടോപ്പുകൾ 40 എണ്ണം ലഭ്യമാക്കി വിതരണം ചെയ്തതായി വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം | ചെലവ് ബിൽ നം | കെൽട്രോൺ ഇൻവോയ്സ് നം | ഡെലിവറി ചലാൻ നം | ലാപ്ടോപ്പ് എണ്ണം | ബിൽ/ ഇൻവോയ്സ് തുക |
|---|---|---|---|---|---|
| 1 | 22151047002501402841/ 18.03.2023 | ITP/19209/22-23/31.03.23 | 11492/ITP/ 22-23/31.03.23 | 20 | 745480 |
| 2 | 22151047002501402839/ 18.03.2023 | ITP/19209/22-23/31.03.23 | 11489/ITP/ 22-23/31.03.23 | 7 | 260918 |
| 3 | 22151047002501337031/ 13.03.2023 | ITP/19209/22-23/31.03.23 | 11512/ITP/ 22-23/31.03.23 | 13 | 484562 |

ഇത് സംബന്ധിച്ച ഫയലും അപേക്ഷകളും ലഭ്യമാക്കിയത് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ശ്രീ. അജിത് സി, S/O ബാലകൃഷ്ണൻ, വട്ടിയാർകുന്ന്(ആധാർ നം. 268386678618) എന്ന വിദ്യാർഥിക്ക്, സീരിയൽ നം. 1N13110VMW ലാപ്ടോപ്പ് വിതരണം ചെയ്തതായി വിതരണ രജിസ്റ്ററിൽ പേജ് 8 ൽ ക്രമനം.23 ആയി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി വിദ്യാർത്ഥി സമർപ്പിച്ച അപേക്ഷയോ കോഴ്സ് സർട്ടിഫിക്കറ്റോ അനുബന്ധ രേഖകളോ ഒന്നും തന്നെ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ തന്നെ ടി വിദ്യാർത്ഥി ആനുകൂല്യത്തിന് അർഹനാണോയെന്നും ലാപ്ടോപ്പ് ലഭ്യമായിട്ടുണ്ടോ എന്നതും ഉറപ്പ് വരുത്താനായിട്ടില്ല.

2) കെൽട്രോണിന്റെ ഡെലിവറി ചലാനുകൾ പരിശോധിച്ചതിൽ മേൽ സീരിയൽ നമ്പർ ലാപ്ടോപ്പ് വിതരണം ചെയ്തവയിൽ ഉൾപ്പെട്ടിട്ടില്ല.

3) വിതരണം ചെയ്ത ലാപ്ടോപ്പുകൾ സർക്കാർ നിർദ്ദേശിച്ച സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ളതാണോയെന്ന് നഗരസഭ ടെക്നിക്കൽ അസിസ്റ്റന്റ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ ഓഡിറ്റിൽ പരിശോധനക്കായി ഹാജരാക്കുകയോ ചെയ്തിട്ടില്ല.

അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 36/25.01.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിദ്യാർത്ഥിയുടെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധനക്ക് ലഭ്യമാക്കേണ്ടതും അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-46 മരണ ശേഷവും പെൻഷൻ അനുവദിച്ചു.

നഗരസഭ അനുവദിക്കുന്ന വിവിധ പെൻഷനുകളുടെ പരിശോധനയുടെ ഭാഗമായി നിലവിൽ നഗരസഭ പെൻഷൻ അനുവദിച്ച് വരുന്ന വ്യക്തികളിൽ മരണപ്പെട്ട് പോയവരുടെ വിവരങ്ങൾ സേവന വെബ് സൈറ്റിൽ പരിശോധിക്കുകയുണ്ടായി. ചുവടെ ചേർത്ത വ്യക്തി മരണപ്പെട്ട ശേഷവും ടിയാൾക്ക് പെൻഷൻ അനുവദിച്ചതായും നിലവിലും ടിയാളുടെ പെൻഷൻ ആക്റ്റീവ് ആയി തന്നെ നിലനിൽക്കുന്നതായും കണ്ടെത്തി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര്, ആധാർ നമ്പർ , പെൻഷൻ ഐ.ഡി | മരണ തിയതി | പെൻഷൻ | അവസാനം പെൻഷൻ നൽകിയത് |
|---|---|---|---|
| ശ്രീ. ചെറിയമ്മദ് ഹാജി, പുളിയാരണത്ത്.<br>ആധാർ:908633420122<br>PID: 2220165560 | 12.11.2022 | ക്ഷേമനിധി ബോർഡ് പെൻഷൻ-കർഷക ക്ഷേമ പെൻഷൻ<br>Rs. 1600/- | ജൂൺ 2023. ജൂലൈ, ഓഗസ്റ്റ് 2023 എന്നീ മാസങ്ങളിലേത് മസ്റ്ററിംഗ് ചെയ്യാത്തത് കാരണം തടഞ്ഞ് വെച്ചു. |

മേൽ വ്യക്തിക്ക് 2022 ഡിസംബർ മാസം മുതൽ 2023 മെയ്മാസം വരെ ആകെ 5 മാസങ്ങളിലായി 5 X 1600 =8000/-രൂപ മരണശേഷവും പെൻഷൻ അനുവദിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണ കുറിപ്പ് നം. 33/25.01.24ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-47 വട്ടപറമ്പ് കടിവെള്ള പദ്ധതി - പഴയ മോട്ടോറിന്റെ വിനിയോഗം വ്യക്തമല്ല.

പ്രൊജക്റ്റ് നം.16/23 (386/19-20)
ടി.എസ്.നം- 96285/19.12.2022
അടങ്കൽ - 55000 തനത് ഫണ്ട്
ചെലവ് - 54880 ചെക്ക് നം.019544/4.7.2022
കരാർ- 198/AE/LSGD/24.3.2020
എം.ബുക്ക് - 166/19-20
കരാറുകാരൻ - K.വിജയകുമാർ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച ഈ പ്രൊജക്റ്റ് പ്രകാരം വട്ടപ്പറമ്പ് കടിവെള്ള പദ്ധതിയുടെ പ്രവർത്ത രഹിതമായ മോട്ടോർ മാറ്റി (ഇപ്രകാരം എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ട്) പുതിയ 5 HP സബ്മേഴ്സിബിൾ മോട്ടോറും അനുബന്ധ ഫിറ്റിംഗുകളും വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ പഴയ മോട്ടോറിന്റെ വിനിയോഗം സംബന്ധിച്ച് ഒരു രേഖപ്പെടുത്തലും എസ്റ്റിമേറ്റിലും (മോട്ടോർ കിണറിൽ നിന്നും പുറത്തെടുക്കുന്നതിന് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല) അളവ് പുസ്തകത്തിലും (പഴയ മോട്ടർ നഗര സഭയ്ക്ക് കൈമാറിയത് സംബന്ധിച്ച സർട്ടിഫിക്കേഷൻ) രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ, പഴയ മോട്ടോർ ലേലം ചെയ്ത് വില്പന നടത്തിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട രേഖകൾ പരിശോധനക്ക് ഹാജരാക്കാനും ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാനും ആവശ്യപ്പെട്ട് 8/20.1.2024 നമ്പർ ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി. ഇതിന് അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ ജി4/25.1.2024 നമ്പർ കത്തിനോപ്പം പദ്ധതി നിർവ്വഹിച്ച കാലയളവിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി ലഭ്യമാക്കുകയുണ്ടായി. പ്രസ്തുത കത്തിൽ പ്രവൃത്തി തുടങ്ങുന്നതിന് മുമ്പ് തന്നെ കുടിവെള്ള പദ്ധതിയുടെ കൺവ്വീനർ പഴയ മോട്ടോർ അഴിച്ചെടുത്ത് നഗരസഭയിൽ ഏല്പിച്ചിട്ടുണ്ട് എന്നാണ് പറഞ്ഞിട്ടുള്ളത്. ഇതിന് തെളിവായി കൺവ്വീനർ ശ്രീ.സലാം എന്നയാളിൽ നിന്നുള്ള 22.1.2023 തീയ്യതിയിലെ കത്തും ഹാജരാക്കിയിട്ടുണ്ട്. ഈ മറുപടി അംഗീകരിക്കുന്നു. നഗരസഭക്ക് കൈമാറിയിട്ടുള്ള പഴയ മോട്ടോർ കണ്ടെത്തി ലേലം ചെയ്ത് വില്പന നടത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-48 ടെണ്ടർ ഫീ തനത് ഫണ്ട് അക്കൗണ്ടിലേക്ക് നിശ്ചിത ഇടവേളകളിൽ മാറ്റേണ്ടതാണ്.

ഇ ടെണ്ടർ ഫീ ക്രെഡിറ്റ് ചെയ്യുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയറുടടെ പേരിൽ കൊണ്ടോട്ടി എസ്.ബി.ഐ ശാഖയിൽ തുറന്ന 00000040514867 നമ്പർ കറന്റ് അക്കൗണ്ടിൽ 1.4.2022 ന് ₹157055 (OB 155899+1156 വരവ്) നീക്കിയിരിപ്പുണ്ടായിരുന്നു. തുടർന്ന് ക്രഡിറ്റിൽ വന്ന തുകകൾ ഉൾപ്പെടെ 30.11.2022 ന് നീക്കിയിരിപ്പുണ്ടായിരുന്ന 351842 രൂപയിൽ 155900 രൂപ അന്നേ ദിവസം സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് മാറ്റുകയുണ്ടായി. അവശേഷിച്ച 195942 രൂപയും തുടർന്ന് ക്രഡിറ്റിൽ വന്ന തുകകളും ഉൾപ്പെടെ 20.1.2024 ന് നീക്കിയിരിപ്പുണ്ടായിരുന്ന 494887 രൂപയിൽ 887 രൂപ നില നിർത്തി ബാക്കി 494000 രൂപ അന്നേ ദിവസം സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.

കറന്റ് അക്കൗണ്ടിൽ തുക സൂക്ഷിച്ചത് കാരണം നീക്കിയിരിപ്പ് തുകക്ക് മേൽ കാലയളവിൽ ഒരു പലിശയും ലഭ്യമായിട്ടില്ല. കറന്റ് അക്കൗണ്ടിൽ വലിയ തുക ദീർഘകാലം നീക്കിയിരിപ്പായി തുടരുന്നത് നഗരസഭയുടെ സാമ്പത്തിക താല്പര്യത്തിന് നിരക്കുന്നതല്ല. ആയതിനാൽ നിശ്ചിത ഇടവേളകളിൽ മേൽ അക്കൗണ്ടിൽ നിന്നും സെക്രട്ടറിയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ( സേവിംഗ്സ് ബാങ്ക് അക്കൗണ്ട്) തുക മാറ്റാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-49 ഹരിത കർമ്മ സേന അവലോകനം

സംസ്ഥാനത്തിന്റെ സുസ്ഥിര മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് രൂപീകരിച്ച നൂതന സംരംഭമാണ് ഹരിത കർമ്മസേന. ഹരിത കേരള മിഷൻ, ദാരിദ്ര്യ നിർമ്മാർജ്ജനവും സ്ത്രീ ശാക്തീകരണവും മുഖ്യ വിഷയമായി ഏറ്റെടുത്തു പ്രവർത്തിക്കുന്ന കുടുംബശ്രീ മിഷൻ, ശുചിത്വമിഷൻ, ക്ലീൻ കേരള കമ്പനി, ഉറവിടമാലിന്യ സംസ്കരണ ഉപാധികൾ നിർമ്മിക്കുന്നതിന് സഹായകമാവുന്ന തൊഴിലുറപ്പ് മിഷൻ, കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നിവയുടെ സംയോജിത സഹായത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ പ്രാവർത്തികമാക്കുന്ന ഈ പദ്ധതി തൊഴിൽ സംരംഭ ഗ്രൂപ്പുകളിലൂടെയാണ് നടപ്പിലാക്കുന്നത്.

ഹരിതകേരള മിഷന്റെ മാലിന്യരഹിത കേരളം എന്ന കാമ്പയിന്റെ ഭാഗമായാണ് ഹരിത കർമ്മസേന - തൊഴിൽ സംരംഭ ഗ്രൂപ്പുകൾ രൂപീകരിക്കുന്നത്. ഹരിത കർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച് 15.07.2017 ലെ സ.ഉ (സാധാ) നം. 2420/2017/ത.സ്വ.ഭ.വ ഉത്തരവിൽ വിശദമായി പരാമർശിച്ചിട്ടുണ്ട്. സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2018 ലെ 10394/D-2017/KSHO നമ്പർ നടപടി ക്രമത്തിലൂടെ ഹരിത കർമ്മസേന മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതിനും, പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനുമുള്ള മാർഗ്ഗ നിർദേശങ്ങൾ അടങ്ങിയ പ്രവർത്തന മാർഗ്ഗരേഖ പുറപ്പെടുവിക്കുകയും 12.08.2020 ലെ സ.ഉ (സാധാ) നം.1496/2020/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ആയത് അംഗീകരിച്ച് ഉത്തരവായിട്ടുമുണ്ട്.

കൊണ്ടോട്ടി നഗര സഭയിൽ 29.3.2021 ന് 12 അംഗങ്ങളെ ഉൾപ്പെടുത്തി ഹരിത കൺസോർഷ്യം രജിസ്റ്റർ ചെയ്ത് 6 വാർഡുകളിൽ പൈലറ്റ് ആയി പ്രവർത്തനം തുടങ്ങി. ആയത് ശരിയായി പ്രവർത്തിക്കാത്തതിനാൽ 16.1.2023 45 പേരെ ഉൾപ്പെടുത്തി പുനക്രമീകരിച്ചു. പിന്നീട് 46 ആയി ഉയർത്തി. 40 വാർഡുകളുള്ള നഗരസഭയിൽ അംഗങ്ങളുടെ പ്രവർത്തനം മുഴവൻ വാർഡുകളിലും നടന്നു വരുന്നുണ്ട്. യൂസർ ഫീ ആയി ചാക്ക് ഒന്നിന് വീടുകളിൽ നിന്നും 50 രൂപയും കടകളിൽ നിന്നും 100 രൂപയും ഈടാക്കുന്നുണ്ട്. ഓരോ അധിക ചാക്കിനും യഥാക്രമം 30 രൂപയും 50 രൂപയും ഈടാക്കുന്നുണ്ട്. ശേഖരിച്ച മാലിന്യങ്ങൾ തരം തിരിച്ച് പുരുപയോഗ യോഗ്യമായവ ഒരു വർഷത്തേക്ക് ടെണ്ടർ ചെയ്ത് എക്കോ ഗ്രീൻ എന്ന കമ്പനിക്ക് വിൽക്കുകയാണ് ചെയ്യുന്നത്. അജൈവ മാലിന്യങ്ങൾ കിലോഗ്രാമിന് 4.80 രൂപ നിരക്കിലാണ് കൊണ്ടുപോകുന്നത്. ഓരോ ആഴ്ചയും മാലിന്യം കൊണ്ടുപോകുന്നുണ്ട്. ഒരു മാസത്തിൽ ശരാശരി അഞ്ച് കണ്ടെയ്നർ (5x7-8 ടൺ) മാലിന്യം നീക്കുന്നുണ്ട്. റീ യൂസബിൾ വേസ്റ്റ് തരം തിരിച്ച് മാർക്കറ്റ് റേറ്റ് പ്രകാരം കൂടുതൽ വില നൽകുന്ന കമ്പനിക്ക് നൽകുകയാണ് ചെയ്യുന്നത്. യൂസർ ഫീ പിരിക്കുന്നതിന് രസീതി നൽകുന്നുണ്ട്. യൂസർ ഫീ നൽകുന്നത് രേഖപ്പെടുത്തുന്നതിന് വീടുകളിൽ കളക്ഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്. ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി കേരള ഗ്രാമീൺ ബാങ്കിന്റെ കൊണ്ടോട്ടി ശാഖയിൽ കൺസോർഷ്യം പ്രസിഡണ്ട് സെക്രട്ടറി എന്നിവരുടെ പേരിൽ അക്കൗണ്ട് ഉണ്ട് (നമ്പർ - 40252101067817).

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചതിലെ വസ്തുതകൾ താഴെ ചേർക്കുന്നു.

ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം കുടുബശ്രീ അംഗങ്ങളിൽ നിന്ന് രൂപീകരിക്കുന്ന ഹരിത കർമ്മസേനയെ കൺസോർഷ്യമായും മൈക്രോസംരംഭ ഗ്രൂപ്പുകളായും തരം തിരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപന പരിധിയിൽ ഹരിത സംരംഭങ്ങൾ രൂപീകരിക്കുന്ന ഒരു സംഘടനയാണ് ഹരിത കൺസോർഷ്യം. ഓരോ വാർഡുകളിലേയും വീടുകളുടേയും എണ്ണം അനുസരിച്ച് പരമാവധി 3-4 പേരെ നിയോഗിക്കേണ്ടതും ഇത്തരത്തിൽ 3 മുതൽ 5 വരെ വാർഡുകളിൽ നിന്നുള്ളവരെ ഉൾപ്പെടുത്തി മൈക്രോ സംരംഭങ്ങൾ രൂപീകരിക്കുന്നതുമാണ്. ഓരോ സംരംഭക പ്രവർത്തന പരിധിയിലും 250 വീടുകളെങ്കിലും ഉണ്ടാകേണ്ടതുമാണ്. നഗരസഭയിൽ 29.3.2021 ന് ഹരിത കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ടെങ്കിലും മൈക്രോ സംരംഭങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല.

12-08-2020 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1496/2020/ത.സ്വ.ഭ.വഎം.സി.എഫ് വാർഡ് തലത്തിൽ ഒന്ന് വേണം. കുറഞ്ഞത് രണ്ട് വാർഡുകൾക്ക് ഒന്ന് 150 സ്ക്വയർ ഫീറ്റിൽ കുറയാതെ വിസ്തീർണ്ണം ഉള്ളത് വേണം. പഞ്ചായത്ത് തലത്തിൽ 1000 സ്ക്വയർ ഫീറ്റിൽ കുറയാത്തത് നിർമ്മിക്കണം/വാടക്ക് എടുക്കണം. നഗര സഭയുടെ ഉടമസ്ഥതയിലുള്ള ബസ്റ്റന്റ് ബിൽഡിങ്ങിന്റെ ഒന്നാം നിലയിലും രണ്ടാം നിലയിലുമായി ഏകദേശം 1300 Sqft അളവിലുള്ള കെട്ടിടത്തിലാണ് നഗരസഭയുടെ എം സി എഫ് നിലവിൽ പ്രവർത്തിച്ചു വരുന്നത്. വാർഡ് തലത്തിൽ MCF ഇല്ല. സ്ഥിരം കെട്ടിടത്തിന്റെ അഭാവത്തിൽ ബെയിലിംഗ് മെഷീൻ, ഷ്രെഡിംഗ് മെഷീൻ എന്നിവയും നിലവിലില്ല. MCF ബസ്സ്റ്റാന്റ് കെട്ടിടത്തിന്റെ മുകൾ നിലയിലായതിനാലാണ് ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കാത്തതെന്ന് ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവർ വാക്കാൽ അറിയിക്കുകയുണ്ടായി. നഗരസഭ നൽകിയ ഒരു ബോലോറോ ഗുഡ്സ് ജീപ്പും ഗുഡ്സ് ഓട്ടോയും അല്ലാതെ മറ്റ് വാഹനങ്ങൾ ഇല്ല.

മേൽ പറഞ്ഞ മാർഗ്ഗരേഖ 1.5 പ്രകാരം ഹരിത കർമ്മസേനയുടെ സാമ്പത്തിക സ്രോതസ്സ് എങ്ങിനെയായിരിക്കണം എന്ന് വിശദീകരിച്ചിട്ടുണ്ട്. നിലവിൽ യൂസർ ഫീയും, സ്ക്രാപ്പ് ഇനങ്ങൾ വിറ്റു കിട്ടുന്ന തുകയുമാണ് വരുമാന മാർഗം . മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരമുള്ള വരുമാന സ്രോതസ്സുകൾ കണ്ടെത്തി ഹരിത കർമ്മസേനയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല. മാലിന്യ സംസ്കരണം എന്നതിലുപരി ഇതിനെ ഒരു സംരംഭമായി വളർത്തി മാന്യമായ തൊഴിൽ ഖലയാക്കി മാറ്റുന്നതിന് സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പരിഗണിച്ച് ഉചിതമായ തുടർ നടപടി ഉറപ്പ് വരുത്തേണ്ടതുണ്ട്.

12/2023 ലെ സ്ഥിതി വിവര കണക്ക് പ്രകാരം 29.14% വീടുകളിൽ നിന്നും 28.98% സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് യൂസർ ഫീ പിരിച്ചെടുത്തിട്ടുള്ളത്. യൂസർ ഫീ നൽകാത്തവരിൽ നിന്നും കുടിശിക വരുത്തിയവരിൽ നിന്നും ആയത് വസ്തു നികുതി കുടിശികയായി ഈടാക്കാൻ GO(Rt)No.789/2023/LSGD Dtd.31.3.23 പ്രകാരം നിർദേശമുണ്ടെങ്കിലും ആയത് നടപ്പിൽ വരുത്തി ഭരണ സമിതി തീരുമാനം എടുത്തിട്ടില്ല.

മേൽ അപാകതകളും, ഘടനാ പരമായും അടിസ്ഥാന സൗകര്യപരവുമായ പോരായ്മകളും പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 15.01.2024 മുതൽ 25.01.2024 | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-5 വായ്പ/വായ്പ തിരിച്ചടവ്

വായ്പ തിരിച്ചടവിന്റെ വിവരം

| വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തിയ്യതി | തൻവർഷത്തെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാനുള്ള ബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലഭ്യമല്ല. | ലഭ്യമല്ല. | 0 | 2040000 | 0 | 0 | 2040000 |
| ഹഡ്കോ | ലഭ്യമല്ല. | 0 | 118186000 | 10040000 | 0 | 108146000 |

കുറിപ്പ് :-വാർഷിക കണക്ക് പ്രകാരമുള്ള തുകയാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. B-6 ഷെഡ്യൂളിൽ വായ്പ ഇനത്തിൽ 2021-22 വർഷം തിരിച്ചടവാക്കാനായി അവശേഷിച്ച തുകയാണ് (2040000 രൂപ) തൻവർഷത്തിലും തിരിച്ചടവാക്കാൻ അവശേഷിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നത്. കൊണ്ടോട്ടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ സൂക്ഷിച്ചിരിക്കുന്ന തനത് ഫണ്ട് അക്കൗണ്ടിലെ തൻവർഷത്തെ പിൻവലിക്കലുകൾ പരിശോധിച്ചതിൽ 1152684/- രൂപ ബാങ്ക് നേരിട്ട് വായ്പാതിരിച്ചടവ് ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. ഈ തുക വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

### 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 629514 |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | 629514 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 629514 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ലഭ്യമല്ല. | 102000 |
| The Nediyirippu Service Co-Operative Bank | 527514 |
| ആകെ | 629514 |

കുറിപ്പ്:നെടിയിരിപ്പ് സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിലുള്ള Fixed Deposit ന് 2021-22 വർഷത്തെ നീക്കിയിരിപ്പ് (527514 രൂപ) തന്നെയാണ് 2022-23 വർഷത്തെ നീക്കിയിരിപ്പായി ചേർത്തിട്ടുള്ളത്. നിക്ഷേപ സർട്ടിഫിക്കറ്റ് പ്രകാരം 560484/- രൂപയുടെ നീക്കിയിരിപ്പാണുള്ളത്. പലിശയിനത്തിൽ ലഭ്യമായ തുക നീക്കിയിരിപ്പിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം./തിയ്യതി |
|---|---|---|---|---|
| 2020-21 | ലഭ്യമല്ല. | 2500 | ശ്രീ അബ്ദുൽ നസീർ.സി.പി | 122020102620/ 08.06.2022 |
| 2020-21 | ഓഡിറ്റ് റിക്കവറി - നെടിയിരുപ്പ് GP(01.03.2013-31.102015) | 17631 | ശ്രീ വിജയൻ | 122020103739/ 14.07.2022 |
| 2020-21 | എൻക്വയറി നമ്പർ-12/20-21 | 6470 | ശ്രീ വിജയകുമാർ | 122020104359/ 06.08.2022 |
| 2020-21 | എൻക്വയറി നമ്പർ-12/20-21 | 7207 | ശ്രീ വിജയകുമാർ | 122020104360/ 06.08.2022 |
| 2020-21 | എൻക്വയറി നമ്പർ-12/20-21 | 14980 | ശ്രീ മുഹമ്മദ് ഷക്കീൽ .വി | 122020104930/ 27.08.2022 |
| 2021-22 | എൻക്വയറി നമ്പർ-44/21-22 | 12029 | ശ്രീ മുഹമ്മദ് ഷഫീഖ്.കെ | 122020116137/22.03.23 |
| 2021-22 | എൻക്വയറി നമ്പർ-46/21-22 | 11482 | ശ്രീ കുട്ടിരായീൻ | 122020116138/22.03.23 |
| 2021-22 | എൻക്വയറി നമ്പർ-48/21-22 | 8777 | ശ്രീ കുട്ടിരായീൻ | 122020116139/22.03.23 |
| 2021-22 | എൻക്വയറി നമ്പർ-43/21-22 | 7561 | ശ്രീ അഹമ്മദ്.കെ | 122020116203/22.03.23 |
| 2021-22 | എൻക്വയറി നമ്പർ-45/21-22 | 14845 | ശ്രീ ഷബീറലി | 122020116211/22.03.23 |
| 2021-22 | എൻക്വയറി നമ്പർ-47/21-22 | 9071 | ശ്രീ ഷബീറലി | 122020116212/22.03.23 |
| **ആകെ** | | **112553** | | |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ ഇല്ല. കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്, നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത് എന്നിവയുടെ മുൻ റിപ്പേർട്ടുകളിൽ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

**A.കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്**

കൊണ്ടോട്ടി ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 1999-00 | 48,49 | 2002-03 | -- | കെട്ടിട വാടക കുറവായി ഈടാക്കി 14590 രൂപ | നടപടി തുടർന്നു വരുന്നു |
| | | | | നഗരശുചീകരണം അധിക തുക നൽകിയത് 31168 രൂപ | |
| | | | | കറണ്ട് ചാർജ്ജ് പലിശ നൽകിയത് 8663 രൂപ | |
| | | | | നീറാട് കുളം റിപ്പയർ ചെലവ് നഷ്ടം 40284 രൂപ | |

| | | | | | |
|---|---|---|---|---|---|
| | | | | കേരളോത്സവം അധിക ചെലവ് 5151 രൂപ | |
| | | | | പദ്ധതി നിർവ്വഹണ ചെലവ്-തനത് ഫണ്ടിൽ നിന്ന് ക്രമരഹിതം 34693+30013 രൂപ | |
| | | | | ഡി.പി.സി. അംഗീകരിക്കാത്ത പ്രൊജക്ടുകൾ 43660 രൂപ | |
| | | | | കാലി ബാരൽ വില ഈടാക്കിയില്ല 9350 രൂപ | |
| | | | | ടാർ വാങ്ങിയത് സ്റ്റോക്ക് വിശദാംശങ്ങൾ ഇല്ല | |
| | | | | രണ്ട് വർഷം കഴിഞ്ഞിട്ടും പൂർത്തിയാകാത്ത പ്രൊജക്ടുകൾ | |
| | | | | സമഗ്ര ഭവന നിർമ്മാണം ഗുണഭോക്തൃ ലിസ്റ്റിലെ അപാകതകൾ | |
| | | | | ടാർ വാങ്ങിയത് വ്യക്തമായ കണക്ക് സൂക്ഷിച്ചിട്ടില്ല | |
| | | | | അനർഹർക്ക് ആനുകൂല്യം നൽകിയത് 38500 രൂപ | |
| 1998-99 | 36,49 | 2003-04 | | കംഫർട്ട് സ്റ്റേഷൻ പലിശ 31325 രൂപ<br>ഡി.പി.സി. അംഗീകരിക്കാത്ത പ്രൊജക്ട് 43660 രൂപ | നടപടി തുടർന്നു വരുന്നു |
| 2005-06 | 3-3 | 2010-11 | -- | ചേപ്പിലക്കുന്ന് കുടിവെള്ള പദ്ധതി | തുടരുന്നു |
| 2009-10, 2010-11 | 3-16 | 2012-13 | - | പ്രവർത്തനക്ഷമതാ റിപ്പോർട്ട് (ഖരമാലിന്യ പരിചരണം) | |
| 2014-15 | 2-4 | 2016-17 | | | |

**B നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത്**

നെടിയിരുപ്പ് ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02<br>2000-01 | 6<br>7 | 2004-05 | | മുസ്ലിയാരങ്ങാടി ശുദ്ധജല വിതരണ പദ്ധതി തനത് ഫണ്ടിൽ നിന്ന് ചെലവ് 24000+7719 | നടപടി തുടരുന്നു |
| 2011-12, 2012-13 | 3-1 | 2014-15 | | നിഷ്ക്രിയ ആസ്തി അവലോകനം | “ |
| 2014-15 | 2-3, 2-1 | 2016-17 | | 2-3 വസ്തു നികുതി അപാകത (2014-15)<br>2-1 തൊഴിൽ നികുതി അപാകത (2014-15) | “ |

## 4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് സർചാർജ്ജ് | തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|

| | | | | സർട്ടിഫിക്കറ്റ് നമ്പർ, തിയതി | | |
|---|---|---|---|---|---|---|
| 1 | 1997-98 | 29,30,31,33 | ശ്രീ. പി.കെ കാർത്തികേയൻ | LF11520/Spl.Cell/ Sc5/04/6.9.05 | 50,498 | 50,000/- രൂപ അടവാക്കാൻ അവശേഷിക്കുന്നു |
| 2 | 2003-04 | 3-4, 3-5 | ശ്രീ.കെ.ചോയിക്കുട്ടി | LF682/Spl.Cell/ Sc5/10/14.12.10 | 15,797 | 4,086/- രൂപയുടെ അടവ് വിവരം ലഭ്യമല്ല |
| 3 | 2017-18 | 3-8 | ശ്രീ. ഫിറോസ് ഖാൻ, സെക്രട്ടറി | KSA 4355/സ്പെ. സെൽ. സി.എസ്.സി/ എ2/19(1) തീയതി, 16-12-21 | 13200 | അടവാക്കിയിട്ടില്ല. |
| 4 | 2017-18 | 3-1 | ശ്രീ.ആന്റ്.എ.വി., അസിസ്റ്റന്റ് എഞ്ചിനീയർ | KSA 4355/സ്പെ. സെൽ. സി.എസ്.സി/ എ2/19(1) തീയതി, 16-12/21 | 11893 | അടവാക്കിയിട്ടില്ല |
| 5 | | 3-4 | ശ്രീ.ആന്റ്.എ.വി., അസിസ്റ്റന്റ് | KSA 4355/സ്പെ. സെൽ. സി.എസ്.സി/ എ2/19(1) തീയതി, 16-12/21 | 12227 | അടവാക്കിയിട്ടില്ല |
| 6 | | 3-6 | ശ്രീ.ആന്റ്.എ.വി., അസിസ്റ്റന്റ് | KSA 4355/സ്പെ. സെൽ. സി.എസ്.സി/ എ2/19(1) തീയതി, 16-12/21 | 18348 | അടവാക്കിയിട്ടില്ല |
| 7 | | 3-9 | ശ്രീ.ആന്റ്.എ.വി., അസിസ്റ്റന്റ് | KSA 4355/സ്പെ. സെൽ. സി.എസ്.സി/ എ2/19(1) തീയതി, 16-12/21 | 41647 | അടവാക്കിയിട്ടില്ല |

## 4-10 ഓഡിറ്റ് പ്രത്യവലോകനം.

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 229477093 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 187563373 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയതുക | 71,83,727 |

**(ബി). നഗരസഭാ ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | - | | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 1,60,000 | ശ്രീമതി അനുപമ.ടി, സെക്രട്ടറി - 15000/-<br>ശ്രീമതി സീന.എച്ച്, സെക്രട്ടറി - 145000/- |
| 1-33 | 40,25,000 | ശ്രീമതി അനുപമ.ടി, സെക്രട്ടറി |

| | | |
|---|---|---|
| 1-34 | 17,50,987 | ശ്രീമതി അനുപമ.ടി, സെക്രട്ടറി-1364000 |
| | | ശ്രീമതി സീന എച്ച്, സെക്രട്ടറി -386987 |
| 1-38 | 6,37,740 | ശ്രീമതി ഇസ്സ കരിമ്പൻ, കൃഷി ഓഫീസർ |
| 1-39 | 2,50,000 | ശ്രീമതി.സിന്ധു.സി, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-41 | 3,60,000 | ശ്രീമതി.സുജാത.കെ, മെഡിക്കൽ ഓഫീസർ,താലൂക്ക് ഹോസ്പിറ്റൽ |
| ആകെ | 71,83,727 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

**1) നെടിയിരിപ്പ് ഗ്രാമപഞ്ചായത്ത്**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.എം.7/3249/14 തി:16.12.2014 | 5 |
| 1997-98 | എൽ.എഫ്.എം.7/3250/14 തി:16.12.2014 | 8 |
| 1998- 99 | എൽ.എഫ്.എം.7/3251/14 തി:16.12.2014 | 3 |
| 1999-00 | എൽ.എഫ്.എം.7/3252/14 തി:16.12.2014 | 5 |
| 2000-01 | എൽ.എഫ്.എം.7/3253/14 തി:16.12.2014 | 3 |
| 2001 -02 | എൽ.എഫ്.എം.7/1552/03 തി:30.10.2010 | 39 |
| 2002 -03 | എൽ.എഫ്.എം.14/1186/08 തി:30.10.2010 | 17 |
| 2003-04 | എൽ.എഫ്.എം.14/1187/08 തി:30.10.2010 | 10 |
| 2004 -05 | എൽ.എഫ്.എം.14/841/09 തി:30.10.2010 | 5 |
| 2005 -06 | എൽ.എഫ്.എം.14/842/09 തി:30.10.2010 | 20 |
| 2007 -08 | എൽ.എഫ്.എം.7/121/12 തി:08.02.2012 | 8 |
| 2008 -09 | എൽ.എഫ്.എം.7/122/12 തി:08.02.2012 | 11 |
| 2009-10,2010-11 | എൽ.എഫ്.എം.7/783/13 തി:23.09.2013 | 15 |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം.7/685/15 തി: 24.08.15 | 11 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം.24/2062/16 തി: 21.06.2017 | 8 |
| 2015-16 | കെ.എസ്.എ.എം.പി.എം.25/165/17 തി: 31.03.2018 | 7 |

**2)കൊണ്ടോട്ടി ഗ്രാമപഞ്ചായത്ത്**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.എം.717-7/03 തി:14.10.2010 | 5 |
| 1997-98 | എൽ.എഫ്.എം.7/1692/03 തി:14.10.2010 | 2 |
| 1998- 99 | എൽ.എഫ്.എം.7/1693/03 തി:14.10.2010 | 15 |
| 1999-00 | എൽ.എഫ്.എം.7/1143/03 തി:14.10.2010 | 19 |
| 2000-01 | എൽ.എഫ്.എം.7/1464/04 തി:14.10.2010 | 32 |

| | | |
|---|---|---|
| 2001 -02 | എൽ.എഫ്.എം.7/1465/04 തി:14.10.2010 | 11 |
| 2002 -03 | എൽ.എഫ്.എം.14/1189/07 തി:14.10.2010 | 5 |
| 2003-04 | എൽ.എഫ്.എം.14/1190/07 തി:14.10.2010 | 9 |
| 2004 -05 | എൽ.എഫ്.എം.14/1191/07 തി:14.10.2010 | 9 |
| 2005 -06 | എൽ.എഫ്.എം.16/1267(1)/10 തി:26.10.2010 | 7 |
| 2006 -07 | എൽ.എഫ്.എം.16/1267(2)/10 തി:29.10.2010 | 5 |
| 2007 -08 | എൽ.എഫ്.എം.6/2080/10 തി:20.04.2011 | 9 |
| 2008-09 | എൽ.എഫ്.എം.6/2081/10 തി:20.04.2011 | 15 |
| 2009-10,2010-11 | എൽ.എഫ്.എം.6/380/13 തി:03.07.13 | 18 |
| 2011-12,2012-13 | എൽ.എഫ്.എം.6/1359/14 തി:08.01.15 | 15 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം.6/1949/15 തി:16.02.16 | 17 |
| 2015-16 | കെ.എസ്.എ.എം.പി.എം.25/165/17 തി:31.03.2018 | 9 |

**3)കൊണ്ടോട്ടി നഗരസഭ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2015-16 | കെ.എസ്.എ.എം.പി.എം.25/165/17 തി:18.04.2018 | 16 |
| 2016-17 | കെ.എസ്.എ.എം.പി.എം.25/2360/17 തി:26.04.2018 | 22 |
| 2017-18 | കെ.എസ്.എ.എം.പി.എം.25/2804/18 തി:18.01.2019 | 34 |
| 2018-19 | കെ.എസ്.എ.എം.പി.എം.25/1499/20 തി:21.12.2020 | 19 |
| 2019-20 | കെ.എസ്.എ.എം.പി.എം.25/1797/21 തി:12.01.2021 | 44 |
| 2020-21 | കെ.എസ്.എ.എം.പി.എം.25/1088/22 തി:27.7.2022 | 30 |
| 2021-22 | കെ.എസ്.എ.എം.പി.എം.25/536/23 തി:27.12.2023 | 28 |

സീനിയർഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

എം.എ.2/2024

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number R-1 dated 26-07-2023 and submitted on 29-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Kondotty Municipality as per section 295(4) of Kerala Municipality act 1994, Kerala Municipality (Accounts) rules 2007, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the ULB's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of Local Bodies issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Kondotty Municipality for the year 2022-2023

**Date: 28/02/2024**

**Senior Deputy Director**
**District Office Malappuram**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Kondotty Municipality for the Year 2022-2023 .

**1.Major Observations**

**2.Other Observations**

1)The following mandatory financial statements prescribed in accounting rules are not submitted for audit(eg:- Ratios, Notes onAccounts etc.)

2).Annuel Abstract not entered in the following demand register -License Register, building regularisation register, Entertainment tax,building permit, private hospital and paramedical hospital, ,

3).Advance register not completed

4)Deposit register, Audit recovery register, Advertisemsnt tax Register,Profession Tax Register,ACR for the specific purpose grants included in own fund are not maintained

5)Balance as per some reconciliation statements not match with the balance of bank passbook.

6) Directly debited by bank -further action not taken.

7) .Directly credited by bank -further action not taken.

8)Reconciliation statements,Bank statements,bank book of some accounts are not produced

9)Investment certificate is not produced for physical verification.

10) expenditures of various grants entered in AFS is not matched with ACR.

11)The socialwelfare pension amount(Marriage Assistance) not included in AFS.

12)Some amounts in AFS entered as Fraction

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മുനിസിപ്പാലിറ്റിയുടെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്